## കുട്ടികളുടെ മുത്ത് നബി(സ):2

ബാല സാഹിത്യം

കൊടുവള്ളി അബ്ദുൽ ഖാദിർ

# മുത്ത് നബി (സ)യുടെ മൂത്ത മകൾ

സത്യമാർഗ്ഗം പബ്ലിക്കേഷൻസ്
ശാഹ് ജീലാനി അസോസിയേഷൻ
ജീലാനി ശരീഫ്, കിഴക്കേദേശം.
ആലുവ, എറണാകുളം

**kuttikalude muth nabi(s)-2**
**muth nabiyude mootha makal**

(malayalam)
bala sahithyam
by, **koduvally abdul qadir**
published by:
sathyamargam publicathion
shah jeelani association
kizhakke desham, aluva
typing:
haneef kottappuram
cover&layout:
shah muhyidheen jeelani panamaram
printing:
4prints offset press, manjeri
price:
**Rs: 50**
copy right:
sathyamargam publicathion
shah jeelani association
kizhakke desham, aluva
ernakulam,683102

## മുഖവചനം

കുട്ടികളുടെ മുത്ത് നബി(സ). ആ പരമ്പരയിലെ രണ്ടാമത്തെ പുസ്തകമാണിത്. മുത്ത് നബി(സ)യുടെ മൂത്തമകൾ. പേരിൽ നിന്ന് തന്നെ ഉള്ളടക്കം എന്താണെന്ന് ഊഹിക്കാം. മൂത്ത മകൾ സൈനബ്(റ)യുടെ ജീവിത കഥ. കാലത്തിന്റെ കണ്ണുകളിൽ പൊടിഞ്ഞു നിൽക്കുന്ന കണ്ണുനീർത്തുള്ളി പോലെയാണ് ആ ജീവിത കഥ. പ്രവാചക പുത്രിമാരായ നാല് സഹോദരിമാർ. അവരുടെ കുട്ടിക്കാലം. കുട്ടിക്കാലം കടന്നു പോയ വീട്. പ്രവാചകരുടെ മക്കളുടെ കുട്ടിക്കാല കഥകൾ വായിക്കുമ്പോൾ നമ്മുടെ കുട്ടികൾക്ക് ആ വീട്ടിലെത്തിയത് പോലെ തോന്നും. ആ വീട്ടിൽ വളർന്ന കുട്ടികളോട് എന്തെന്നില്ലാത്ത സ്നേഹം വരും. ആ സ്നേഹമാണ് നമ്മുടെ കുട്ടികളുടെ ഇളം മനസ്സിൽ വളർന്നു വരേണ്ടത്. മൂത്ത മകൾ സൈനബ് (റ). ജീവിതത്തിന്റെ നടപ്പാതയിലൂടെ സഞ്ചരിക്കുമ്പോൾ അവർക്ക് നേരിടേണ്ടി വന്ന പരീക്ഷണങ്ങൾ ! വേദനകൾ! മുപ്പത്തൊന്ന് വർഷത്തെ ആയുസ്സ്. അതിന്നിടയിൽ അനുഭവിച്ചു തീർത്തതെത്ര! തീർച്ചയായും നമ്മുടെ കുട്ടികൾ അതറിയണം. പ്രത്യേകിച്ച് പെൺകുട്ടികൾ. അതറിയുമ്പോൾ അവർ ക്ഷമാശീലരായിത്തീരും. ക്ഷമയാണല്ലോ വലിയ സമ്പത്ത്. കഴിയാവുന്നത്ര കുട്ടികൾക്ക് ഈ പുസ്തകം എത്തിച്ചു കൊടുക്കുണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ഈ പുസ്തകത്തിന്റെ രചനയും, പ്രസാധനവും, വായനവും, പ്രചാരണവുമെല്ലാം സ്വാലിഹായ അമലായി അല്ലാഹു ഖബൂൽ ചെയ്യുമാറാവട്ടെ! ആമീൻ.

*24.10.2014* പ്രസാധകർ

# കുട്ടികളുടെ മുത്ത് നബി(സ):2

*(ബാല സാഹിത്യം)*

# മുത്ത് നബി (സ)യുടെ മൂത്ത മകൾ

*ഉള്ളടക്കം* Page


| | | |
|---|---|---|
| *1.* | *പെൺ കുഞ്ഞ്* | *7* |
| *2.* | *ഹാല* | *12* |
| *3.* | *സ്വർഗ്ഗം നേടുന്ന വനിത* | *20* |
| *4.* | *സത്യ സാക്ഷ്യം* | *28* |
| *5.* | *ശാപം വാങ്ങിയവർ* | *33* |
| *6.* | *നല്ല മരുമകൻ* | *40* |
| *7.* | *കടലിനക്കരെ* | *46* |
| *8.* | *ദുഃഖ വർഷം* | *54* |
| *9.* | *പിറന്ന നാട് വിടുന്നു* | *60* |
| *10.* | *സ്വർണ്ണ മാല* | *65* |
| *11.* | *മദീന* | *77* |
| *12.* | *ഉപ്പായും മകളും* | *81* |
| *13.* | *അഭയം* | *87* |
| *14.* | *വേർപാട്* | *94* |

# 1

# പെൺകുഞ്ഞ്

നബി (സ) തങ്ങളുടെ വിളി കേട്ട് ഇസ്ലാമിലേക്ക് കടന്നു വന്ന ആദ്യത്തെ വ്യക്തിയുടെ പേര് എല്ലാവർക്കുമറിയാം.

ഖദീജ ബീവി (റ)

അതറിയുമ്പോൾ ഏതൊരു സത്യവിശ്വാസിയുടെ ഖൽബും സ്നേഹം കൊണ്ടും ആദരവ് കൊണ്ടും നിറഞ്ഞു പോവും.

നമ്മുടെയൊക്കെ ഉമ്മയാണവർ.

സകല സത്യ വിശ്വാസികളുടേയും ഉമ്മ.

ഉമ്മുൽ മുഅ്മിനീൻ.

ആ പദവിയിലെത്തുന്ന ആദ്യവനിതയും അവർ തന്നെ.

നാം നബി (സ) തങ്ങളെ സ്നേഹിക്കുന്നു. അവരുടെ പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലുന്നു.

സ്വല്ലല്ലാഹു അലൈഹി വസല്ലം.

അല്ലാഹു നബി (സ) തങ്ങളിൽ ഗുണം വർഷിക്കട്ടെ. രക്ഷയും നൽകട്ടെ. മുത്ത് നബിയെ സ്നേഹിക്കുന്ന എല്ലാവരോടും നമുക്കു സ്നേഹമാണ്. മുത്ത് നബിയെ സ്നേഹിച്ചവരിൽ ഏറ്റവും മുമ്പിലുള്ളാതാരാണ്?

ഖദീജ ബീവി (റ) തന്നെ.

പ്രിയപ്പെട്ട കുട്ടികളേ! ഖദീജാ ബീവി (റ)യോടുള്ള സ്നേഹം ഉൾക്കൊള്ളാൻ മാത്രം നിങ്ങളുടെ മനസ്സിന്ന് വിശാലത പോരെന്ന് തോന്നുന്നുണ്ടോ?

അതാണ് മുഅ്മിനീങ്ങളുടെ അവസ്ഥ!

നബി (സ) തങ്ങളെ സ്നേഹിക്കുക.

നബി (സ) തങ്ങളെ സ്നേഹിച്ചവരേയും സ്നേഹിക്കുക. അതാണ് നമ്മുടെ വഴി.

അങ്ങനെയാവുമ്പോൾ നമ്മെ സ്നേഹിക്കാനും ധാരാളം മുഅ്മിനീങ്ങൾ ഉണ്ടാവും.

അവരുടെ ദുആകളുടെ ഫലം നമുക്കും കിട്ടിക്കൊണ്ടിരിക്കും. നാമറിയാതെ വന്നു ചേരുന്ന നന്മകൾ.

സത്യവിശ്വാസികൾ ഒരു കുടുംബമാണ്. പരസ്പരം സ്നേഹിക്കുകയും, സഹകരിക്കുകയും, സഹായിക്കുകയും ചെയ്യുന്ന കുടുംബം. ആ കുടുംബത്തെ അല്ലാഹു സഹായിച്ചുകൊണ്ടിരിക്കും.

ആ മുഅ്മിനീങ്ങളുടെയെല്ലാം ഉമ്മയായ ഖദീജാ ബീവി (റ). അവരുടെ ഭർത്താവ് ലോകാനുഗ്രഹിയായ മുത്ത് മുഹമ്മദ് മുസ്തഫാ (സ) തങ്ങൾ.

എത്ര അനുഗ്രഹീതമായ കുടുംബം.

നബി (സ) തങ്ങളുടെ പ്രകാശം.

ആ പ്രകാശം ആ വീട്ടിലുണ്ട്.

നബി (സ) തങ്ങളുടെ സുഗന്ധവും ആ വീട്ടിലുണ്ട്.

എത്ര അനുഗ്രഹീതമാണ് ആ വീട്ടിലെ അന്തരീക്ഷം.

ആ അന്തരീക്ഷത്തിൽ വളരുന്ന ചില കുട്ടികളെ നാം കണ്ടു.

’കുട്ടികളുടെ മുത്ത നബി’ എന്ന പുസ്തകത്തിൽ.

അലി (ക:വ:), സൈദ് (റ), ഐമൻ (റ).

ഇവരൊയൊക്കെ നാം ചെറിയ രൂപത്തിൽ പരിചയപ്പെട്ടു കഴി

ഞ്ഞു.

നബി (സ) തങ്ങൾക്കു ജനിച്ച പുത്രൻമാർ ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടു പോയി.

ഓരോ മരണവും ഉമ്മ ബാപ്പാമാരെ ദു:ഖത്തിലാഴ്ത്തി. ഖദീജ (റ) ദു:ഖം മനസ്സിലൊതുക്കി. എന്നിട്ടും കണ്ണുകൾ നിറഞ്ഞൊഴുകി.

നബി (സ) സ്വയം നിയന്ത്രിച്ചു.

പുത്രൻമാർക്കു ഉന്നത സ്ഥാനം കല്പിക്കുന്ന കാലം. പുത്രൻമാരെ പ്രസവിച്ച സ്ത്രീകൾക്ക് വലിയ പത്രാസുള്ള കാലം. പുത്രിമാരോട് പ്രിയമില്ലാത്തകാലം.

അക്കാലത്ത് ഖദീജ ബീവി (റ)ക്ക് പുത്രൻമാരെ നഷ്ടപ്പെട്ടു.

അത് കൊണ്ട് നമുക്കു പുത്രന്റെ കഥ പറയാനായില്ല. പുത്രി യുടെ കഥ പറയാം.

ഖദീജ (റ) വീർത്ത വയറുമായി നടക്കുന്നു. അത് കാണു മ്പോൾ വീട്ടിലുള്ളവർക്കെല്ലാം വലിയ സന്തോഷം.

കുടുംബത്തിൽ നടക്കുന്ന ഒരു പ്രധാനസംഭവമാണ് പ്രസവം. വല്ലപ്പോഴെങ്കിലുമാണ് നാട്ടിൽ ഒരു പ്രസവം നടക്കുക.

നാട്ടിൽ ജനസംഖ്യക്കുറവ്. വീടുകൾ കുറവ്. നാട്ടിലുള്ള എല്ലാവരേയും എല്ലാവർക്കുമറിയാം.

പരസ്പരം കാണും. സംസാരിക്കും. എല്ലാ വിശേഷങ്ങളും അറിഞ്ഞു കൊണ്ടിരിക്കും. എല്ലാവരോടും മനസ്സടുപ്പമുള്ളവർ.

ഖദീജ (റ) ഗർഭിണിയാണെന്ന വിവരം മക്കകാർക്കറിയാം. കുലീനവനിതകൾ അവരെ കാണാൻ വന്നു കൊണ്ടിരിക്കുന്നു.

സ്വീകരണം, സൽക്കാരം, സന്തോഷം.

ദിവസങ്ങളങ്ങനെ കടന്നു പോയി.

മക്കക്കാർ ആ സന്തോഷ വാർത്തയറിഞ്ഞു. ഖദീജ (റ) പ്രസ വിച്ചു. പെൺകുഞ്ഞ്.

ഖുറൈശിപ്പെണ്ണുങ്ങളുടെ തള്ളിക്കയറ്റം തന്നെ.

നബി (സ) തങ്ങളുടെ പിതൃപരമ്പര ഖുസ്വയ്യ് എന്ന ഉപ്പാപ്പ

യിൽ എത്തുന്നു. അതിപ്രകാരമാകുന്നു.

1.അബ്ദുല്ല 2. അബ്ദുൽ മുത്തലിബ് 3. ഹാശിം 4. അബ്ദു മനാഫ് 5. ഖുസ്വയ്യ്

ഇതേ ഖുസ്വയ്യിൽ തന്നെയാണ് ഖദീജ (റ)യുടെ പിതൃപരമ്പ രയും എത്തിച്ചേരുന്നത്. അതിപ്രകാരമാകുന്നു.

1.ഖദീജ (റ) പിതാവ് ഖുവൈലിദ്. പിതാവ് അസദ് പിതാവ് അബ്ദുൽ ഉസ്സ. പിതാവ് ഖുസ്വയ്യ്.

ഖുസ്വയ്യിന്റെ പുത്രൻ അബ്ദു മനാഫിന്റെ പരമ്പരയിൽ നബി (സ) വന്നു.

ഖുസ്വയ്യിന്റെ പുത്രൻ അബ്ദുൽ ഉസ്സയുടെ പരമ്പരയിൽ ഖദീജ (റ) വന്നു.

രണ്ട് പേരുടെയും രക്ത ധമനികളിൽ ഒഴുകുന്നത് ഖുറൈശി രക്തം.

ഖദീജ (റ)യുടെ മഹിമ അത് മാത്രമല്ല. മക്കായിൽ സ്വ ത്തുള്ളവർ പലരുണ്ട്. ഏറ്റവുമധികം ധനം ആരുടെ പക്കലാണു ള്ളത്?

ഖദീജ (റ)യുടെ പക്കൽ.

മക്കയിലെ എല്ലാ കച്ചവടക്കാർക്കും കൂടിയുള്ള കച്ചവടച്ച രക്ക് എത്രയുണ്ടെന്ന് മനസ്സിലാക്കുക.

അത്രയും കച്ചവടച്ചരക്ക് ഖദീജ (റ)ക്ക് സ്വന്തമായുണ്ട്. നമ്മുടെ ഉമ്മ അത്രക്ക് ധനികയായിരുന്നു.

അതറിയുമ്പോൾ നമുക്ക് അഭിമാനം തോന്നുന്നു.

ആ സമ്പത്ത് മുഴുവൻ ഇസ്ലാമിന്ന് വേണ്ടി ചെലവഴിച്ചു എന്ന റിയുമ്പോൾ നമുക്ക് ഉമ്മായോടുള്ള സ്നേഹം എത്ര ഇരട്ടിയായി ട്ടാണ് വർദ്ധിക്കുന്നത്.

നമ്മുടെ ഉമ്മായുടെ കാര്യം അതിശയകരം തന്നെ. അങ്ങനെ യുള്ള ഖദീജ (റ)യുടെ പ്രസവമാണ് നടന്നിരിക്കുന്നത്. ഖുറൈശി കുടുംബങ്ങളിലെ വനിതകൾ വെറുതെയിരിക്കുമോ?

സ്നേഹം പങ്കുവെക്കുന്നതിലും സമ്മാനം നൽകുന്നതിലു മൊക്കെ ഖുറൈശി വനിതകൾ പരസ്പരം മത്സരിക്കുകയായിരുന്നു.

പൊന്നുമോളെ ഒരു നോക്ക് കാണണം. അതിന്ന് വേണ്ടി അവർ തിരക്കു കൂട്ടി.

ചിലർക്കൊന്ന് കൈയിലടുക്കണം. ഓമനിക്കണം. സ്നേഹ-വാത്സല്യങ്ങളുടെ പ്രവാഹം. ആഹ്ലാദത്തിന്റെ അലയടികൾ മാത്രം.

ഖദീജ (റ)യുടെ ഖൽബിൽ പ്രാർത്ഥനയാണ്.

ഈ പൊൻകുഞ്ഞിനെനൽകിയ റബ്ബേ.......... നിനക്കാണ് സ്തുതി.......... ഈ കുഞ്ഞിന്ന് ദീർഘായുസ്സ് നൽകേണമേ...........!

ആളൊഴിഞ്ഞ നേരത്ത് ഭർത്താവ് മുറിയിലേക്ക് കടന്നു വരുന്നു. തെളിഞ്ഞ മുഖം. മനോഹരമായ ചുണ്ടുകളിൽ മന്ദസ്മിതം. ഉപ്പ മോൾക്ക് പേര് വെച്ചു. സൈനബ്.

പൊന്നു മോളെ നോക്കിനിൽക്കുന്ന ഉപ്പ.

ഉപ്പായുടെ മുഖത്തെ സന്തോഷഭാവം.

അത് കണ്ട് രോമാഞ്ചമണിഞ്ഞ ഭാര്യ.

പ്രിയ ഭർത്താവിന്റെ സന്തോഷമാണ് തന്റെ സന്തോഷം. ആ സംതൃപ്തിയാണ് തന്റെ സംതൃപ്തി.

ആ തൃപ്തിക്കു വേണ്ടിയാണ് താൻ ജീവിക്കുന്നത്. തനിക്കുള്ളതെല്ലാം തന്റെ ഭർത്താവിനുള്ളതാണ്. പിന്നെയും പെണ്ണുങ്ങളുടെ ആഗമനം.

നബി (സ) മുറിവിട്ടു പോവുന്നു. തികഞ്ഞ സന്തോഷത്തോടെ നടന്നു പോവുന്നു. ഖദീജ (റ) ആ പോക്ക് നോക്കിക്കിടന്നു.

നവജാത ശിശുവിന്റെ അഴകിനെക്കുറിച്ചാണ് പെണ്ണുങ്ങൾ പറയുന്നത്. ആ വാക്കുകൾ ഉമ്മായുടെ മനസ്സിന്റെ അടിത്തട്ടിലേക്കിറങ്ങിപ്പോയി. വല്ലാതെ കുളിരണിയിക്കുന്ന വാക്കുകൾ.

# 2

# ഹാല

ഖദീജ (റ)യുടെ സഹോദരിയാണ് ഹാല.

ഹാല സുന്ദരിയും ബുദ്ധിമതിയുമാണ്. കുടുംബത്തിന്റെ ഓമനയായ പെൺകുട്ടി.

സഹോദരിമാർ തമ്മിൽ എന്തൊരു പൊരുത്തം!

എന്തൊരു സ്നേഹം.

ഗോത്രത്തിന്റെ അഭിമാനഭാജനമാണ് റബീഅ. സുമുഖനും ആരോഗ്യവാനുമായ ചെറുപ്പക്കാരൻ. ഏത് പൊതുകാര്യത്തിനും മുൻപന്തിയിലുണ്ടാവും.

കച്ചവടത്തിലും കന്നുകാലി വളർത്തലിലും തല്പരൻ. റബീഇൽ അറബ് യൗവ്വനം തുടിച്ചു നിൽക്കുന്നു. ഇതാണ് വിവാഹ പ്രായം.

മാതാപിതാക്കൾ റബീഇന്റെ വിവാഹക്കാര്യമാണ് സംസാരിക്കുന്നത്. പറ്റിയ ഇണയെക്കിട്ടണം.

ഒടുവിൽ ഇണയെ കണ്ടെത്തി. ഖുവൈലിദിന്റെ ഓമനമകൾ ഹാല.

അഴകുള്ള ഹാലയെ എല്ലാവർക്കും ഇഷ്ടപ്പെട്ടു. വിവാഹം

ഉറപ്പിച്ചു. വിവാഹത്തിന്ന് ദിവസം നിശ്ചയിച്ചു.

ബന്ധുക്കളെയും അയൽക്കാരെയും നാട്ടുകാരെയും വിവാഹത്തിന്ന് ക്ഷണിച്ചു.

നിശ്ചിത ദിവസം പുലർന്നു. കല്ല്യാണത്തിന്റെ തിരക്കുപിടിച്ച ദിവസം.

പുത്തനുടുപ്പുകൾ ധരിച്ച്, സുഗന്ധം പൂശി, ഒരുങ്ങിയിറങ്ങിയപ്പോൾ റബീഇനെ കാണാൻ എന്തൊരു ചന്തം!

പുതിയാപ്പിളയുടെ ചുറ്റും ആൾക്കൂട്ടം.

ആഹ്ലാദം അലയടിച്ചുയരുന്ന അന്തരീക്ഷം.

പുതിയാപ്പിളയും കൂട്ടരും ഇറങ്ങി. എങ്ങും പരിമളം. കലർപ്പില്ലാ സുഗന്ധം.

ആ സംഘം നീങ്ങിപ്പോവുകയാണ്. വധൂ ഗൃഹത്തിലേക്ക്.

ഹാലയുടെ വീടും പരിസരവും അണിഞ്ഞൊരുങ്ങി നിൽക്കുകയാണ്. വരനെ ഹൃദ്യമായി സ്വീകരിക്കാൻ.

വിശാലമായ പന്തൽ. നിരത്തിയിട്ട ഇരിപ്പിടങ്ങൾ. സുഗന്ധം പരന്ന അന്തരീക്ഷം. മുന്തിയ തരം പാനീയങ്ങൾ തയ്യാറാക്കി വെച്ചിട്ടുണ്ട്.

പുതിയാപ്പിളയും കൂട്ടരും എത്തിച്ചേർന്നു.

സ്വീകരണത്തിന്റെ ബദ്ധപ്പാടുകൾ.

ഖുറൈശി നേതാക്കൾ നിർദ്ദേശങ്ങൾ നൽകുന്നു.

എല്ലാവരേയും സ്വീകരിച്ചിരുത്തി.

അന്നത്തെ ആചാരപ്രകാരം വിവാഹ കർമ്മങ്ങൾ ആരംഭിച്ചു. അന്തരീക്ഷം ഭക്തി നിർഭരമായി.

കർമ്മങ്ങൾ അവസാനിക്കുന്നു. വിഭവ സമൃദ്ധമായ സദ്യ. ഒന്നിനും ഒരു കുറവുമില്ല.

ഗോത്ര കുലീനതക്കൊത്ത വിധം കാര്യങ്ങൾ നടന്നു.

നവദമ്പതികൾ. റബീഉം ഹാലയും.

എല്ലാവരും അനുഗ്രഹ വചനങ്ങൾ ചൊരിഞ്ഞു. ആഹ്ലാദം

നിറഞ്ഞ ദിനരാത്രങ്ങൾ. ബന്ധു വീടുകളിൽ നവ ദമ്പതികൾ വിരുന്നിനു പോയി.

ഖദീജ (റ)യുടെ വീട്ടിലും വിരുന്നിനെത്തി.

നബി (സ) വിവാഹം ചെയ്യുന്നതിന്ന് മുമ്പ് ഖദീജ (റ) രണ്ട് തവണ വിവാഹിതയായിട്ടുണ്ട്.

ആദ്യ ഭർത്താവിനോടൊപ്പം ജീവിക്കുന്ന കാലം. ഖദീജ (റ) ഒരു പെൺകുഞ്ഞിനെപ്രസവിച്ചു. ആ കുഞ്ഞിന് തന്റെ സഹോദരിയുടെ പേര് തന്നെ നൽകി. ഹാല.

ഖദീജ (റ) ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ആ കുഞ്ഞിന് ഹിന്ദ് എന്ന് പേരിട്ടു.

ആദ്യ ഭർത്താവ് മരണപ്പെട്ടു. പിന്നൊരു വിവാഹം നടന്നു. ഏറെക്കഴിയും മുമ്പെ ഖദീജ (റ) വിധവയായി.

വർഷങ്ങളോളം വിധവയായിത്തന്നെ ജീവിച്ചു. പല വിവാഹാന്വേഷണങ്ങൾ വന്നു. ഒന്നും സ്വീകരിച്ചില്ല.

അക്കാലത്ത് ഖദീജ (റ)ക്ക് ആശ്വാസം നൽകാൻ സഹോദരി ഹാലയും ഭർത്താവ് റബീഉം കൂടെക്കൂടെ വീട്ടിൽ വരുമായിരുന്നു. നാളുകൾ നീങ്ങും തോറും അവർക്കിടയിലെ സഹോദര്യ ബന്ധം സുദൃഢമായി വരികയായിരുന്നു.

ഖദീജ (റ) ഒരിക്കൽ കൂടി വിവാഹിതയാവാൻ പോവുന്നു എന്ന വാർത്തയറിഞ്ഞപ്പോൾ ഹാലക്കുണ്ടായ സന്തോഷം!

റബീഅ്- ഹാല ദമ്പതികൾക്ക് സന്താനങ്ങളുണ്ടായി. അതിൽ ഒരു മകൻ ചരിത്ര പ്രസിദ്ധനായിത്തീർന്നു.

ചരിത്രത്തിൽ ഈ മകൻ അറിയപ്പെടുന്ന പേര് അബുൽ ആസ് എന്നാകുന്നു.

ഹാല പൊന്നു മോനെയും എടുത്തു കൊണ്ടാണ് സഹോദരിയുടെ വീട്ടിലെത്തുക. ഖദീജ (റ) സഹോദരിയിൽ നിന്ന് മകനെ വാങ്ങും. മടിയിലിരുത്തി ലാളിക്കും.

മോന് മറ്റൊരു ഉമ്മയായി മാറി ഖദീജ (റ).

അവരുടെ ഓരോ ഒത്തു ചേരലും ആഹ്ലാദകരമായിരുന്നു. മോനെ കാണണമെന്ന് തോന്നുമ്പോൾ ഖദീജ (റ) സഹോദരിയുടെ വീട്ടിലേക്കു ചെല്ലും.

അങ്ങനെഎത്രയെത്ര കണ്ടുമുട്ടലുകൾ.

കാലം കടന്നു പോയി. മോൻ തുള്ളിച്ചാടി നടക്കുന്ന പ്രായം. പ്രസരിപ്പുള്ള ബാലൻ.

അക്കാലത്താണ് ഖദീജ (റ) പ്രസവിക്കുന്നത്.

അഴകേറിയ പെൺകുഞ്ഞിനെ.

ഹാലയുടെ സന്തോഷം പറയാനുണ്ടോ!?

പ്രസവിച്ചുക്കിടക്കുന്ന ഉമ്മയെയും കുഞ്ഞിനെയും കാണാൻ കുലീനവനിതകൾ ധാരാളമായി വന്നു കൊണ്ടിരിക്കുന്നു.

അവരെ സ്വീകരിക്കാനും സൽക്കരിക്കാനും ഹാല തയ്യാറായി നിൽപ്പുണ്ട്.

നബി (സ) തങ്ങൾ പൊന്നു മോളെ പേര് ചൊല്ലി വിളിച്ചു.

സൈനബ്.

പേര് എല്ലാവർക്കും ഇഷ്ടമായി. പെണ്ണുങ്ങൾ പേര് ചൊല്ലി വിളിക്കാൻ തുടങ്ങി.

നബി (സ) തങ്ങളുടെ ഉപ്പയുടെ പേര് അബ്ദുല്ല.

അബ്ദുല്ല എന്നവരുടെ സഹോദരൻ അബൂത്വാലിബ്.

അബൂത്വാലിബിന്റെ ഭാര്യ ഫാത്വിമ.

ഖദീജ (റ)ക്കും ഹാലാക്കും ഫാത്വിമയെ വളരെ ഇഷ്ടമാണ്. നബി(സ) തങ്ങളെ കുട്ടിക്കാലം മുതൽ പോറ്റി വളർത്തിയത് ഈ ഫാത്വിമയാണ്.

എന്റെ ഉമ്മാക്കു ശേഷം എനിക്ക് കിട്ടിയ ഉമ്മ'

നബി (സ) ഫാത്വിമയെ വിശേഷിപ്പിച്ചത് അങ്ങനെയാകുന്നു. അവർ ഉമ്മായും മകനുമായിത്തന്നെ കഴിഞ്ഞു കൂടി.

വിവാഹ ശേഷം നബി (സ) ഖദീജ (റ)യോടൊപ്പം താമസം തുടങ്ങി. അപ്പോഴും ഫാത്വിമ ഓടിയെത്തും. മകനെക്കാണാൻ.

മകന്റെ ഭാര്യയാണ് ഖദീജ (റ). ആ നിലക്ക് ഖദീജയോട് എന്തൊരു സ്നേഹമായിരിക്കും. ഖദീജ (റ), ഫാത്വിമ, ഹാല......... ഇവരൊക്കെ സ്നേഹത്തിന്റെ സാഗരത്തിൽ ജീവിച്ചവരാണ്. പിന്നെയും കുറെ വനിതകൾ ഇവരുടെ കൂട്ടത്തിലുണ്ട്. ഖുറൈശിപ്പെൺകൊടിമാർ.

ഖദീജ (റ)യും ഫാത്വിമയും ഒരേ കാലത്ത് തന്നെയാണ് ഗർഭിണികളായത്. സ്നേഹിതർക്ക് സംസാരിക്കാൻ അങ്ങനെയും ഉണ്ടായി ഒരു വിശേഷം.

ഫാത്വിമ ആൺകുഞ്ഞിനെപ്രസവിച്ചു.

ഖദീജ (റ) പെൺ കുഞ്ഞിനെപ്രസവിച്ചു.

ഫാത്വിമ പ്രസവിച്ച ആൺകുഞ്ഞാണ് പിൽക്കാലത്ത് ചരിത്രത്തെ കിടിലം കൊള്ളിച്ച അലിയ്യുബ്നു അബീ ത്വാലിബ് (റ).

പുസ്തകം വായിക്കുന്ന പ്രിയപ്പെട്ട കൂട്ടുകാരെ.........!

നിങ്ങളിപ്പോൾ എന്താണ് ചിന്തിക്കുന്നത്?

അലി എന്ന കുട്ടിയെക്കുറിച്ചല്ലേ!

'കുട്ടികളുടെ മുത്ത് നബി' എന്ന പുസ്തകത്തിലേക്ക് നിങ്ങളുടെ മനസ്സ് പറന്നു പോയില്ലേ?

ആ പുസ്തകത്തിലെ ഒന്നാം അധ്യായത്തിന്റെ പേര് 'ഒരു കുട്ടിയുടെ കഥ' എന്നായിരുന്നുവല്ലോ.

ആ കുട്ടിയുടെ കഥ മനസ്സിൽ തന്നെ വേണം.

ഫാത്വിമ മോനെ നന്നായി വളർത്തി.

ഖദീജ (റ) മോളെയും ലാളിച്ചു വളർത്തി.

ഫാത്വിമയുടെ വീട്ടിൽ ദാരിദ്ര്യവും പ്രയാസങ്ങളും വന്നു. ഖദീജയുടെ വീട്ടിൽ ഐശ്വര്യം നിറഞ്ഞു നിന്നു.

ഫാത്വിമയുടെ വീട്ടിലെ അവസ്ഥ നബി (സ) തങ്ങളെ വല്ലാതെ ദു:ഖിതനാക്കി.

കുഞ്ഞുങ്ങൾ പിറന്ന് ആറ് വർഷങ്ങൾ കടന്നു പോയിരിക്കുന്നു. അപ്പോഴാണ് മക്കയിൽ ദാരിദ്ര്യവും പട്ടിണിയും വന്നത്. എല്ലാ

വരും നന്നേ വിഷമിച്ചു പോയി.

ഒരു ദിവസം നബി (സ) തങ്ങൾ ഖദീജ (റ) യോട് ചോദിച്ചു: അലി എന്ന കുട്ടിയെ നമ്മുടെ വീട്ടിൽ കൊണ്ടു വന്നു നിർത്തി വളർത്തണമെന്നാണ് എന്റെ ആഗ്രഹം. നിങ്ങൾക്ക് സമ്മത മാണോ'?

അങ്ങയുടെ ആഗ്രഹം എന്താണോ അത് തന്നെയാണ് എന്റെയും ആഗ്രഹം' അലിയെ നമുക്കു വളർത്താം. അബൂത്വാലി ബിനും ഫാത്വിമാക്കും അതൊരു സഹായമാവും'.

ഭാര്യയുടെ സന്തോഷം നിറഞ്ഞ മറുപടി.

നബി (സ) തങ്ങളുടെ മനസ്സ് കുളിരണിഞ്ഞ് പോയി. അലി വരുന്നു എന്നറിഞ്ഞപ്പോൾ സൈനബിനെന്തൊരു സന്തോഷം!

സൈനബ് എന്ന പൊന്നു മോൾ.

വേണ്ടുവോളം സ്നേഹവും വാത്സല്യവും നൽകിയാണ് മോളെ വളർത്തുന്നത്. മോളുടെ ചിരിയും കളിയും വീട്ടിലുള്ളവരെ യെല്ലാം സന്തോഷിപ്പിക്കുന്നു.

അടിമച്ചന്തയിൽ നിന്ന് വിലക്കു വാങ്ങിയ അടിമക്കുട്ടി.

സൈദ് എന്ന മിടുക്കൻ.

മൂത്ത സഹോദരനെപ്പോലെയാണ് സൈദിനെ പൊന്നു മോൾ കാണുന്നത്.

കുട്ടിക്കളികളിൽ പങ്ക് ചേരും.

എന്ത് സഹായം വേണമെങ്കിലും സൈദിനോട് പറഞ്ഞാൽ മതി.

ഉപ്പാക്കും ഉമ്മാക്കും സൈദ് മകനെപ്പോലെയാണ്. എന്തൊരു സ്നേഹം.

അപ്പോൾ പിന്നെ തനിക്ക് സഹോദരൻ തന്നെ. സ്നേഹി ക്കാൻ മാത്രമറിയുന്ന സഹോദരൻ. ഇക്കാക്ക.

ഇക്കാക്കയുടെ ജീവിത കഥ കേട്ട് പൊന്നു മോൾ അമ്പരന്നു പോയി. കൊള്ളക്കാർ പിടിച്ചു കൊണ്ട് പോയ കഥ. ഇളം മനസ്സിൽ

സങ്കടം വന്നു. കണ്ണുകൾ നിറഞ്ഞു പോയി.

കൊള്ളക്കാർ പിടിച്ചു കൊണ്ട് പോയത് കാരണമല്ലേ തനിക്ക് ഇക്കാക്കയെ കിട്ടിയത്.

അല്ലായിരുന്നെങ്കിൽ തനിക്ക് ഈ ഇക്കാക്കയെ കാണാൻ കഴിയുമായിരുന്നോ!?

അങ്ങനെയൊക്കെ ചിന്തിച്ചപ്പോൾ മോളുടെ മനസ്സിൽ ഇക്കാക്കയോടുള്ള സ്നേഹം വർദ്ധിച്ചു.

വീട്ടിൽ വരുന്ന വിരുന്നുകാരൊക്കെ മോളോട് കിന്നാരം പറയും. ഉമ്മായുടെ സഹോദരി ഹാല വരുമ്പോൾ അവരുടെ മോനും കൂടെ കാണും. സ്നേഹമുള്ള മറ്റൊരു ഇക്കാക്ക.

നല്ല കുസൃതി കാണിക്കുന്ന ഇക്കാക്ക.

അബൂത്വാലിബ് എന്ന ഉപ്പാപ്പ. ഉമ്മായോടൊപ്പം അവരുടെ വീട്ടിൽ പോയിട്ടുണ്ട്.

ഫാത്വിമ ഉമ്മാമക്ക് എന്തൊരു സ്നേഹമാണ്.

അവരുടെ കൊച്ചുമോനാണ് അലി.

സ്നേഹമുള്ള കുട്ടിയാണ്. എന്തെല്ലാം വർത്തമാനങ്ങളാണ് പറയുക. തന്റെ സമപ്രായക്കാരൻ.

പട്ടിണിപ്പാവങ്ങളും അടിമകളും ഉമ്മായെ കാണാൻ വരും. അവർക്കൊക്കെ ഉമ്മ ആഹാരം നൽകും. വസ്ത്രങ്ങൾ നൽകും.

സ്നേഹത്തിന്റെ വലിയ കടൽ തന്നെയാണ് ഉമ്മ. എല്ലാവർക്കും അവർ ഉമ്മ തന്നെയാണ്.

നബി (സ) തങ്ങൾക്ക് മുപ്പത് വയസ്സ് തികഞ്ഞ് നിൽക്കുമ്പോഴാണ് മൂത്തമകൾ സൈനബിന്റെ ജനനം.

നബി (സ) തങ്ങൾ വളരെയേറെ സന്തോഷവാനായി കാണപ്പെട്ടു. പൊന്നു മോളെ എടുക്കാനും ലാളിക്കാനും വലിയ താല്പര്യമായിരുന്നു.

അതീവ സുന്ദരിയായിരുന്നു സൈനബ്.

സ്വഭാവം അത് പോലെ സുന്ദരമായിരുന്നു.

മാതാപിതാക്കളുടെ സ്വഭാവ ഗുണങ്ങൾ പകർത്തിയെടുക്കുകയായിരുന്നു ഈ പ്രിയ പുത്രി.

സൈനബിന്ന് മൂന്നു വയസ്സായപ്പോൾ ഖദീജ (റ) വീണ്ടും ഗർഭിണിയായി. അതും ഗോത്രത്തിലെ വനിതകൾക്ക് സവിശേഷ വാർത്തയായി. നബി (സ) തങ്ങൾക്കും സന്തോഷം തന്നെ.

മാസങ്ങൾ കടന്നു പോയി. ഖദീജ (റ) പ്രസവിച്ചു. പെൺകുഞ്ഞ്, മൂന്നു വയസ്സായ സൈനബിന്ന് പറഞ്ഞറിയിക്കാനാവാത്ത സന്തോഷം. കുഞ്ഞ് മോളെ കണ്ടിട്ട് മതി വരുന്നില്ല.

മോൾക്ക് പേരിട്ടു. റുഖിയ്യ.

റുഖിയ്യ മോൾ ജനിക്കുമ്പോൾ നബി (സ) തങ്ങൾക്കു മുപ്പത്തി മൂന്ന് വയസ്സ് പ്രായം.

മൂന്നു വർഷങ്ങൾ കൂടി കടന്നു പോയി. റുഖിയ്യ മോൾക്ക് മൂന്നു വയസ്സായി. വീട്ടിലാകെ ഓടിക്കളിക്കും.

ആറ് വയസ്സുള്ള സൈനബ് ഇത്താത്ത പിന്നാലെ ഓടും.

മോൾ എവിടെയെങ്കിലും തട്ടി വീണാലോ? റുഖിയ്യാ മോൾ വീഴുന്നതും വേദനിക്കുന്നതും കരയുന്നതുമൊന്നും സൈനബ് ഇത്താത്തക്ക് സഹിക്കാൻ വയ്യ.

അനിയത്തി എപ്പോഴും ചിരിച്ചും സന്തോഷിച്ചും ഇരിക്കണം. അത് കാണാനാണ് താല്പര്യം.

ഉപ്പയെ കാണാൻ പലരും വരും. അവർ പല കാര്യങ്ങൾ സംസാരിക്കും. ചിലപ്പോഴൊക്കെ മോൾ ആ സംഭാഷണം ശ്രദ്ധിക്കും. പലതും മനസ്സിലാക്കും.

ഉമ്മായെ കാണാൻ വരുന്ന കുലീനസ്ത്രീകളും തമ്മിലുള്ള സംഭാഷണങ്ങൾ മോൾ ശ്രദ്ധിക്കും. പലതും പഠിക്കും.

അങ്ങനെ സൈനബ് മോളുടെ മനസ്സും ബുദ്ധിയും വികസിച്ചു. പഠിക്കാനുള്ള മോഹം വളർന്നു.

# 3

# സ്വർഗം നേടുന്ന വനിത

ഗോത്രത്തിലെ പൗര പ്രമുഖനായ ഖുവൈലിദിന്റെ രണ്ട് പുത്രിമാരാണ് ഖദീജ (റ)യും ഹാലയും.

നബി(സ) തങ്ങളും ഖദീജ (റ)യും മക്കയിൽ സന്തോഷകരമായ ദാമ്പത്യ ജീവിതം നയിച്ചു വരുന്നു.

നബി(സ) തങ്ങൾക്ക് മുപ്പത് വയസ്സായപ്പോൾ മൂത്ത മകൾ സൈനബ് ജനിച്ചു. ഏറ്റവും അനുഗ്രഹീതരായ മാതാപിതാക്കളുടെ കൺമണിയായി ഓമന മകൾ വളർന്നു വന്നു.

നബി(സ) തങ്ങൾക്ക് മുപ്പത്തി മൂന്നു വയസ്സായപ്പോൾ രണ്ടാമത്തെ മകൾ റുഖിയ്യ പിറന്നു. മനോഹരമായ പൂവിന്റെ സൗന്ദര്യമുള്ള പെൺകുട്ടി.

നബി(സ) തങ്ങൾ മുപ്പത്തിഎട്ടാം വയസ്സിലെത്തി. മൂത്ത മോൾക്ക് എട്ട് വയസ്സു പ്രായം.

റുഖിയ്യാ മോൾക്ക് അഞ്ച് വയസ്സായി.

അപ്പോൾ ഖദീജ(റ)ഒരു പെൺകുഞ്ഞിനെപ്രസവിച്ചു. ഉമ്മുകുൽസും. അനുഗ്രഹങ്ങളുടെ വിളനിലമായി വന്ന മൂന്നാമത്തെ മകൾ. സൽഗുണ സമ്പന്നയും സുന്ദരിയുമായി വളർന്നു വന്ന ഉമ്മു

കുൽസൂം. മോൾക്ക് ഒരു വയസ്സ് കഴിഞ്ഞു.

ഖദീജ (റ) ഒരിക്കൽ കൂടി ഗർഭിണിയായി. നാലാമത്തെ മകളെ ഗർഭം ധരിച്ചു.

അനുഗ്രഹത്തിന്റെ നിറകുടമായി ഒരു കുഞ്ഞ് ജനിക്കാൻ പോവുന്നു. സ്വർഗ്ഗത്തിലെ സ്ത്രീകളുടെ നേതാവായിത്തീരാൻ പോവുന്ന കുഞ്ഞ്.

നബി (സ) തങ്ങൾക്ക് പ്രായം മുപ്പത്തി ഒമ്പത് വയസ്സ്. അപ്പോൾ ഖദീജ (റ) പ്രസവിച്ചു.

നബി (സ) തങ്ങളോട് ഏറ്റവും കൂടുതൽ രൂപ സാദൃശ്യമുള്ള പെൺകുഞ്ഞ് പിറന്നു.

ഫാത്വിമ.

പ്രിയപ്പെട്ട കൂട്ടുകാരെ! നബി (സ) തങ്ങളുടെ നാല് പെൺമക്കളുടെയും പേര് പറഞ്ഞു നോക്കൂ! എല്ലാവരുടെയും പേരിന്റെ കൂടെ 'റളിയല്ലാഹു അൻഹാ' പറയണം.

അല്ലാഹു അവരെ തൃപ്തിപ്പെടട്ടെ എന്ന പ്രാർത്ഥനാ വചനമാണത്.

1. സൈനബ്(റ)
2. റുഖിയ്യ (റ)
3. ഉമ്മു കുൽസൂം (റ)
4. ഫാത്വിമ (റ)

എല്ലാവരും പെൺകുട്ടികൾ. ഖദീജ (റ) രണ്ട് പുത്രമാരെയും പ്രസവിച്ചിരുന്നു.

1.ഖാസിം(റ) 2. അബ്ദുല്ല(റ)

രണ്ട് പേരും ശൈശവത്തിൽ മരണപ്പെട്ടു. ഖദീജ (റ)യുടെ സഹോദരി ഹാലയെ വിവാഹം ചെയ്തത് പ്രമുഖനായ കച്ചവടക്കാരൻ റബീഅ് ആയിരുന്നു.

ഇവരുടെ മക്കളിൽ മൂന്നു പുത്രൻമാർ ചരിത്ര പ്രസിദ്ധരായി

ത്തീർന്നു. 1. അബുൽ ആസ് 2. അംറ് 3. കിനാന.

മൂന്നു പേരും നല്ല ആരോഗ്യവാൻമാർ. മരുഭൂമിയിലെ പരുക്കൻ ജീവിതത്തിന്ന് പറ്റിയ ശരീര പ്രകൃതി.

ചെറുപ്പത്തിൽ തന്നെ ഒട്ടകപ്പുറത്ത് സഞ്ചരിക്കാൻ പഠിച്ചു. പിന്നീട് കുതിര സവാരിയും പഠിച്ചു.

നല്ല അഭ്യാസികളായിട്ടാണ് വളർന്നു വന്നത്.

അന്ന് പ്രചാരത്തിലുള്ള ആയുധങ്ങൾ നന്നായി പ്രയോഗിക്കാൻ പഠിച്ചു. മികച്ച പ്രകടനം നടത്തി.

ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിൽ പങ്കെടുത്തു ധീരത തെളിയിച്ചിട്ടുണ്ട്.

ധാരാളം കാലികളെ വളർത്തിയിരുന്നു. അതാണ് അക്കാലത്തെ മികച്ച സമ്പത്ത്.

കച്ചവടം തൊഴിലായി സ്വീകരിച്ചു. ചരക്കുകളുമായി മറ്റു രാജ്യങ്ങളിലേക്ക് സഞ്ചരിക്കും. ചരക്കുകൾ മാർക്കറ്റുകളിൽ വിറ്റഴിക്കും. നല്ല ലാഭം നേടും.

മൂത്ത പുത്രനാണ് മികച്ച കച്ചവടക്കാരൻ. മിക്കപ്പോഴും യാത്രയിലായിരിക്കും. യാത്ര കഴിഞ്ഞു വന്നാൽ ബന്ധുക്കളെയൊക്കെ കാണാൻ പോവും. യാത്രാ വിശേഷങ്ങൾ പറയും.

ഹാലയും മക്കളും ഇടക്കിടെ നബി (സ) തങ്ങളെയും കുടുംബത്തെയും സന്ദർശിക്കാൻ വരും.

നബി (സ) തങ്ങൾ അവരെ സന്തോഷ പൂർവ്വം സ്വീകരിക്കും ഹാലയുടെ സ്വരം കേട്ടാൽ മതി ആളെ തിരിച്ചറിയും.

ഹാല വന്നോ? എന്ന് ചോദിക്കും.

ഖദീജ (റ)യുടെ മക്കളും ഹാലയുടെ മക്കളും.

പരിശുദ്ധമായ രക്ത ബന്ധയമുള്ളവർ.

നിഷ്കളങ്കമായ സ്നേഹ ബന്ധമുള്ളവർ.

അവർ ഒന്നിച്ചു ചേരുമ്പോൾ വർത്തമാനങ്ങൾ പറയും. തമാ

ശകൾ പറയും. ചിരിക്കും. സന്തോഷ വേളയാണത്.

ഹാലയുടെ മനസ്സിനുള്ളിൽ ഒരാഗ്രഹമുണ്ട്.

സൈനബിനെ തനിക്കു കിട്ടണം. മരുമകളായിട്ട് കിട്ടണം. അടക്കാനാവാത്ത ആഗ്രഹം വന്നു പോയി.

പൊന്നു മോൾക്ക് പത്ത് വയസ്സ് പോലും ആയിട്ടില്ല. അതിനെന്താ? നിക്കാഹ് നടത്തി വെക്കാമല്ലോ? തന്റെ മകന് ചേർന്ന കുട്ടിയാണിത്.

സഹോദരിമാർ തമ്മിൽ സംസാരിച്ചു. വിവാഹ കാര്യം. ഖദീജ (റ) വിവരം നബി (സ) തങ്ങളോട് പറഞ്ഞു.

അബുൽ ആസ് നല്ല കുട്ടിയാണ്. സൽഗുണ സമ്പന്നൻ.

സൈനബിനെനന്നായി സംരക്ഷിക്കും.

നബി (സ) പുഞ്ചിരി തൂകി. ഖദീജ (റ)യുടെ മുഖത്ത് സന്തോഷം പടർന്നു. ഹാലാക്ക് ആശ്വാസമായി.

മനസ്സിലെ ആഗ്രഹം വളരെ പണിപ്പെട്ടാണ് പറഞ്ഞു വെച്ചത്. പറഞ്ഞു കഴിഞ്ഞപ്പോൾ ഭാരം ഇറക്കി വെച്ച ആശ്വാസം. ഇപ്പോൾ മനസ്സ് നിറയെ സന്തോഷം.

പിറന്നു വീണ നാൾ മുതൽ കാണുന്ന കുഞ്ഞാണിത്.

ഈ പൊന്നു മോളാണ് എനിക്ക് കിട്ടാവുന്ന ഏറ്റവും അനുഗ്രഹീതയായ മരുമകൾ.

ഹാലയുടെ മനസ്സ് കുളിരണിഞ്ഞു പോയി.

നബി (സ) തങ്ങൾ മകളെ വിളിച്ചു. വിവാഹത്തിന്ന് സമ്മതമാണോ എന്ന് ചോദിച്ചു.

ചോദ്യം കേട്ട് നാണിച്ചു പോയി. എന്താണ് മറുപടി പറയുക. ഒന്നും അറിഞ്ഞു കൂടാ.

മൗനം. ഒന്നും മിണ്ടാതെ നിന്നു.

മൗനം സമ്മതം.

ഉമ്മാക്കും ഉപ്പാക്കും സമ്മതമാണെങ്കിൽ എനിക്കും................

മനസ്സിൽ പറഞ്ഞു.

വിവരം കുട്ടികളറിഞ്ഞു. ഇളം മനസ്സുകളിൽ ആഹ്ലാദം നിറഞ്ഞു.

സമപ്രായക്കാരനായ അലി. പിന്നെ സൈദ് ഇക്കാക്ക. മറ്റൊരു കുസൃതിക്കാരൻ കൂടി അവിടെയുണ്ട്. ഐമൻ.

കൂട്ടുകാർക്ക് ഐമൻ എന്ന കുട്ടിയെ ഓർമയുണ്ടല്ലോ. അല്ലേ?

ബറക.

നിഗ്രോ പെൺകുട്ടി. അടിമ കുട്ടി.

നബി (സ) തങ്ങൾക്ക് ആറ് വയസ്സുള്ളപ്പോൾ ഉമ്മയോടൊപ്പം മദീനയിൽ പോയിട്ടുണ്ട്. അന്ന് മദീനയുടെ പേര് യസ്രിബ് എന്നായിരുന്നു.

ഉമ്മായും മകനും ബറക എന്നു പെൺകുട്ടിയും ഒന്നിച്ചാണ് മദീനയിൽ പോയത്.

മദീനയിൽ ബന്ധുക്കളുടെ വീട്ടിൽ താമസിച്ചു. ഉപ്പ അബ്ദുല്ല എന്നവരുടെ ഖബർ സിയാറത്ത് ചെയ്തു. ഒരു മാസകാലം അവിടെ കഴിഞ്ഞു. പിന്നെ തിരിച്ചു യാത്രയായി.

അബവാഅ് എന്ന സ്ഥലത്തെത്തി.

ഉമ്മ രോഗം ബാധിച്ചു കിടപ്പായി.

പൊന്നു മോനെ ബറകയെ ഏൽപിച്ചു. ഉമ്മ വഫാത്തായി. ബറക പൊന്നു മോന്റെ കൂടെ ജീവിച്ചു. സംരക്ഷിച്ചു. ബറകയെ മോൻ ഉമ്മയെപ്പോലെ കരുതി. സ്നേഹിച്ചു. ആദരിച്ചു.

കാലമങ്ങനെനീങ്ങിപ്പോയി. മോന് വയസ്സ് ഇരുപത്തഞ്ച്.

മോന് വിവാഹാലോചന വന്നപ്പോൾ ബറകക്ക് എന്തെന്നില്ലാത്ത ആശ്വാസം. സന്തോഷം.

ഇനി മോന്റെ കാര്യം നോക്കാൻ ഒരാളായല്ലോ. വിവാഹത്തിന്റെ തിരക്കു തുടങ്ങി. ബറകയും തിരക്കിലായി.

വിവാഹം നടന്നു. നബി (സ) തങ്ങൾ ബറകക്ക് നൽകിയ

സമ്മാനം എന്താണെന്ന് കേൾക്കണോ?

അടിമത്വത്തിൽ നിന്ന് വിമോചനം.

നബി (സ) തങ്ങളുടെ പിതാവ് അബ്ദുല്ല എന്നവരുടെ അടിമയായിരുന്നു സഅലബത്ത്ബ്നു അംറ്.

സഅലബത്തിന്റെ മകളാണ് ബറക.

ബറക ഇപ്പോൾ അടിമയല്ല. സ്വതന്ത്ര സ്ത്രീയാണ്. സ്വതന്ത്ര സ്ത്രീയെ വിവാഹം ചെയ്യാൻ ഒരാൾ വന്നു.

പേര് ഉബൈദുബ്നു സൈദ്.

നബി (സ) തങ്ങൾ തന്നെയാണ് ഈ വിവാഹത്തിന്ന് മുൻകൈ എടുത്തത്. സന്തോഷകരമായി ചടങ്ങുകൾ നടന്നു. ബറക ഉബൈദിന്റെ ഭാര്യയായി.

ഏറെക്കാലം കഴിഞ്ഞില്ല. ബറക ഗർഭിണിയായി.

നബി (സ) തങ്ങൾക്കും ഖദീജ (റ)ക്കും മറ്റുള്ളവർക്കുമെല്ലാം അതറിഞ്ഞപ്പോൾ വലിയ സന്തോഷമായി.

ബറക പ്രസവിച്ചു. ആൺ കുഞ്ഞ്. കുഞ്ഞിന്ന് പേരിട്ടു. ഐമൻ.

ഐമൻ വളർന്നു വന്നു. നബി (സ) തങ്ങളോടൊപ്പം തന്നെയാണ് ജീവിതം.

ബറകക്ക് വിളിപ്പേര് കിട്ടി. ഉമ്മു ഐമൻ. ഉമ്മുഐമനും പുത്രനും നബി (സ) തങ്ങളെ വിട്ടു പോയില്ല.

നബി (സ) തങ്ങൾക്ക് നാല്പത് വയസ്സായി.

ഏറ്റവും ഇളയ മകൾ ഫാത്വിമ ശിശുവാണ്. ഹിറാ ഗുഹയിലേക്ക് പോവുന്ന പിതാവ് മോളെ എടുത്ത് ഓമനിക്കും. മറ്റുള്ളവർ നോക്കി നിൽക്കും.

നുബുവ്വത്ത് കിട്ടി. പ്രവാചകനായി. ഹിറായിൽ നിന്ന് ഓടിയെത്തി. വലിയ അസ്വസ്ഥതയോടെ.

ഇസ്ലാം മതത്തിലേക്ക് ആളുകളെ ക്ഷണിക്കാൻ കല്പന

കിട്ടി. ക്ഷണിച്ചു.

ആദ്യം വിശ്വസിച്ചത് ഖദീജ (റ).

അന്ന് ആ വീട്ടിൽ വളരുന്ന അലി എന്ന പത്ത് വയസ്സുകാരൻ വിശ്വസിച്ചു. അന്നവിടെയുള്ള സേവകൻ സൈദ് വിശ്വസിച്ചു. പൂർണ്ണമായ പേര് സൈദ്ബ്നു ഹാരിസ്.

പ്രവാചകരുടെ കൂട്ടുകാരനായ അബൂബക്കർ (റ) വിശ്വസിച്ചു. ഉമ്മു ഐമന്ന് നല്ല വിശ്വാസാമുണ്ട്.

പക്ഷെ, വിശ്വാസം പ്രകടിപ്പിക്കാൻ തടസ്സം. എന്താണ് തടസ്സം? ഭർത്താവ്.

ഭർത്താവിന്ന് വിശ്വാസമില്ല. ഭാര്യക്ക് ദൃഢവിശ്വാസം. ഭർത്താവിനെ ഉപേക്ഷിക്കാതെ വിശ്വസിക്കാനാവില്ല.

ഭർത്താവിനെ ഉപേക്ഷിച്ചാൽ തന്നെയും മോനെയും ആര് സംരക്ഷിക്കും?

അല്ലാഹു.

അല്ലാഹുവും അവന്റെ റസൂലും മതി. ഭർത്താവ് വേണ്ട. ഉമ്മു ഐമൻ ഉറച്ച തീരുമാനമെടുത്തു.

ഉമ്മുഐമൻ ഇങ്ങനെപ്രഖ്യാപിച്ചു.

ഞാനെന്റെ ഭർത്താവിനെ ഉപേക്ഷിച്ചു.

ആരാധനക്കർഹനായ ഇലാഹ് അല്ലാഹു മാത്രമാണെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാനിതാ സാക്ഷ്യം വഹിച്ചു കൊള്ളുന്നു.

കേട്ടവരെല്ലാം വികാരഭരിതരായിപ്പോയി.

കുട്ടിപ്രായം കഴിഞ്ഞ് യൗവ്വനത്തിലെത്തി നിൽക്കുകയാണ് സൈദുബ്നു ഹാരിസ് (റ).

സ്വഹാബികളുടെ എണ്ണം വർദ്ധിച്ചു വന്നു.

ഒരിക്കൽ നബി (സ) തങ്ങൾ ഇങ്ങനെ ആഹ്വാനം ചെയ്തു.

നിങ്ങളിൽ ആർക്കെങ്കിലും സ്വർഗ്ഗാവകാശിയായ ഒരു വനി

തയെ വിവാഹം ചെയ്യാൻ ആഗ്രഹമുണ്ടോ!? എങ്കിൽ ഉമ്മുഐമനെ വിവാഹം ചെയ്യുക!

സൈദ്ബ്നു ഹാരിസിന്റെ ഈമാൻ തുടിച്ചു. സ്വർഗ്ഗവകാശിയായ ഭാര്യ. അതിനെക്കാൾ വലിയൊരു സൗഭാഗ്യമുണ്ടോ?

അല്ലാഹുവിന്റെ റസൂലേ...............!

എനിക്കവരെ വിവാഹം ചെയ്തു തരൂ.

എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു പോയി.

അങ്ങനെആ വിവാഹം നടന്നു.

അനുഗ്രഹീതരായ ദമ്പതികൾ.

നബി (സ) തങ്ങളുടെ തൃപ്തിയും സന്തോഷവും നേടിയ ദമ്പതികൾ. അവർ മാതൃതകാ ദമ്പതികളായി ജീവിച്ചു. ഇസ്ലാമിക ചരിത്രത്തിലെ ഉജ്ജ്വല താരങ്ങൾ.

അവർക്കൊരു പുത്രൻ ജനിച്ചു. ഉസാമ. കുട്ടികൾക്ക് പുതിയ കൂട്ടുകാരൻ.

വർഷങ്ങൾ കടന്ന് പോയി. ഉസാമ(റ) ദൃഢ വിശ്വാസിയായി. പിൽക്കാലത്ത് നബി (സ) തങ്ങളുടെ ധീരനായ പടനായിത്തീർന്നു.

മൂത്തത്ത് യുദ്ധത്തിന്റെ പടനായകനായിരുന്നു ഉസാമയുടെ പിതാവ് സൈദ്ബ്നു ഹാരിസ് (റ). ആ യുദ്ധത്തിൽ മഹാൻ ശഹീദായി.

ഉമ്മുഐമൻ വീണ്ടും വിധവയായി.

പ്രിയ പുത്രൻ ഐമൻ ശഹീദായത് ഹുനൈൻ യുദ്ധത്തിലാണ്.

ഉമ്മുഐമനും ഉസാമയും ഒന്നിച്ചു കഴിഞ്ഞു.

നബി (സ) വഫാത്താവുന്നതിന്റെ തൊട്ട് മുമ്പ് ഒരു വൻ സൈന്യത്തെ സജ്ജീകരിച്ചു. അതിന്റെ നായകൻ ധീരനായ ഉസാമ (റ) ആയിരുന്നു. അന്ന് ഉസാമ (റ)വിന്റെ പ്രായം ഇരുപത് വയസ്സ്.

# 4

# സത്യ സാക്ഷ്യം

നബി (സ) തങ്ങളുടെ മൂത്തമകൾ സൈനബ് (റ)യുടെ വിവാഹത്തെക്കുറിച്ചാണ് നാം പറഞ്ഞു വന്നത്.

അതിന്നിടയിലാണ് ഉമ്മുഐമനും കുടുംബവും കടന്നു വന്നത്.

ഖദീജ (റ)ക്ക് ഒരു പതിവുണ്ട്. സന്തോഷ വേളകളിൽ പാവപ്പെട്ടവരെ ഓർക്കും. അവർക്ക് ആഹാരം നൽകും.

നബി (സ) തങ്ങളുമായി നടന്ന വിവാഹവേളയിൽ പാവങ്ങൾക്കു വേണ്ടി വലിയ സൽക്കാരമാണ് നടത്തിയത്. അനേകം ആടുകളും ഒട്ടകങ്ങളും അറുത്ത് സദ്യയുണ്ടാക്കി.

പലർക്കും പണം കൊടുത്തു സഹായിച്ചു. വളരെപ്പേർക്ക് വസ്ത്രങ്ങൾ നൽകി.

വിവാഹത്തിന്ന് വന്നവരുടെ കൂട്ടത്തിൽ ഹലീമാ ബീവിയും ഉണ്ടായിരുന്നു.

നബി (സ) തങ്ങൾക്ക് ശൈശവ കാലത്ത് മുലപ്പാൽ കൊടുത്തു വളർത്തിയ മഹതി. ഗ്രാമത്തിൽ നിന്നു വന്ന ആ പോറ്റുമ്മ അന്നവിടെ താമസിച്ചു. അടുത്ത ദിവസം പോകുമ്പോൾ ഖദീജ (റ) കൊടുത്ത പാരിതോഷികം എന്താണെന്നറിയണ്ടേ.

നാല്പത് ആടുകൾ.

ഖദീജ (റ) യുടെ മഹ്റ് ഇരുപത് ഒട്ടകമായിരുന്നു. മൂത്തമകളുടെ വിവാഹ സുദിനത്തിലും പാവങ്ങളുടെ കാര്യം തന്നെയാണ് പരിഗണിച്ചത്.

വേണ്ടപ്പെട്ടവരെയെല്ലാം ക്ഷണിച്ചു വരുത്തി.

മഹനീയ സദസ്സിൽ വെച്ച് കർമ്മങ്ങൾ നടന്നു.

നുബുവ്വത്ത് കിട്ടുന്നതിന്റെ മുമ്പായിരുന്നു വിവാഹം.

സൈനബ് (റ) അബുൽആസിന്റെ ഭാര്യായിത്തീർന്നു.

ഇത്താത്തയുടെ കല്യാണ വിശേഷങ്ങളെല്ലാം റുഖിയ്യാ മോൾക്ക് നല്ല ഓർമ്മയുണ്ട്.

ഉമ്മു കുൽസൂമും ഫാതിമയും തീരെ ചെറുപ്പമാണ്. ശൈശവ ദശയിൽ തന്നെ.

ഇത്താത്തയെ അണിയിച്ചൊരുക്കാൻ പെണ്ണുങ്ങൾ വന്നു. പുതു വസ്ത്രങ്ങൾ ധരിച്ച്, ആഭരണങ്ങളിഞ്ഞപ്പോൾ ഇത്താത്തയങ്ങനെ വെട്ടിത്തിളങ്ങുകയായിരുന്നു.

ഖദീജ (റ)യുടെ മാറിൽ സവിശേഷമായൊരു സ്വർണ്ണമാലയുണ്ട്. എന്തൊരു ചന്തം!

നബി(സ) ആ മാല വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. ഖദീജ (റ)ക്ക് അതൊരലങ്കാരം തന്നെയായിരുന്നു.

ഖദീജ (റ) ആ മാല ഊരിയെടുത്തു. പൊന്നു മോളുടെ കഴുത്തിൽ അണിയിച്ചു.

എത്രയോ പെണ്ണുങ്ങൾ അതിന്ന് സാക്ഷിയായി. പിന്നീട് മോളുടെ കഴുത്തിൽ ആ മാല കാണുമ്പോൾ പെണ്ണുങ്ങൾ ഉമ്മായെ ഓർക്കുമായിരുന്നു.

മോൾ മാല അണിയുമ്പോഴെല്ലാം ഉമ്മായെ ഓർക്കും ഹാലയും സൈനബും.

അവരുടേതായ ലോകം.

സ്നേഹ- വാത്സല്യങ്ങൾ നിറഞ്ഞ ലോകം.

സ്നേഹ സമ്പന്നനായ അബുൽ ആസ്.

മികച്ച കച്ചവടക്കാരൻ. കച്ചവട ചരക്കുകൾ ശേഖരിക്കാൻ പല നാടുകളിൽ പോവും. ശേഖരിച്ച സാധനങ്ങൾ വില്പന നടത്താൻ ലോക മാർക്കറ്റുകളിൽ പോലും.

കുറച്ചു ദിവസം ഭാര്യാഭർത്താക്കൻമാർ ഒന്നിച്ചു ജീവിക്കും.

ആ ദിവസങ്ങളിൽ മനസ്സ് നിറയെ സന്തോഷമായിരിക്കും. അതിന്നിടയിൽ യാത്രയുടെ ദിവസമെത്തും. ഭർത്താവ് സൈനബ് (റ)യോട് യാത്ര ചോദിക്കും.

പിന്നെ വേർപാടിന്റെ വേദനനിറഞ്ഞ ദിവസങ്ങളായിരിക്കും. മരുമകളുടെ മനോവിഷമം ഹാല നന്നായി മനസ്സിലാക്കും.കൂടുതൽ സ്നേഹം പ്രകടിപ്പിക്കും.

ഉമ്മായെയും ഉപ്പയെയും കാണാൻ വേണ്ടി വീട്ടിലേക്കു പോവും. അവിടെയെത്തിയാൽ കുട്ടികളുടെ കൂട്ടത്തിൽ കൂടും. പിന്നെ കുട്ടികളുടെ ബഹളമായി. ആഹ്ലാദമായി.

ഒരിക്കൽ കച്ചവടത്തിന്നു വേണ്ടി അബുൽ ആസ് പുറം നാട്ടിലേക്കു പോയി. വീട്ടിലെ വിശേഷങ്ങളറിയാൻ ചെന്നതാണ് സൈനബ് (റ).

വീട്ടിൽ നല്ല വിശേഷം തന്നെ.

ഉപ്പായെ അല്ലാഹു പ്രവാചകനായി നിയോഗിച്ചിരിക്കുന്നു. ഹിറാ ഗുഹയിൽ വെച്ച് ദിവ്യ വചനങ്ങൾ ലഭിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ വഴിയിലേക്ക് ആളുകളെ ക്ഷണിക്കാൻ ഉപ്പാക്ക് കല്പന കിട്ടിയിരിക്കുന്നു.

ഉമ്മ ആ ക്ഷണം സ്വീകരിച്ചു കഴിഞ്ഞു.

അലിയും സ്വീകരിച്ചുകഴിഞ്ഞു. സൈദ്, അബൂബക്കർ സിദ്ദീഖ് തുടങ്ങി പലരും ക്ഷണം സ്വീകരിച്ചിരിക്കുന്നു.

ഉപ്പായും മകളും തമ്മിൽ സംസാരിച്ചു.

ഉപ്പ പറഞ്ഞതത്രയും സത്യമാണ്. മോൾക്ക് നല്ല വിശ്വാസമാണ്. ഇസ്ലാം മതം സ്വീകരിക്കണം.

ഭർത്താവ് നാട്ടിൽ ഇല്ലല്ലോ ? പിന്നെന്ത് ചെയ്യും? ഭർത്താവ് വരുന്നത് വരെ കാത്തിരിക്കാം. വന്ന ശേഷം വിശ്വസിക്കാം. അതല്ലേ നല്ലത്.

ഉടനെ ചിന്തമാറി. അല്ലാഹുവിന്റെ കല്പന സ്വീകരിക്കാൻ കാല താമസം വരുത്തിക്കൂട.

ഭർത്താവ് വരുന്നത് വരെ കാത്തിരിക്കാൻ പ്രയാസം. ഭർത്താവ് വരുമ്പോൾ വിവരം പറയാം. അദ്ദേഹത്തോട് ഇസ്ലാം മതം സ്വീകരിക്കാനും പറയാം.

സൈനബ് (റ) ഉറച്ച തീരുമാനമെടുത്തു.

സത്യ വചനം ചൊല്ലി.

അല്ലാഹു അല്ലാതെ ഒരു ഇലാഹ് ഇല്ലെന്നും.

മുഹമ്മദ് അവന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിച്ചു കൊള്ളുന്നു.

സൈനബ് (റ) ഇസ്ലാം മതം സ്വീകരിച്ചു കഴിഞ്ഞു.

പുതിയൊരുണർവ്വ് വന്നിരിക്കുന്നു.

മനസ്സിൽ പുതിയ പ്രകാശം പരന്നിരിക്കുന്നു.

ഉപ്പായുടെ വാക്കുകൾ കേൾക്കാൻ ആഗ്രഹം വർദ്ധിച്ചു.

ഭർത്താവൊന്ന് വേഗത്തിൽ വന്നെങ്കിൽ....!

സംഗതികളെല്ലാം പറയാമായിരുന്നു. ഇസ്ലാം മതം സ്വീകരിക്കാൻ നിർബന്ധിക്കാമായിരുന്നു.

കാത്തിരിപ്പിന്റെ രാവുകളും പകലുകളും.

ഇപ്പോൾ ഏത് നാട്ടിലാണാവോ സഞ്ചാരം?

അറിയാൻ ഒരു വഴിയുമില്ല. വരുമ്പോൾ കാണാം. വരുന്ന അന്ന് തന്നെ ഉപ്പായുടെ അടുത്ത് കൊണ്ട് പോവണം. ഇസ്‌ലാം മതം സ്വീകരിക്കാൻ വൈകിക്കൂടാ.

സൈനബ് (റ)യും ഹാലയും തമ്മിൽ സംഭാഷണം. ഉപ്പായുടെ വിശേഷങ്ങൾ തന്നെയാണ് വിഷയം.

കാത്തിരിപ്പിന്നൊടുവിൽ അബുൽ ആസ് എത്തി.

ഭാര്യ ആഹ്ലാദപൂർവ്വം സ്വീകരിച്ചു. പതിവിൽ കൂടുതൽ പരിഗണനയോടെ പെരുമാറി. ആഹാരം വിളമ്പി. യാത്രാ ക്ഷീണം അടങ്ങിയപ്പോൾ വിശേഷം പറഞ്ഞു.

ഉപ്പായെ അല്ലാഹു പ്രവാചകനായി നിയോഗിച്ചിരിക്കുന്നു. അന്ത്യ പ്രവാചകനാണ്. ഹിറാ ഗുഹയിൽ വെച്ച് ദിവ്യവചനങ്ങൾ ഇറങ്ങി. ജിബ്രീൽ (അ) എന്ന മലക്ക് വന്നു. അല്ലാഹുവിന്റെ ദീനിലേക്ക് ആളുകളെ ക്ഷണിക്കാൻ കല്പന വന്നു. ഉപ്പ ക്ഷണിക്കുന്നു. പലരും സ്വീകരിക്കുന്നു. എന്നെ ക്ഷണിച്ചു. ഞാൻ സ്വീകരിച്ചു.

സൈനബ് (റ) വിശേഷങ്ങൾ തുടർന്നു പറഞ്ഞു കൊണ്ടിരുന്നു. ഭർത്താവിന്റെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. പ്രതീക്ഷിച്ച സന്തോഷം കാണാനില്ല. വല്ലാത്തൊരു ചിന്താഭാവം. എന്ത് പറ്റി?

'നിങ്ങളും ഇസ്ലാം മതം സ്വീകരിക്കണം. ഉപ്പായുടെ അടുത്തു പോയി സത്യസാക്ഷ്യ വചനം ചൊല്ലണം'.

അബുൽ ആസ് പറഞ്ഞിതിങ്ങനെയായിരുന്നു.

’നിന്റെ ഉപ്പായെ എനിക്ക് നന്നായറിയാം. സത്യം മാത്രമേ പറയുകയുള്ളു. ഒരു കളവും പറയില്ല.

ഉപ്പ പ്രവാചകനാണെന്ന് പറഞ്ഞപ്പോൾ നീ വിശ്വസിച്ചു. ഇസ്ലാം മതം സ്വീകരിച്ചു. ഞാൻ നിന്നെ കുറ്റപ്പെടുത്തുന്നില്ല.

എനിക്ക് ഇസ്ലാം മതം സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഖുറൈശികൾക്കിടയിൽ ഉന്നത സ്ഥാനമുള്ള വ്യക്തിയാണ് ഞാൻ. അവർ ഇഷ്ടപ്പെടാത്ത ഒരു കാര്യം ഞാൻ ചെയ്യില്ല.

സൈനബ് (റ) അമ്പരപ്പോടെ ഭർത്താവിനെനോക്കി. മനസ്സിലെ പ്രതീക്ഷയുടെ തിളക്കം മങ്ങി. നിരാശ വന്നു.

പ്രിയപ്പെട്ട ഭർത്താവ്. മനസ്സറിഞ്ഞ് സ്നേഹിച്ചു പോയി. മരണം വരെ സ്നേഹത്തിന്റെ ശക്തികുറയില്ല.

ഖുറൈശികൾ ബിംബാരധകരാണ്.

ബഹു ദൈവ വിശ്വാസികൾ, ശിർക്കിന്റെ ആളുകൾ. ശിർക്ക് തെറ്റാണ്. ഏക ദൈവ വിശ്വാസമാണ് വേണ്ടത്. തൗഹീദ്. അതിനെക്കുറിച്ചാണ് ഉപ്പ സംസാരിച്ചത്.

ഭാര്യ തൗഹീദിൽ ഉറച്ചു നിൽക്കുന്നു.

ഭർത്താവ് ശിർക്കിൽ നിൽക്കുന്നു.

ഇതെങ്ങനെ പൊരുത്തപ്പെടും? സൈനബ് (റ) വല്ലാത്ത ചിന്താക്കുഴപ്പത്തിലായി.

ഭർത്താവിന്ന് തന്നോടുള്ള സ്നേഹത്തിൽ ഒരു കുറവുമില്ല. തനിക്കങ്ങോട്ടും അങ്ങനെ തന്നെ.

ആദർശ പരമായ ഭിന്നത. അതും ശക്തമാണ്. വരുന്നത് വരട്ടെ. താൻ അല്ലാഹുവിന്റെ ദീനിൽ ഉറച്ചു നിൽക്കും.

# 5

# ശാപം വാങ്ങിയവർ

നബി (സ) തങ്ങളുടെ പിതാവ് അബ്ദുല്ല.

അബ്ദുല്ലയുടെ സഹോദരൻ അബൂലഹബ്

മറ്റൊരു സഹോദരൻ അബൂത്വാലിബ്.

അബൂലഹബിന്റെ പുത്രൻമാരാണ് ഉത്ബ, ഉതൈബ എന്നിവർ.

ഈ പുത്രൻമാരെക്കൊണ്ട് പ്രവാചക പുത്രിമാരായ റുഖിയ്യ ഉമ്മു കുൽസൂം എന്നിവരെ വിവാഹം കഴിപ്പിക്കുക.

ഈ ചിന്തയുമായി നടക്കുകയാണ് അബൂത്വാലിബ്.

വീട്ടിൽ ഓടിച്ചാടി നടക്കുന്ന പ്രായക്കാരാണ്. അവർക്കാണ് വിവാഹാലോചന. അക്കാലത്ത് ഇതൊക്കെ മക്കയിൽ പതിയാണ്.

നബി (സ) തങ്ങൾക്ക് നുബുവ്വത്ത് കിട്ടുന്നതിന്ന് മുമ്പാണ് സംഭവം നടക്കുന്നത്.

ഒരു ദിവസം അബൂത്വാലിബ് വീട്ടിൽ വന്നു. വിവാഹക്കാര്യം സംസാരിക്കാൻ.

നബി (സ) തങ്ങളും ഖദീജ (റ)യും സന്തോഷപൂർവ്വം സ്വീകരിച്ചിരുത്തി.

അബൂത്വാലിബ് വിഷയം അവതരിപ്പിച്ചു.

ഉത്ബയും ഉതൈബയും നല്ല കുട്ടികളാണ്. അവർ റുഖിയ്യാ

യെയും ഉമ്മു കുൽസൂമിനെയും വിവാഹം കഴിക്കട്ടെ. കുടുംബ ബന്ധം ശക്തമാക്കാൻ അത് നല്ലതാണ്.

നബി (സ) തങ്ങളും ഖദീജ (റ) യും എതിർപ്പൊന്നും പറഞ്ഞില്ല. ബന്ധുക്കളാണ്. പരിചയമുണ്ട്. സ്വഭാവഗുണങ്ങളുള്ള ചെറുപ്പക്കാരാണ്.

അബൂത്വാലിബ് സന്തോഷത്തോടെ ഇറങ്ങിപ്പോയി. പിന്നീട് അബൂലഹബുമായി സംസാരിച്ചു.

അങ്ങനെ വിവാഹം ഉറപ്പിച്ചു. നിക്കാഹിന്ന് ദിവസം നിശ്ചയിച്ചു. ബന്ധുക്കളെയൊക്കെ ക്ഷണിച്ചു.

നിശ്ചിത ദിവസം എല്ലാവരും ഒത്തു കൂടി. വിവാഹ കർമ്മങ്ങൾ മംഗളമായി നടന്നു. സൽക്കാരത്തിൽ ധാരളം പേർ പങ്കെടുത്തു.

റുഖിയ്യ സുന്ദരിയും ബുദ്ധിമതിയും സൽഗുണ സമ്പന്നയുമായിരുന്നു. ഖുറൈശി പ്രമുഖമാർക്കെല്ലാം വളരെ ഇഷ്ടമായിരുന്നു.

എന്റെ പുത്രന്ന് റുഖിയ്യയെ വിവാഹം ചെയ്തു തരണം! ഓരോ പ്രമുഖനും ഈ ആവശ്യം ഉന്നയിച്ചിരുന്നു. അവർക്കൊന്നും വാക്ക് കൊടുക്കാൻ അബൂത്വാലീബ് സന്ദർഭം നൽകിയില്ല.

അബൂലഹബിന്റെ പുത്രൻ ഉത്ബക്കാണ് ആ സൗഭാഗ്യം സിദ്ധിച്ചത്.

ചെറിയ പ്രായത്തിൽ തന്നെ പെൺകുട്ടികളെ നിക്കാഹ് കഴിച്ചു വെക്കുക അക്കാലത്തെ സമ്പ്രദായമായിരുന്നു.

റുഖിയ്യ എട്ട് വയസ്സുള്ള കുട്ടിയാണ്. നിക്കാഹ് നടത്തി വെച്ചു.

ഉമ്മു കുൽസൂം ശൈശവ ദശയിലാണ്. വിവാഹം നടത്തി വെച്ചു എന്നേയുള്ളു.

ആ വർഷം തന്നെ നബി (സ) തങ്ങൾക്ക്, ഹിറാ ഗുഹയിൽ വെച്ച് ദിവ്യ വചനങ്ങൾ ഇറങ്ങി.

തുടർന്ന് ഇസ്ലാം മത പ്രബോധനം തുടങ്ങി.

അതോടെ അബൂലഹബിന്റെ മട്ടു മാറി. ഇസ്ലാമിന്റെ വലിയ ശത്രുവായിത്തീർന്നു.

അബൂലഹബിന്റെ ഭാര്യയാണ് ഉമ്മു ജമീൽ. ആ സ്ത്രീയും ഇസ്ലാമിന്റെ ശത്രു തന്നെ.

ഇരുവരും നബി (സ) യെ ചീത്ത വിളിച്ചു. പല തരത്തിൽ ഉപ

ദ്രവിച്ചുകൊണ്ടിരുന്നു.

നബി (സ) നടന്നു പോവുന്ന വഴികളിൽ ഉമ്മു ജമീൽ മലിന വസ്തുക്കൾ കൊണ്ടിടും. മുള്ള് വിതറും.

നബി (സ) തങ്ങൾ ആരോടെങ്കിലും സംസാരിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ അബൂലഹബ് അവിടെ ഓടിയെത്തും. എന്നിട്ട് ഉറക്കെ വിളിച്ചു പറയും.

ഇവൻ പറയുന്നതൊന്നും വിശ്വസിക്കരുത്. എല്ലാം കളവാണ്. കള്ളാനാണ്'

ആളുകളുടെ മുമ്പിൽ വെച്ച് നബി (സ) തങ്ങളെ പരിഹസിക്കുക പതിവായി.

അടുത്ത ബന്ധുക്കളെ ഇസ്ലാമിലേക്കു ക്ഷണിക്കുക'

അല്ലാഹുവിൽ നിന്ന് കല്പന വന്നു.

എല്ലാ ബന്ധുക്കളേയും മലഞ്ചരിവിൽ വിളിച്ചു കൂട്ടി അവരെ സത്യമതത്തിലേക്ക് ക്ഷണിച്ചു.

സഫാമലയിലാണ് നബി (സ) നിൽക്കുന്നത്. അവിടെ നിന്ന് കൊണ്ടാണ് സംസാരിച്ചത്.

ഞാൻ അല്ലാഹുവിന്റെ റസൂലാകുന്നു. അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് നിങ്ങൾക്കു മുന്നറിയിപ്പ് നൽകാൻ നിയോഗിക്കപ്പെട്ട പ്രവാചകനാണ്".

അബൂലഹബ് ചാടിയെണീറ്റ് വിളിച്ചു ചോദിച്ചു.

തബാലക സാഇരിൽ അയ്യാം.

അലി ഹാദാ ജമ്മഅ്തനാ

എല്ലാ നാളിലും നിനക്ക് നാശം

ഇതിനാണോ നീ ഞങ്ങളെ ഒരുമിച്ചു കൂട്ടിയത്?

ഈ സംഭവം നടക്കുമ്പോൾ വീട്ടിലെ അവസ്ഥയെന്താണെന്ന് നമുക്കു ഊഹിക്കാവുന്നതാണ്.

വീട്ടിൽ കുറെ കുട്ടികളുണ്ട്. സ്ത്രീകളുണ്ട്.അവരുടെ മാനസികാവസ്ഥയെന്ത്?

കുട്ടികളുടെ കളിതമാശകൾ നിറഞ്ഞ അന്തരീക്ഷം പെട്ടന്ന് മാറുകയാണ്.

സൈനബ് (റ)ക്ക് ഭർത്താവിന്റെ വീട്ടിൽ അടങ്ങി നിൽക്കാൻ കഴിയുന്നില്ല. പ്രിയപ്പെട്ട ഭർത്താവും ബന്ധുക്കളും ഇസ്ലാമിന്റെ

എതിർപേരിയിലാണ്. അവരിൽ നിന്ന് ആശ്വാസ വചനങ്ങൾ വരികയില്ല.

ഇടക്കിടെ ഉമ്മായുടെ അടുക്കൽ ഓടിയെത്തും.

വിവാഹം കഴിഞ്ഞ അനുജത്തിമാർ

ഇത്താത്തയെ കാണുന്നത് അവർക്കാശ്വാസമാണ്.

അബൂലഹബിന്റെ വീട് തൊട്ടടുത്ത് തന്നെയാണ്.

അയൽക്കാരാണ്. അവിടെയുള്ളവരോടെല്ലാം പ്രവാചക പുത്രിമാർക്ക് നിഷ്കളങ്കമായ സ്നേഹമാണ്.

റുഖിയ്യായും ഉമ്മുകുൽസുവും അവിടെ പോവും. ചില ദിവസങ്ങളിൽ താമസിക്കും. സൈനബും ഇടക്കിടെ പോവും. സനേഹ-വാത്സല്യങ്ങൾ അവിടെ നിറഞ്ഞു നിൽക്കകയായിരുന്നു.

നുബുവ്വത്ത് കിട്ടി. പ്രവാചകൻ രംഗത്തിറങ്ങി.

അബൂലഹബും ഉമ്മു ജമീലും ഉഗ്ര ശത്രുക്കളായി മാറി. ഉമ്മു ജമീൽ റുഖിയ്യയെയും ഉമ്മു കുൽസുവിനെയും ചീത്ത വിളിച്ചു. മാനസിക പീഡനങ്ങളേൽപ്പിച്ചു. ഇത് വരെ ആരും അവരെ മുഖം കറുപ്പിച്ചു നോക്കിയിട്ടില്ല. അവരോട് പരുഷമായി സംസാരിച്ചിട്ടില്ല.

ഇപ്പോൾ ഇതാ അവരുടെ മനസ്സ് വേദനിക്കുന്നു. കണ്ണു നിറയുന്നു. അവരുടെ സങ്കടം മാതാപിതാക്കൾ അറിയുന്നു.

മക്കളെ ആശ്വസിപ്പിക്കുന്നു.

സർവ്വശക്തനായ അല്ലാഹു എല്ലാം കാണുന്നുണ്ട്. അറിയുന്നുണ്ട്. അവനറിയാതെ ഇവിടെ ഒന്നും ചലിക്കില്ല.

ക്ഷമിക്കുക. ക്ഷമ മുറുകെപ്പിടിക്കുക. ക്ഷമാശീലർക്കാണ് വിജയം. സത്യ വിശ്വാസികൾ ക്ഷമയിലൂടെ ശക്തി ആർജിക്കണം.

ഉമ്മായും ഉപ്പായും ഉപദേശിക്കുന്നു.

അല്ലാഹുവാണ് സൃഷ്ടാവ്. എല്ലാവരേയും സൃഷ്ടിച്ചവനാണ്. അവന്റെ കല്പനകൾ പാലിക്കണം. അവന്റെ തൃപ്തി നേടണം.

ഉമ്മായും ഇത്താത്തയും ഇസ്ലാം മതം സ്വീകരിച്ചു കഴിഞ്ഞു.

റുഖിയ്യായും വിശ്വസിച്ചു.

ഉമ്മുകുൽസൂം വളർന്നു വരുന്നതേയുള്ളൂ.

തീരെ ചെറുപ്പത്തിൽ തന്നെ ഇസ്ലാം മതം സ്വീകരിച്ചു.

കൊച്ചു മകൾ ഫാത്വിമ.

ഒരു വയസ്സ് കഴിഞ്ഞതേയുള്ളു. മോളെ താലോലിക്കുക. എടുത്തു കൊണ്ട് നടക്കുക. മുത്തം കൊടുക്കുക. മൂന്ന് ഇത്താത്ത മാർക്കും അതിലാണ് സന്തോഷം.

ഉമ്മായും നാല് പെൺമക്കളും

അവരുടേതായ ഒരു ലോകം.

അല്ലാഹുവിൽ അടിയുറച്ച് വിശ്വസിക്കുന്നു.

എതിരാളികൾ വളരെ ശക്തരാണ്. ഒരു നാട് മുഴുവൻ എതിർക്കും. പിടിച്ചു നിൽക്കാൻ നന്നായി പ്രയാസപ്പെടേണ്ടിവരും. അല്ലാഹുവേ.......... പിടിച്ചു നിൽക്കാൻ ശക്തി നൽകേണമേ......

ഉമ്മായടെ പ്രാർത്ഥന മക്കൾ കേൾക്കുന്നു. മനസ്സ് വിങ്ങുന്നു.

അല്ലാഹുവേ......... ഞങ്ങളുടെ പ്രിയപ്പെട്ട ഉപ്പ............. കാത്തു കൊള്ളേണമേ......!

ഉപ്പ അനുഭവിക്കുന്ന പ്രയാസങ്ങൾ. മക്കൾ അതറിയുന്നു. അവരുടെ ഇളം മനസ്സിലും വല്ലാത്ത വേദന.

അലി, സൈദ്, ഐമൻ......... ഇവരെല്ലാം വേദനയിൽ പങ്ക് ചേരുന്നു. ഓരോ ദിവസവും അവരുടെ മനസ്സുകളിൽ ഈമാൻ ശക്തി പ്രാപിച്ചു വരുകയാണ്.

സഫായിലെ സംഭവം. അതേത്തുടർന്നുണ്ടായ ഉൽക്കണ്ഠ. ബന്ധുകളാരും തുണച്ചില്ല. ഒന്നും പറയാതെ പലരും പിരിഞ്ഞു പോയി. അബൂലഹബ് ശാപവാക്കുകൾ വിളിച്ചു പറഞ്ഞു.

ജിബ്രീൽ (അ) വന്നു. ദിവ്യ വചനങ്ങൾ അവതരിച്ചു. തബ്ബത്ത്യദാ അബീലഹബിൻ വതബ്ബ്.

അബൂലഹബിന്റെ രണ്ട് കരങ്ങളും നശിക്കട്ടെ.

അവൻ നശിക്കുക തന്നെ ചെയ്തു.

അബൂലഹബ് നബി (സ) തങ്ങളെ ശപിച്ചു.

അല്ലാഹു അബൂലഹബിനെ ശപിച്ചു.

അബൂലഹബിനെമാത്രമല്ല, അവന്റെ ഭാര്യ ഉമ്മു ജമീലി നെയും ശപിച്ചു. ഈ ലോകത്ത് നാശം. പരലോകത്ത് നരകാഗ്നിയി ലാണ് കഴിയേണ്ടത്.

ഉഗ്രമായ താക്കീതാണ് നൽകപ്പെട്ടത്.

താക്കീത് നൽകിയതാര്? അല്ലാഹു.

താക്കീത് നൽകപ്പെട്ടപ്പോൾ അവൻ നന്നായോ? ഇല്ല. അവൾ നന്നായോ? ഇല്ല.

പിന്നെന്തുണ്ടായി?

ശത്രുത വളർന്നു. കൊടിയ ശത്രുക്കളായി.

പിന്നെ പറഞ്ഞതൊന്നും ഉദ്ധരിക്കാൻ പറ്റില്ല.

ചെയ്തൊന്നും വിവരിച്ചാൽ തീരില്ല.

അവരുടെ മനസ്സിൽ കോപവും ശത്രുതയും കത്തുകയാണ്. അടങ്ങാത്ത പ്രതികാരത്തിന്റെ അഗ്നി ജ്വാലകൾ.

ഖുറൈശി പ്രമുഖന്മാർ അവരോടൊപ്പം കൂടി.

അബൂലഹബ് മക്കളെ വിളിച്ചു:

ഉത്ബാ................ ഉത്തൈബാ.............

അവന്റെ പുത്രിമാരെ നിങ്ങൾ ഭാര്യമാരാക്കി വെക്കരുത്. വിവാഹ ബന്ധം വേർപ്പെടുത്തുക. നിങ്ങൾ അങ്ങനെ ചെയ്തില്ലെങ്കിൽ മേലിൽ നിങ്ങളും ഞാനും തമ്മിൽ ഒരു ബന്ധവും ഉണ്ടാവില്ല.

ശക്തമായ ആജ്ഞയാണത്. മക്കൾ അതനുസരിക്കാൻ നിർബന്ധിതരായി.

ഉമ്മു ജമീൽ അവരെ നിർബന്ധിച്ചു കൊണ്ടിരുന്നു.

അങ്ങനെ അത് സംഭവിച്ചു. വിവാഹ മോചനം.

ഖദീജ (റ) മക്കളെ കെട്ടിപ്പുണർന്നു. കണ്ണുകൾ നിറഞ്ഞൊഴുകി.

ചെറിയ മക്കൾ. അവർ വിധവകളായിരിക്കുന്നു.

അബൂലഹബ് പൊട്ടിച്ചിരിച്ചു.

ഉമ്മു ജമീൽ കൂടെ ച്ചിരിച്ചു.

മക്കൾ വിധവകളായിത്തീർന്ന ദു:ഖം അവൻ അനുഭവിക്കട്ടെ!

ഖുറൈശി പ്രമുഖൻമാർക്ക് ചർച്ച ചെയ്യാൻ ചൂടുള്ള വിഷയം കിട്ടി.

ഇളം പ്രായക്കാരായ പുത്രിമാർ വിധവകളായപ്പോൾ ഉപ്പായും ഉമ്മായും അനുഭവിക്കുന്ന ദു:ഖം.

ഇതൊരു പരസ്യമായ അപമാനിക്കലാണ്.

അബൂലഹബും ഉമ്മു ജമീലും പ്രതീക്ഷിച്ചത് പോലെയുള്ള ദു:ഖ പ്രകടനമൊന്നും ഉണ്ടായില്ല.

ഇതിനെക്കാൾ മെച്ചപ്പെട്ടത് അല്ലാഹു നൽകും.

അതിൽ ഉപ്പാക്കും ഉമ്മാക്കും നല്ല വിശ്വാസം. ആ വിശ്വാസമാണ് മക്കളുടെ ആശ്വാസം.

നിറഞ്ഞ കണ്ണുകളോടെയാണ് സൈനബ്(റ) അനുജത്തിമാരെ നേരിട്ടത്. എന്തൊരു രംഗം!

അലിയും സൈദും ഐമനുമെല്ലാം ദു:ഖിക്കുന്നു.

ദു:ഖത്തെ തോൽപ്പിക്കുന്ന പ്രതീക്ഷയുമുണ്ട്.

അബൂബക്കർ സിദ്ദീഖ് (റ), ഉസ്മാൻ (റ) തുടങ്ങി ചില പ്രമുഖൻമാർ ഇസ്ലാം മതം സ്വീകരിച്ചിട്ടുണ്ട്.

ബാക്കിയുള്ളവരെല്ലാം പാവപ്പെട്ടവരാണ്.

പാവപ്പെട്ടവരെ പീഢിപ്പിക്കുകയാണ് നേതാക്കൾ.

ഖുറൈശി പ്രമുഖർ വെറുതെയിരുന്നില്ല.

ഇസ്ലാം മതം സ്വീകരിച്ചവരെ തിരഞ്ഞു പിടിച്ചു മർദ്ദിക്കുകയാണ്. ഓരോ ദിവസവും മർദ്ദനത്തിന്റെ പുതിയ വാർത്തകൾ വന്നു കൊണ്ടിരുന്നു.

മർദ്ദിക്കപ്പെട്ട ചിലർ ഖദീജ (റ)യുടെ അടുത്തേക്ക് ഓടി വന്നു. മേലാസകലം അടിയേറ്റ പാടുകൾ. നീര് വന്ന മുറിവുകൾ. നേരെ നടക്കാൻ പോലും വയ്യ. നിലത്തിരുന്നു പോയി.

ഖദീജ (റ) അവർക്ക് വെള്ളം നൽകി. ആഹാരം നൽകി. മുറിവിൽ മരുന്നു തേച്ചു കൊടുത്തു. ആശ്വസിപ്പിച്ചു.

ഈ രംഗം കണ്ട് അമ്പരന്ന് നിൽക്കുകയാണ് അവിടത്തെ കുട്ടികൾ. അവരുടെ ഇളം മനസ്സിൽ മായാത്ത ചിത്രങ്ങളായി ആ രംഗങ്ങൾ.

# 6

# നല്ല മരുമകൻ

ഹാലയുടെ വീട്.

മകന്റെയും മരുമകളുടെയും അവസ്ഥ.

ഹാല എല്ലാം മനസ്സിലാക്കുന്നുണ്ട്. ഇടക്കിടെ സഹോദരിയുടെ വീട്ടിൽ പോവും. സഹോദരി ഖദീജ (റ) യിൽ നിന്ന് വിവരങ്ങൾ ചോദിച്ചറിയും.

ഖദീജ (റ)ക്ക് എന്ത് മാത്രം സ്നേഹിതകളുണ്ടായിരുന്നു. ഹാല ചിന്തിക്കുകയാണ്.

ഖുറൈശികൾക്കിടയിലെ കുലീനവനിതകളെല്ലാം ഖദീജ (റ) യുടെ ഉറ്റ സ്നേഹിതകളായിരുന്നു.

നിത്യ സന്ദർശകർ എന്നു പറയാവുന്ന പലരും ഉണ്ടായിരുന്നു.

അവരൊക്കെ ഇന്നെവിടെ?

ഒട്ടേറെ വനിതകൾ ബന്ധം വേണ്ടെന്ന് വെച്ചിരിക്കുന്നു.

ചിലർക്ക് വരാൻ പേടിയാണ്. ഭർത്താക്കൻമാരും ബന്ധുക്കളും അറിയുമെന്ന പേടി.

എന്നാലും കുറെ പേർ വരുന്നുണ്ട്. അവരോട് ഖദീജ (റ) സംസാരിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ വചനങ്ങൾ ഓതിക്കൊടുക്കുന്നുണ്ട്.

വിശുദ്ധ ഖുർആൻ വചനങ്ങൾ ഇറങ്ങിയാൽ നബി (സ) തങ്ങൾ അത് പാരായണം ചെയ്യും. ഭാര്യയും മക്കളും അത് കേൾക്കും. മന:പ്പാഠമാക്കും.

വിശുദ്ധ ഖുർആന്റെ വെളിച്ചം പരന്ന അന്തരീക്ഷമാണ് വീട്ടിനുള്ളിൽ. വിശുദ്ധ വചനങ്ങൾ അവർക്ക് സന്തോഷവും സമാധാനവും നൽകി.

വിശുദ്ധ ഖുർആൻ വചനങ്ങൾ എഴുതി വെക്കാൻ ചിലരെ ചുമതലപ്പെടുത്തിയിരുന്നു. അവരിൽ ഒരാൾ അലി (റ) ആയിരുന്നു. അലി (റ) വിശുദ്ധ വചനങ്ങൾ വ്യാഖ്യാനിക്കും. നബി (സ) പറഞ്ഞു കൊടുത്ത കാര്യങ്ങൾ നന്നായി വിശദീകരിക്കും.

വീട്ടിലെ കുട്ടികളും മുതിർന്നവരും അത് കേട്ട് മനസ്സിലാക്കും. മർദ്ദിക്കപ്പെട്ട മനുഷ്യർ ആ വീട്ടിൽ അഭയം തേടി വരുന്നു. അവരും വിശുദ്ധ വചനങ്ങളുടെ വിവരണം കേൾക്കുന്നു. ആവേശഭരിതരായി മാറുന്നു.

വിശുദ്ധ ഖുർആൻ വിജ്ഞാനത്തിന്റെ കേദാരമാണ്.

അപൂർവ്വ വിജ്ഞാനങ്ങൾ മനുഷ്യരെ അല്ലാഹു അറിയിക്കുന്നു.

അത് മക്ക മുഴുവൻ അറിയുന്നു.

മുശ്രിക്കുകളും, ജൂതൻമാരും, ക്രൈസ്തവരുമെല്ലാം വിശുദ്ധ ഖുർആൻ വചനങ്ങൾ കേൾക്കുന്നു.

അതിലെ ആശയങ്ങൾ എല്ലായിടത്തും ചർച്ച ചെയ്യപ്പെടുന്നു.

സൈനബ് (റ)ക്ക് ഭർത്താവിന്റെ വീട്ടിൽ നിൽപ്പുറക്കി

ല്ല. ഉപ്പായുടെ സമീപം ഓടിയെത്തണം.

ഉപ്പ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് കേൾക്ക ണം. ആ വിശദീകരണം കേൾക്കണം.

ഭർത്താവ് എല്ലാം അറിയുന്നുണ്ട്. എതിര് പറഞ്ഞില്ല. സൈനബ് തന്നെ മനസ്സറിഞ്ഞ് സ്നേഹിക്കുന്നുണ്ട്. നിഷ്കള ങ്കമായ സ്നേഹം. ആ സ്നേഹത്തിന്റെ ആഴം തനിക്കറിയാം. തനിക്കങ്ങോട്ടും അളവില്ലാത്ത സ്നേഹമാണ്.

ഭാര്യയുടെ ഒരാഗ്രഹത്തിന്നും എതിര് നിൽക്കില്ല.

അവർ ഉപ്പായെ കാണട്ടെ. വിശുദ്ധ ഖുർആൻ പഠിക്കട്ടെ.

അല്ലാഹുവിന്റെ കല്പനയനുസരിച്ചു ജീവിക്കട്ടെ.

അതാണ് തന്റെ ഭാര്യയുടെ സന്തോഷം.

ഭാര്യ സന്തോഷത്തോടെ കഴിയണം. അതാണ് തന്റെ വലിയ അഭിലാഷം.

ഉപ്പായെക്കണ്ട്, ഉപദേശങ്ങൾ കേട്ട് വരുമ്പോഴത്തെ സൈനബിന്റെ മുഖത്തെ സന്തോഷ ഭാവമൊന്നു കാണണം.

ആ സന്തോഷ ഭാവം നില നിൽക്കണം.

അവരുടെ ഒരാഗ്രഹം മാത്രം നിറവേറ്റിക്കൊടുക്കാനാ വില്ല. താൻ മുസ്ലിമാവണം എന്ന ആഗ്രഹം.

ഖുറൈശികൾക്കിടയിലെ തന്റെ നിലയും വിലയും സൈനബിന്നറിയാം.

ഖുറൈശി പ്രമുഖർ തന്നോട് പറഞ്ഞ കാര്യങ്ങൾ സൈനബ് അറിഞ്ഞിട്ടുണ്ട്.

അവർ പറഞ്ഞതിങ്ങനെയാണ്.

മുഹമ്മദിന്റെ മകളെ നീ ഇനിയും ഭാര്യയായി വെച്ചു കൊണ്ടിരിക്കരുത്. വിവാഹ ബന്ധം വേർപ്പെടുത്തണം.

വഴക്കിനും വാക്കേറ്റത്തിന്നും നിന്നില്ല. പല ദിവസങ്ങ

ളിൽ ഇക്കാര്യത്തിന്ന് വേണ്ടി നിർബ്ബന്ധിക്കപ്പെട്ടു.

ഒടുവിൽ ഒറ്റവാക്കിൽ ഉത്തരം നൽകി. 'ഇല്ല'

പലരും അത് കേട്ട് ഞെട്ടിപ്പോയി.

ഇവനെന്ത് പറ്റിപ്പോയി? ഭാര്യയെ ഉപേക്ഷിക്കാൻ പറ്റില്ലെന്നോ!

അബൂലഹബിന്റെ മക്കൾ ചെയ്തത് കണ്ടില്ലേ!

റുഖിയ്യയെയും ഉമ്മു കുൽസൂമിനെയും വിവാഹ മോചനം നടത്തിയില്ലേ?

അതല്ലേ പൗരുഷം?

അബുൽ ആസ് പതറിയില്ല. ധീരതയോടെ നിന്നു. ഒരിക്കൽ നബി (സ) തങ്ങൾ പറഞ്ഞു:

അബുൽ ആസ് നല്ല മരുമകനാണ്. നിഷ്കളങ്കൻ'

മുശ്രിക്കുകൾക്കിടയിലാണ് ജീവിതം. അവരുമായിട്ടാണ് കൂട്ട് കെട്ട്. അവരുടെ തീരുമാനങ്ങൾ അനുസരിക്കുന്നു.

വിവാഹ മോചനം ഒഴികെയുള്ള കാര്യങ്ങൾ.

എല്ലാം സൈനബ് (റ) ക്കറിയാം.

ഭർത്താവിന്ന് നല്ല മാനസിക വേദനയുണ്ട്. ഖുറൈശികൾ വിവാഹ മോചനത്തിന്ന് നിർബന്ധിക്കുന്നു.

ഒരു ഭാഗത്ത് ഈ നിർബന്ധം.

മറുഭാഗത്ത് ഭാര്യയോടുള്ള സ്നേഹം.

ഇതിന്നിടയിൽ കിടന്ന് വിഷമിക്കുകയാണ് ഭർത്താവ്. താനായിട്ട് ഭർത്താവിന്ന് ഒരു വിഷമവും ഉണ്ടാക്കരുത്.

നാളുകളങ്ങനെ കടന്നു പോയി. കരുതലോടെ ജീവിച്ചു.

മകനെയും മരുമകളെയും സ്നേഹിക്കുന്ന ഹാല.

രണ്ട് പേരുടെയും ബുദ്ധിമുട്ടുകൾ കാണുന്നു.

ഇരുവരേയും ആശ്വസിപ്പിക്കേണ്ടി വന്നിരിക്കുന്നു. ഹാല

ഇസ്ലാം മതം സ്വീകരിച്ചു. സൈനബ്(റ)വിന്റെ മനസ്സിൽ സന്തോഷമ നിറഞ്ഞു.

സൈനബ് (റ) അന്നൊരു സന്തോഷ വാർത്ത കേട്ടു.

അനുജത്തി റുഖിയ്യായെ വിവാഹം കഴിപ്പിക്കാൻ പോവുന്നു. ആരാണ് വരൻ? അഫ്ഫാന്റെ മകൻ ഉസ്മാൻ.

ഉമ്മായിൽ നിന്ന് വിവരമറിഞ്ഞപ്പോൾ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു പോയി.

സുമുഖനും ധനികനുമായ ചെറുപ്പക്കാരൻ.

നബി(സ) തങ്ങളുടേയും ഉസ്മാൻ(റ) വിന്റെയും പിതൃ പരമ്പര അബ്ദു മനാഫ് എന്ന ഉപ്പാപ്പയിൽ ഒന്നിച്ചു ചേരുന്നു.

നബി (സ) തങ്ങളുടെ പിതൃ പരമ്പര ഇങ്ങനെ.

1. നബി (സ) 2. അബ്ദുല്ല 3. അബ്ദുൽ മുത്തലിബ് 4. ഹാശിം 5. അബ്ദു മനാഫ്

ഉസ്മാൻ(റ)വിന്റെ പരമ്പര ഇങ്ങനെയാകുന്നു.

1. ഉസ്മാൻ(റ) 2. അഫ്ഫാൻ 3. അബുൽ ആസ് 4. ഉമയ്യത്ത് 5. അബ്ദുശംസ് 6. അബ്ദു മനാഫ്

ഉസ്മാൻ (റ) സൽഗുണ സമ്പന്നനാണ്. ഉദാരമതിയാണ്.നല്ല കച്ചവടക്കാരനാണ്.

അബൂബക്കർ(റ) വിന്റെ അടുത്ത കൂട്ടുകാരനാണ്. അവർ തമ്മിൽ സംഭാഷണം നടന്നു. ഇസ്ലാം മതം സ്വീകരിക്കാൻ മനസ്സ് വെമ്പൽ കൊണ്ടു. ഉസ്മാൻ(റ) ഇസ്ലാം മതം സ്വീകരിച്ചു

കുറച്ചു നാൾ വിവരം രഹസ്യമാക്കി വെച്ചു. പിന്നെയത് പുറത്തായി. പിന്നെ കൊടിയ മർദ്ദനങ്ങളാണ് നടന്നത്.

ഉസ്മാൻ(റ)വിനെ തൂണിൽ പിടിച്ചു കെട്ടി. നിരന്തര മർദ്ദനം.

ഇസ്ലാം മതം ഉപേക്ഷിക്കുക. എങ്കിൽ രക്ഷപ്പെടു

ത്താം.

ശക്തമായ ഈമാൻ തുടിക്കുന്ന മനസ്സ്.

അല്ലാഹുവിലും അവന്റെ പ്രവാചകനിലുമുള്ള ദൃഢ വിശ്വാസം. മർദ്ദനം കൊണ്ട് മനസ്സിളകിയില്ല.

ബന്ധനത്തിൽ നിന്ന് രക്ഷപ്പെട്ട ഉസ്മാൻ (റ) നബി (സ) തങ്ങളുടെ സന്നിധിയിൽ ഓടിയെത്തി.

നബി (സ) തങ്ങളുടെ ആശ്വാസ വചനങ്ങൾ.

അത് കേൾക്കാനായത് മഹാ സൗഭാഗ്യം.

ദിവസങ്ങൾ കടന്നു പോയ്ക്കൊണ്ടിരുന്നു. ഖുറൈശികളെ ഞെട്ടിച്ച വാർത്ത പുറത്ത് വന്നു.

നബി (സ) യുടെ ഓമനപുത്രി റുഖിയ്യ (റ) യെ ഉസ്മാൻ (റ) വിവാഹം ചെയ്യാൻ പോവുന്നു.

സ്വന്തം ശക്തിയിൽ ഊറ്റം കൊണ്ടവർക്ക് കിട്ടിയ പ്രഹരം.

സൈനബ് (റ) ആശ്വാസത്തിന്റെ നെടുവീർപ്പിട്ടു.

നഷ്ടപ്പെട്ടതിനെക്കാൾ എത്രയോ മെച്ചപ്പെട്ടതാണ് അനുജത്തിക്ക് കിട്ടിയത്.

സർവ്വ ശക്തനായ റബ്ബിന്റെ അനുഗ്രഹം.

വിവാഹത്തിന്റെ ഒരുക്കങ്ങൾ തുടങ്ങി.

സൈനബ് (റ)യും ഹാലയും സജീവ സാന്നിധ്യമായി.

അനുഗ്രഹീതമായ വിവാഹം നടന്നു.

റുഖിയ്യ (റ) ഉസ്മാൻ (റ) വിന്റെ ഭാര്യയായി.

എന്തൊരു പേർച്ചയുള്ള ദമ്പതികൾ.

ചുറ്റുപാടുകൾ കൂടുതൽ ഭീകരമാവുകയാണ്.

സ്വതന്ത്രമായി പുറത്തിറങ്ങി നടക്കാൻ പോലും വയ്യാതായി.

# 7

# കടലിനക്കരെ

അബുൽ ആസ് കച്ചവട യാത്രയിലാണ്. മടങ്ങിയെത്താൻ കുറെ ആഴ്ചകൾ പിടിക്കും. ആ ദിവസങ്ങളിൽ വേർപാടിന്റെ വേദ നയാണ്.

ഭർത്താവിനെ പരിചരിക്കാൻ കഴിയാത്ത ദിവസങ്ങൾ. അവ എത്ര വിരസമാണ്. ഭക്ഷണം പാകം ചെയ്യാനും വിളമ്പിത്തിന്നാനും ഒരു താല്പര്യവും കാണില്ല. ഒരു തരം നിർവ്വികാരത.

ജോലികളിൽ ഉത്സാഹം കാണിക്കുന്ന ഭർത്താവ്. ആ സാന്നിധ്യം തന്നെ ആവേശം കൊള്ളിക്കാറുണ്ട്.

മനസ്സ് നിറയെ സ്നേഹവും വിശ്വാസവുമാണ്.

യാത്ര കഴിഞ്ഞ് വരുമ്പോൾ എന്തൊരു സന്തോഷമാണ്.

തന്നെ സ്നേഹം കൊണ്ട് പൊതിയും. എന്തെല്ലാം സാധന ങ്ങളാണ് കൊണ്ട് വരിക. യാത്രാനുഭവങ്ങൾ വിവരിക്കും. കേട്ടിരി ക്കാൻ എന്തൊരു രസമാണ്.

തന്റെ ഭർത്താവ് സത്യ വിശ്വാസം കൈക്കൊണ്ടില്ല. അതിന്ന് മനസ്സ് പാകമായിട്ടില്ല.

ആ വിഷമം മനസ്സിൽ നിറയുകയാണ്.

വിഷമം നിറഞ്ഞാൽ സന്തോഷം നഷ്ടപ്പെടും.

മക്കയിൽ നടക്കുന്ന സംഭവങ്ങൾ മനസ്സിനെ അസ്വസ്ഥമാക്കുന്നു. എത്രയോ ദു:ഖ വാർത്തകൾ.

സത്യ വിശ്വാസികൾ അനുഭവിക്കുന്ന യാതനകൾ കേൾക്കുമ്പോൾ മനസ്സ് പിടയും.

ഉമ്മായുടെ അടുത്തേക്ക് ഓടിപ്പോകും.

പാവപ്പെട്ടവർ കൂട്ടം കൂടി നിൽക്കുന്നുണ്ടാവും.

ശരീരത്തിൽ അടി കൊണ്ട പാടുകൾ. അടി വയറ്റിൽ ചവിട്ടേറ്റ് വേദനിക്കുന്ന പെണ്ണുങ്ങൾ.

അവരെ ആശ്വസിപ്പിക്കാൻ സൈനബ് (റ) ഓടിച്ചെല്ലും. അവരോടൊപ്പം കരഞ്ഞ് പോകും.

ജീവൻ പോയാലും സത്യദീനിൽ നിന്ന് പിൻമാറില്ല. വാക്കുകളിൽ എന്തൊരു ദൃഢത.

മർദ്ദനം വർദ്ധിക്കുകയാണ്. മക്കയിൽ ജീവിതം ദുസ്സഹമായിരിക്കുന്നു. നബി (സ) തങ്ങൾ ചിലരോട് നാട് വിട്ടു പോവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

അബ്സീനിയായിലേക്ക് പോവുക.

അവിടെ സ്നേഹ സമ്പന്നനായ ഒരു രാജാവാണ് ഭരിക്കുന്നത്. സത്യവും നീതിയും നിലനിൽക്കുന്ന നാടാണത്. നിങ്ങൾക്കവിടെ ഒരു ഉപദ്രവവും ഏൽക്കേണ്ടി വരില്ല.

നജാശി രാജാവ്.

കച്ചവടയാത്രക്കാരിൽ നിന്ന് ആ രാജാവിനെക്കുറിച്ചും നാടിനെക്കുറിച്ചും മുസ്ലിംകൾ അറിഞ്ഞു കഴിഞ്ഞിരുന്നു.

യാത്ര വളരെ രഹസ്യമായിരിക്കണം. ഒരു വിവരവും പുറത്തു പോവരുത്. ഖുറൈശികൾ അറിഞ്ഞാൽ കുഴപ്പമാണ് ആക്രമിക്കും.

എല്ലാം വളരെ രഹസ്യമായാണ് പ്ലാൻ ചെയ്തത്. സൈനബ് (റ) ആ രഹസ്യമറിഞ്ഞു.

അനുജത്തി ഗർഭം ധരിച്ചിരിക്കുന്നു.

മനസ്സ് കുളിരണിഞ്ഞ് പോയി.

ഗർഭത്തിന്റെ പ്രാരംഭ ഘട്ടമാണ്. അനുജത്തിയെ പരിചരിക്കാൻ വല്ലാത്ത മോഹം.

അതിന്നിടയിലാണ് ഹിജ്റ:യെക്കുറിച്ചു കേട്ടത്.

അബ്സിനിയായിലേക്കുള്ള ഹിജ്റ:

ആദ്യത്തെ ഹിജ്റ:

ആ ഹിജ്റയിൽ ഉസ്മാൻ (റ) പോവുന്നു. കൂടെ റുഖിയ്യ (റ)യും പോവുന്നു.

സൈനബ് (റ) വിവരമറിഞ്ഞു. എന്തൊരു വാർത്തയാണിത്. തന്റെ പ്രിയപ്പെട്ട അനുജത്തി. പ്രായം വളരെ കുറവാണ്. ആദ്യ ഗർഭമാണിത്. അതിന്റെ പ്രയാസങ്ങൾ കാണും.

ഉസ്മാൻ (റ)വിനെ ഖുറൈശികൾ നോട്ടമിട്ട് വെച്ചിരിക്കുകയാണ്. വധിച്ചു കളയാൻ മടിക്കില്ല. അത് കൊണ്ട് നാടുവിടൽ അനിവാര്യമാണ്.

ക്ഷീണം ബാധിച്ച റുഖിയ്യ (റ)യുടെ സമീപത്ത് ഉസ്മാൻ (റ) വന്നിരുന്നു. എന്നിട്ട് സ്നേഹ പൂർവ്വം ഉപദേശിച്ചു.

റുഖിയ്യാ.. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ! ഈ യാത്ര വളരെ ക്ലേശകരമാണ്. ദീർഘ യാത്രയാണ്. കടൽ യാത്ര ഈ ഘട്ടത്തിൽ നിങ്ങൾക്കു പറ്റിയതല്ല. കടൽ ഇളകി മറിയും.

പായക്കപ്പൽ ആടി ഉലയും. നിങ്ങളിവിടെ വിശ്രമിച്ചു കൊള്ളൂ. ഞാൻ പോവാം. ഇവിടത്തെ സ്ഥിതിഗതികൾ അനുകൂലമായിത്തീർന്നാൽ ഞാൻ തിരിച്ചു വരാം.

റുഖിയ്യ (റ)യുടെ മറുപടി ഇങ്ങനെയായിരുന്നു.

നാം അല്ലാഹുവിന്റെ വഴിയിൽ ഇറങ്ങിപ്പുറപ്പെടുകയാണ്. ഇത് ഹിജ്റയാണ്. അല്ലാഹു നമ്മോടൊപ്പമുണ്ട്.

നാം ഇവിടെ വിട്ടേച്ചു പോവുന്നവരുടെ കൂടെയും അല്ലാഹു ഉണ്ട്. ഞാൻ നിങ്ങളോടൊപ്പം പുറപ്പെടുകയാണ്. അല്ലാഹുവിന്റെ വഴിയിൽ പുറപ്പെടുമ്പോൾ പ്രയാസങ്ങൾ സാരമില്ല.

സൈനബ് (റ) എല്ലാം അറിയുന്നു. അനുജത്തിയുടെ നിശ്ചയ ദർഢ്യം കണ്ടപ്പോൾ അതിശയം തോന്നി.

ദീനിന്റെ ശക്തിയും ശോഭയും.

നവദമ്പതികളിൽ അതാണ് തെളിഞ്ഞു കണ്ടത്.

സൈനബ് (റ) ഉമ്മായെ കണ്ടു. ആ കണ്ണുകൾ നിറയുന്നത് കണ്ടു.

വേദന കടിച്ചിറക്കുകയാണ് തങ്ങളുടെ പ്രിയപ്പെട്ട ഉമ്മ.

മകൾ പോവുന്നു. ഈ അവസ്ഥയിൽ.

കപ്പൽ എത്തുന്ന സമയമൊക്കെ അന്വേഷിച്ചറിഞ്ഞ് വെച്ചിട്ടുണ്ട്. പോവാൻ വേറെയും ആളുകൾ തയ്യാറായിട്ടുണ്ട്.

അബൂഹുദൈഫ് (റ). ഭാര്യ സഹ്‌ലത്ത് (റ)

സുബൈറുബ്നുൽ അവ്വാം (റ)

മുസ്അബ്ബ്നു ഉമൈർ (റ)

അബ്ദു റഹ്മാനുബ്നു ഔഫ് (റ)

ഉസ്മാനുബ്നു മള്ഊൻ (റ)

ആമിർ (റ) ഭാര്യ ലൈല (റ)

അബൂസബ്റ (റ)

സുഹൈൽ (റ)

ഇവരൊക്കെയാണ് ആദ്യ സംഘത്തിലുള്ളത്.

സൈനബ് (റ)യുടെ മനസ്സിൽ ദു:ഖം നിറയുകയാണ്. അനുജത്തിയെ പിരിയാനുള്ള ദു:ഖം.

ഉമ്മായുടെ മനസ്സ് വിങ്ങുകയാണ്.

ഉമ്മു കുൽസൂമിനും ദു:ഖം.

കുഞ്ഞുമോൾ ഫാതിമ ഇത്താത്തയെ നോക്കുന്നു.

ആ രാത്രി വന്നത്തെത്തി. ഇരുട്ടിന്റെ ആവരണം വീണു.

ഈ ഇരുട്ടിലാണ് യാത്ര. ആരും കാണില്ല. കണ്ടാലും തിരിച്ചറിയില്ല. ആ നിമിഷങ്ങളെത്തി. എല്ലാ ഖൽബുകളും വിങ്ങി.

റുഖിയ്യ (റ) സഹോദരിമാരോട് വിട ചോദിക്കുന്ന രംഗം.

ഒന്നുറക്കെ കരയാൻ പോലും വയ്യ.

തൊട്ടപ്പുറത്തെ വീട്ടുകാർ പോലും വിവരം അറിയരുത്. എവിടെയും അപകടം പതിയിരിപ്പുണ്ട്.

അപകടങ്ങളുടെ മധ്യത്തിലേക്കാണ് മകൾ ഇറങ്ങുന്നത്.

എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിച്ചു.

ഉസ്മാൻ (റ) സലാം ചൊല്ലിയിറങ്ങി. റുഖിയ്യ (റ) ഉമ്മായെ കിട്ടിപ്പിടച്ചു. സലാം ചൊല്ലി.

റുഖിയ്യ (റ) ഇറങ്ങി. ഭർത്താവിനൊപ്പം നടന്നു.

ഉസ്മാൻ (റ)യും റുഖിയ്യ (റ) യും നബി (സ) തങ്ങളോട് വിട ചൊല്ലിയ രംഗം. ചരിത്രം മറക്കാത്ത നിമിഷമാണത്.

സദുപദേശം നൽകി. എല്ലാ ആശീർവാദങ്ങളും നൽകി. അല്ലാഹുവിന്റെ വഴിയിലേക്ക് മകളെയും മരുമകനെയും ഇറക്കി വിട്ടു.

ഉറച്ച കാൽവെപ്പുകൾ. ദൃഢമായ മനസ്സ്.

മനസ്സിൽ നിറഞ്ഞ് നിൽക്കുന്നത് ഈമാനിന്റെ പ്രകാശം.

സൈനബ് (റ) കണ്ണുകൾ തുടച്ചു. മനസ്സ് ദൃഢമായി.

ഇസ്ലാമിന്റെ വഴിയിൽ കടുത്ത ത്യാഗം.

അതിന്നു വേണ്ടിയാണവർ ഇറങ്ങിപ്പോയത്.

വളരെ ദൂരം യാത്ര ചെയ്തു. അവർ കടൽത്തീരത്തെത്തി.

മറ്റുള്ളവരും എത്തിക്കഴിഞ്ഞിരുന്നു.

നങ്കൂരമിട്ടു കിടക്കുന്ന പായക്കപ്പൽ.

എല്ലാവരും കപ്പലിൽ കയറി. റുഖിയ (റ) അല്പം പ്രയാസത്തോടെയാണ് കയറി വന്നത്.

എല്ലാവരും റുഖിയ്യ (റ)യുടെ കാര്യം പ്രത്യേകം ശ്രിദ്ധിക്കുന്നുണ്ട്. ഇരിക്കാനും കിടക്കാനുമൊക്കെ സൗകര്യം ചെയ്തു കൊടുത്തു.

കപ്പിത്താൻ കയറി. ജോലിക്കാരെല്ലാം കയറി. കപ്പൽ ശക്തമായൊന്നു ചലിച്ചു. കയറുകൾ കെട്ടഴിഞ്ഞു.

യാത്ര തുടങ്ങുകയാണ്. കടൽക്കാറ്റ് വീശുന്നുണ്ട്. കപ്പൽ നീങ്ങിത്തുടങ്ങി. പിന്നെ വേഗത വർദ്ധിച്ചു.

കപ്പൽ ഉൾക്കടലിലേക്ക് നീങ്ങും തോറും ഇളക്കം കൂടിക്കൂടി വന്നു. കാറ്റിന്ന് ശക്തി കൂടുന്നു. തിരമാലകൾ ഉയർന്നു വരുന്നു. കടലിന്ന് വല്ലാത്ത ഇളക്കം. കപ്പലിന്റെ ചലനം ശക്തമായി.

റുഖിയ്യ (റ) വല്ലാതെ വിഷമിച്ചു പോയി. എല്ലാം സഹിച്ചു ക്ഷമയോടെ ഇരുന്നു. യാത്ര തുടരുകയാണ്. ഇനി കര കാണാൻ

ദിവസങ്ങൾ കഴിയണം.

വീട്ടിൽ വേർപാടിന്റെ ദു:ഖമാണ്.

സൈനബ് (റ) ഉപ്പായെയും ഉമ്മയെയും ശ്രദ്ധിക്കുന്നു.

ഇരുവരും ദു:ഖിതരാണ്. മനസ്സിൽ പ്രാർത്ഥനയാണ്.

സൈനബ് (റ)യും മനസ്സുരുകി പ്രാർത്ഥിക്കുന്നു.

നേരം പുലർന്നു. മക്കായുടെ വഴികളിൽ പ്രകാശം പരന്നു.

കഅ്ബാലയത്തിൽ സൂര്യന്റെ ആദ്യ കിരണങ്ങൾ വീണു.

ഖുറൈശി പ്രമുഖന്മാർ ഓരോരുത്തരായി വന്നു ചേർന്നു. കഅ്ബയുടെ സമീപം വന്നിരുന്നു.

പുതിയ വാർത്തകൾ കൈ മാറുന്നു.

ആരെങ്കിലും പുതുതായി ഇസ്ലാം മതം സ്വീകരിച്ചുവോ?

ഇന്ന് ആർക്കൊക്കെ നേരെയാണ് മർദ്ദനം അഴിച്ചു വിടേണ്ടത്?

പുതിയ ചർച്ചകൾ. പുതിയ തീരുമാനങ്ങൾ

പുതിയ ചലനങ്ങൾ നിരീക്ഷിക്കാൻ പലരേയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇസ്ലാം മതം സ്വീകരിച്ചവർ എന്ത് ചെയ്യുന്നു?

എങ്ങോട്ട് പോവുന്നു! ആരെ കണ്ടു മുട്ടുന്നു?

ചിലരെ കാണാനില്ല. എങ്ങോട്ടു പോയി. എന്നറിയില്ല. ആ വിവരം കിട്ടി. അന്വേഷമായി. ആരും ഒന്നും തുറന്നു പറയുന്നില്ല.

പിന്നെപ്പിന്നെ കാര്യങ്ങൾ പുറത്തറിഞ്ഞു തുടങ്ങി.

ഖുറൈശികൾ ഞെട്ടി. തങ്ങൾ കബളിപ്പിക്കപ്പെട്ടിരിക്കുന്നു. സൈനബ് (റ)യുടെ കാര്യം വളരെ വിഷമത്തിലാണ്.

കാര്യങ്ങൾ ഭർത്താവിനോട് തുറന്നു പറയാമോ?

പറഞ്ഞാൽ ശത്രുക്കൾ അറിയില്ലേ?

ഖുറൈശികളുടെ സദസ്സിൽ അദ്ദേഹവും പങ്കെടുക്കും. അവിടെ ഇക്കാര്യം ചർച്ച ചെയ്യും. അദ്ദേഹം മൗനം പാലിക്കുമോ? അതിന്ന് പറ്റുമോ?

ഭർത്താവിന്റെ മുമ്പിൽ രഹസ്യം ഒളിച്ചു വെക്കുന്നതെങ്ങനെ? എല്ലാം തന്നോട് തുറന്നു പറയുന്ന ആളല്ലേ?

താൻ പറഞ്ഞില്ലെങ്കിലും കുറച്ചു കഴിയുമ്പോൾ എല്ലാം അറി

യും. പിന്നെ പറയാതിരുന്നിട്ടെന്താണ് കാര്യം?

എന്തെല്ലാം ചിന്തകൾ. സ്വയം ചോദിച്ച ചോദ്യങ്ങളെത്രയാണ്?

ത്യാഗത്തിന്റെ വലുപ്പം ഭർത്താവ് അറിഞ്ഞിട്ടുണ്ട്. അദ്ദേഹം കുഴപ്പക്കാരനല്ല. അദ്ദേഹത്തിന്റെ കൈയിൽ നിന്ന് ഒരു ഉപദ്രവവും വരില്ല.

താൻ നിസ്കരിക്കുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നു. അതൊന്നും ഭർത്താവ് നിരോധിച്ചില്ല. ഒരു തടസ്സവും പറഞ്ഞില്ല.

ഖുറൈശികൾ പ്രകോപിതരായിരിക്കുന്നു.

അവർക്ക് അബ്സീനിയ അറിയാം.

നജാശി രാജാവിനെ അറിയാം.

ഖുറൈശികളുടെ കച്ചവട സംഘങ്ങൾ അബ്സീനിയായിലൂടെ കടന്ന് പോവാറുണ്ട്.

ശാന്തമായ നാട്. കച്ചവട റൂട്ടിന്റെ സമീപം കനീസകൾ-ചർച്ചുകൾ ഉയർന്നു നിൽക്കുന്നത് കാണാം.

ധാരാളം പാതിരിമാരെ കാണാം.

തൗറാത്തും ഇഞ്ചീലും പഠിച്ച പണ്ഡിതൻമാരെ കാണാം. പലരേയും ഖുറൈശികൾക്കറിയാം.

മുസ്ലിംകളിൽ ചിലർ അങ്ങോട്ടാണ് പോയിരിക്കുന്നത്.

അവർ അവിടെ കഴിയാൻ പാടില്ല. അവരെ തിരിച്ചു കൊണ്ട് വരണം. അതിനെപ്പറ്റിയാണിപ്പോൾ ചർച്ച.

ചർച്ചകൾ എന്തൊക്കെയാണെന്ന് ഭർത്താവിനറിയാം. ചിലതൊക്കെ ഭാര്യയും അറിയും.

എന്തൊരു മാനസികാവസ്ഥയിലാണ് സൈനബ് (റ).

അബ്സിനീയായിൽ നിന്ന് കപ്പൽ വരുന്ന ദിവസം നബി (സ) തങ്ങൾക്കും ഖദീജ (റ)ക്കും വലിയ പ്രതീക്ഷയാണ്.

കപ്പലിൽ വന്ന ആരെങ്കിലും ഉസ്മാനെ കണ്ടിട്ടുണ്ടാവുമോ? റുഖിയ്യായെ കണ്ടിട്ടുണ്ടാവുമോ?

കപ്പലിൽ വന്നവർ മക്കയിലേക്കു വരും.

അവർ വരുന്ന വഴിയിൽ പോയി നിൽക്കാം. നബി (സ) പല രേയും കാണും. വിശേഷങ്ങൾ ചോദിക്കും.

നിങ്ങളിലാരെങ്കിലും ഉസ്മാനെ കണ്ടിരുന്നോ?

വല്ല വിശേഷവും നിങ്ങൾക്കറിയാമോ?

ചിലപ്പോൾ ആരെങ്കിലും വിശേഷങ്ങൾ പറയും.

കേട്ട കാര്യങ്ങൾ വീട്ടുകാരെ അറിയിക്കാൻ ധൃതിയിൽ വരും. വിവരങ്ങൾ വീട്ടുകാരറിയും.

അങ്ങനെ ഞെട്ടിക്കുന്ന വിവരം കിട്ടി. റുഖിയ്യ (റ)ക്ക് കടൽ യാത്ര വളരെ ദുഷ്കരമായിരുന്നു. ആടിയുലഞ്ഞ് വിഷമിച്ചു പോയി. ദിവസങ്ങൾ നീണ്ട യാത്ര.

അബ്സീനിയായിലെത്തി. റുഖിയ്യ (റ) തളർന്നു പോയി. അവ രുടെ ഗർഭം അലസിപ്പോയി.

ഉസ്മാൻ (റ) വല്ലാത്ത ദു:ഖത്തിലായി.

അനുജത്തിയെ കാണാൻ കഴിയാതെ വല്ലാത്ത ദു:ഖത്തിൽ കഴിയുകയാണ് സൈനബ് (റ). അപ്പോഴാണ് ഈ വാർത്ത കൂടി അറിയുന്നത്.

തന്റെ അനുജത്തി കടലിന്നക്കരെയാണ്.

വല്ലാത്ത ശരീര വേദനഅനുഭവിക്കുകയാണ്.

മനസ്സിന്റെ വേദന അതിനേക്കാൾ കൂടുതലായിരിക്കും. സമീ പത്ത് ഉമ്മയില്ല. ഉമ്മയുടെ സാമീപ്യം അനിവാര്യമായ ഘട്ടമാണിത്.

ഉമ്മ ഇക്കര- മകൾ അക്കരെ.

ഉമ്മായുടെ ദു:ഖം സൈനബ് (റ) കാണുന്നു. ഉപ്പായുടെ ദു: ഖവും കാണുന്നു.

ഉമ്മു കുൽസുമിനെയും ഫാത്വിമയെയും കെട്ടിപ്പിടിച്ചു ആ മുഖങ്ങളും വാടിയിരിക്കുന്നു.

എല്ലാ നിയന്ത്രണങ്ങളും ചിലപ്പോൾ കൈവിട്ടു പോകും. സൈനബ് (റ) പൊട്ടിക്കരഞ്ഞു പോയ സന്ദർഭങ്ങളെത്ര!

# 8

# ദു:ഖ വർഷം

ഞെട്ടിക്കുന്ന വാർത്തയാണ് കേട്ടത്.

ഇതെങ്ങനെ സഹിക്കും?

ബഹിഷ്കരണം. ഖുറൈശികൾ പ്രവാചകനെയും കുടുംബത്തെയും ബഹിഷ്ക്കരിച്ചിരിക്കുന്നു.

ഹാശിം കുടുംബവുമായി ഒരു ബന്ധവും പാടില്ല.

കണ്ടാൽ സംസാരിക്കില്ല. വാങ്ങുകയോ കൊടുക്കുകയോ ഇല്ല.

വിവാഹ ബന്ധം സ്ഥാപിക്കില്ല.

അങ്ങനെ കുറെ വ്യവസ്ഥകൾ എഴുതിയുണ്ടാക്കി.

കഅബാലയത്തിൽ ഒട്ടിച്ചു വെച്ചു.

പ്രവാചകനും ബന്ധുക്കളും മലഞ്ചെരിവിലായി താമസം.

ബഹിഷ്കരണം നടപ്പാക്കിയവരുടെ കൂടെയാണ് ഭർത്താവ്.

ഉപ്പായുടെ കൂടെയാണ് സൈനബ് (റ).

എന്തൊരവസ്ഥയാണിത്.

ഊണും ഉറക്കവും മറന്നു പോയി.

കാലം കടന്നു പോയി. മലഞ്ചെരിവിലുള്ളവർക്ക് ആഹാരമി

ല്ല. ആവശ്യത്തിന്ന് വെള്ളമില്ല.

ആരും ഒന്നും കൊടുക്കില്ല. വിശന്നു പൊരിയുന്ന നാളുകൾ. ആരെയും അങ്ങോട്ടു പോവാൻ ഖുറൈശികൾ വിട്ടില്ല.

പലപ്പോഴും സസ്യങ്ങളുടെ ഇലകൾ ഭക്ഷിക്കേണ്ടി വന്നു.

ഈ ബഹിഷ്കരണം മൂന്ന് കൊല്ലം നിലനിന്നു.

ചില നല്ല മനുഷ്യർ ഖുറൈശികൾക്കിടയിലുണ്ടായിരുന്നു.

അവർ വളരെ രഹസ്യമായി ചില സഹായങ്ങൾ എത്തിച്ചു കൊണ്ടിരുന്നു. അത് കൊണ്ട് മരണം സംഭവിച്ചില്ല എന്ന് മാത്രം.

ഹിശാമുബ്നു അംറ്.

അദ്ദേഹം ഇത്തരത്തിൽപ്പെട്ട ഒരു ഖുറൈശി പ്രമുഖനായിരുന്നു. ചില സന്ദർഭങ്ങളിൽ വളരെ രഹസ്യമായി ഭക്ഷണം എത്തിച്ചു കൊടുത്തിരുന്നു.

ഒരിക്കൽ ഹിശാം വന്നു- സുഹൈർ ഇബ്നു അബൂ ഉമയ്യയെ ക്കാണാൻ.

ആരാണ് സുഹൈർ?

അബ്ദുൽ മുത്തലിബിന്റെ മകൾ ആതികയുടെ മകൻ.

ഹിശാം ചോദിച്ചു: ഈ ബഹിഷ്കരണം തുടങ്ങിയിട്ട് മൂന്ന് വർഷമായില്ലേ? നിങ്ങളുടെ ബന്ധുക്കളല്ലേ അവർ?

അവർക്ക് വിശക്കുമ്പോൾ നാം ആഹാരം കഴിക്കുന്നു. അവർക്കു വസ്ത്രമില്ല. നാം മോടിയിൽ വസ്ത്രം ധരിക്കുന്നു. പുറത്തിറങ്ങാനാവാത്ത അവസ്ഥയിലാണവർ. നിങ്ങൾക്കൊരു സങ്കടവും തോന്നുന്നില്ലേ?

സംഭാഷണം ഫലവത്തായി. ചില പ്രമുഖൻമാരെ കാണാൻ അവർ ഇരുവരും പോയി. അവർ കണ്ട പ്രമുഖർ ഇവരായിരുന്നു :മുത്ഇം ബിൻ അദിയ്യ്.

അബുൽ ബക്തരിബിൻ ഹിശാം.

സംഅബിൻ അസ്വദ്

ഇവരെല്ലാം ബഹിഷ്കരണ കരാറിനെ എതിർക്കാൻ തീരുമാ

നിച്ചു. ഇതറിഞ്ഞ് അബൂജഹൽ അട്ടഹസിച്ചു.

ഒരു കാരണവശാലും കരാർ റദ്ദാക്കില്ല.

ചിലർ കരാർ പിച്ചിചീന്താൻ വേണ്ടി പോയി.

കരാർ പത്രം ചിതൽ നിന്ന് പോയിരുന്നു.

'അല്ലാഹുവിന്റെ നാമത്തിൽ' എന്ന ഭാഗം മാത്രം ചിതൽ തിന്നിട്ടില്ല.

മൂന്നു വർഷം നീണ്ടു നിന്ന കൊടും യാതനകൾക്ക് അന്ത്യമാവുകയാണ്.

ബഹിഷ്കരണം അവസാനിച്ചു. പലരുടേയും മനസ്സിൽ സഹതാപ തരംഗമുണ്ടായി.

ഇത്രയൊക്കെ കഷ്ടപ്പെട്ടിട്ടും അവർ ആദർശത്തിൽ ഉറച്ചു നിന്നല്ലോ? അതായിരുന്നു ഖുറൈശികളിൽ പലരുടേയും അതിശയം.

ഉപ്പായും ബന്ധുക്കളും മലഞ്ചെരിവിലേക്കു പോയപ്പോൾ സൈനബ് (റ)വിന്ന് അടങ്ങിയിരിക്കാനായില്ല.

ഉപ്പായും ഉമ്മായും പട്ടിണി കിടക്കുമ്പോൾ താനിവിടെ ആഹാരവും കഴിച്ചു സുഖമായിക്കഴിയുകയോ!

ഈ മകൾക്കതിന്ന് സാധ്യമല്ല.

വലിയ വീടും അവിടത്തെ സുഖസൗകര്യങ്ങളും ഉപേക്ഷിക്കാൻ തീരുമാനിച്ചു.

കഷ്ടപ്പെടുക. പട്ടിണി കിടക്കുക.

സത്യ വിശ്വാസികളോടൊപ്പം ചേരുക.

സൈനബ് (റ) മലഞ്ചെരിവിലെത്തി. പട്ടിണിയിലും ദാഹത്തിലും കഷ്ടപ്പാടുകളിലും പങ്കാളിയായി.

ഭർത്താവ് വല്ലാതെ വിഷമിച്ചു. താൻ ജീവനു തുല്യം സ്നേഹിക്കുന്ന ഭാര്യ മലഞ്ചെരിവിൽ അന്തിയുറങ്ങുന്നു.

താനിവിടെ മിനുസമുള്ള മെത്തയിൽ കിടക്കുന്നു.

തനിക്കാഹാരമുണ്ട്. ഭാര്യക്ക് പട്ടിണിയാണ്. ഖുറൈശികൾ

ഭീഷണി മുഴക്കുന്നു. താനത് അവഗണിക്കുന്നു. ബഹിഷ്കരണം അവസാനിച്ചപ്പോൾ അബുൽ ആസ് ആശ്വാസത്തിന്റെ നെടുവീർപ്പ യച്ചു.

ബഹിഷ്കരണ കാലത്ത് ഉമ്മായുടെ ആരോഗ്യംമോശമായി വരുന്നത് സൈനബ് (റ) നേരിൽ കാണുകയാണ്.

ഉമ്മയെ പരിചരിക്കലായിരുന്നു സൈനബ് (റ)യുടെ ജോലി. വാർദ്ധക്യ കാലത്ത് വീട്ടിൽ കിടക്കാൻ ശത്രുക്കൾ അനുവദിച്ചില്ല. നന്നായി വിശ്രമിക്കാൻ പോലും ഇവിടെ പറ്റില്ല. മരുഭൂമിയുടെ കൊടും ചൂടും കൊടും തണുപ്പും സഹിക്കണം. പലപ്പോഴും പട്ടി ണിയാണ് ആവശ്യത്തിന്ന് വെള്ളം പോലുമില്ല.

ഉമ്മായുടെ ആരോഗ്യനില മോശമായി വരികയാണ്. ഉമ്മു കുൽസൂമും ഫാതിമയും വാടിത്തളർന്നിരിക്കുന്നു.

ബഹിഷ്കരണം അവസാനിച്ചു.

സൈനബ് (റ) ഉമ്മയെ എഴുന്നേൽപ്പിച്ചു.

വളരെ പ്രയാസപ്പെട്ടാണ് വീട്ടിലെത്തിയത്.

പ്രിയപ്പെട്ട വീട്. അവിടെ തിരിച്ചെത്തിയിരിക്കുന്നു.

സൈനബ് (റ)ക്ക് വല്ലാത്ത ആശ്വാസം തോന്നി.

താൻ പിറന്ന വീട്. പിച്ചവെച്ചു നടന്ന വീട്. തനിക്കേറ്റവും പ്രിയപ്പെട്ട ചുറ്റുപാടുകൾ.

തിരിച്ചെത്തിയല്ലോ? ആശ്വാസം.

പക്ഷെ, ഉമ്മായുടെ കാര്യം? നേരത്തിന്ന് മരുന്ന് കൊടുക്കു ന്നുണ്ട്. ആഹാരം കൊടുക്കുന്നുണ്ട്.

രോഗം ഭേദമായില്ല. ക്ഷീണം കൂടികൂടി വന്നതേയുള്ളു.

എല്ലാവരും ദു:ഖിതരാണ്. ഉമ്മയുടെ സഹായം തേടി വരുന്ന വർ നിരവധിയാണ്. ഉമ്മായുടെ സഹായം ഏറ്റവും അനിവാര്യമായ സന്ദർഭമാണിത്.

ഉമ്മായെ പരിചരിക്കണം ഉപ്പായുടെ കാര്യവും നോക്കണം.

അതാണ് സൈനബ് (റ)യുടെ അവസ്ഥ.

ഉറക്കമൊഴിച്ച് ഉമ്മായുടെ കൂടെയിരിക്കുന്നു.

ഉപ്പ തിരക്കിലാണ്. ഇടക്കിടെ ഉമ്മയെക്കാണാൻ വരും. ഉപ്പായുടെ ചില വാക്കുകൾ. ഉമ്മായുമായുള്ള സംഭാഷണം. അത് കേൾക്കുമ്പോൾ പേടി തോന്നും.

യാത്ര പറയുന്നത് പോലുള്ള സംഭാഷണം.

എന്താണിത്? വേർപിരിയുകയാണോ?

ഉമ്മായുടെ മുഖത്തേക്കുറ്റു നോക്കി.

വീട്ടിലെ അവസ്ഥകൾ മാറിയിട്ടുണ്ട്.

ഐശ്വര്യത്തിന്റെ നാളുകൾ കടന്നു പോയിക്കഴിഞ്ഞു.

കച്ചവടത്തിൽ നിന്ന് മികച്ച ലാഭം കിട്ടിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം ഓർമ്മയായി മാറി.

ഉള്ള സമ്പത്തെല്ലാം ദീനിന് വേണ്ടി ചെലവാക്കി.

എടുത്തു പറയാൻ കാര്യമായിട്ടൊന്നും ബാക്കിയില്ല.

ബഹിഷ്കരണം കഴിഞ്ഞുള്ള ആറ് മാസങ്ങൾ കടന്നു പോയിരിക്കുന്നു. അബൂത്വാലിബ് രോഗ ബാധിതനാണ്.

നബി (സ) ക്ക് താങ്ങും തണലുമായി നിന്ന അബൂത്വാലിബ് അവശനിലയിലാണ്. തന്റെ അഭയം നഷ്ടപ്പെടുകയാണെന്ന് നബി (സ) തങ്ങൾക്ക് തോന്നി. അവസാന സമയത്തും ഇസ്ലാം സ്വീകരിക്കാൻ ക്ഷണിച്ചു. അത് നടന്നില്ല.

മക്കായുടെ നായകൻ അബൂത്വാലിബ് മരണപ്പെട്ടു. നബി(സ) ദുഃഖിച്ചു. തന്റെ അഭയം നഷ്ടപ്പെട്ടിരിക്കുന്നു.

ഖുറൈശികൾക്ക് ധൈര്യമായി. ഇനി മുഹമ്മദിനെ ആര് രക്ഷിക്കും? മർദ്ദനം ശക്തി കൂടാൻ പോവുന്നു.

അബൂത്വാലിബിന്റെ വീട്ടിൽ പോവാൻ ഖദീജ (റ)ക്ക് കഴിഞ്ഞില്ല. രോഗം പിടിച്ചു കിടപ്പാണ്.

ഖബറടക്ക കർമ്മങ്ങളെല്ലാം നടന്നു. ഇപ്പോൾ നബി (സ) തങ്ങൾ ഭാര്യയുടെ കൂടെത്തന്നെയാണ്.

മൂന്നു പകലുകൾ. മൂന്നു രാത്രികൾ. അവസാന ദിവസങ്ങൾ.

ഇനി യാത്രയാണ്. പരലോക യാത്ര. പരലോകത്ത് ഖദീജ (റ)ക്ക് കിട്ടാൻ പോവുന്ന പദവികളെക്കുറിച്ചു നബി(സ) സംസാരിച്ചു. ആശ്വാസ വചനങ്ങൾ മൊഴിഞ്ഞു.

സൈനബ്, ഉമ്മു കുൽസൂ. ഫാത്വിമ

എല്ലാ മക്കളെയും കൺ നിറയെക്കണ്ടു.

ഫാത്വിമ കൊച്ചു കുട്ടിയാണ്. ഇത്താത്തമാരാണ് പരിലാളിക്കുന്നത്.

എല്ലാവരേയും ദു:ഖത്തിലാഴ്ത്തിക്കൊണ്ട് ഇസ്ലാമിലെ പ്രഥമ വനിത വഫാത്തായി. ഇന്നാലില്ലാഹി...

എല്ലാ കണ്ണുകളും നിറഞ്ഞൊഴുകി.

ഇത്താത്തമാർ കൊച്ചനിയത്തിയെ ചേർത്തു പിടിച്ചു. ഉമ്മായുടെ അന്ത്യ കർമ്മങ്ങളെല്ലാം നിർവ്വഹിക്കപ്പെട്ടു. ഖദീജ (റ) മണ്ണിലേക്കു മടങ്ങി.

ഖദീജ (റ)യുടെ അനുജത്തി ഹാല (റ)യുടെ നേതൃത്വത്തിലാണ് വീട്ടിലെ കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടത്.

അബൂത്വാലിബും ഖദീജ (റ)യും മരണപ്പട്ട വർഷം ദു:ഖ വർഷം എന്നറിയപ്പെടുന്നു.

# 9

# പിറന്ന നാട് വിടുന്നു

ഓരോ ദിവസവും പുതിയ വാർത്തകൾ വന്നു കൊണ്ടിരിക്കുന്നു. ക്രൂര മർദ്ദനത്തിന്റെ ഞെട്ടിക്കുന്ന വാർത്തകൾ.

ലാഇലാഹ ഇല്ലല്ലാഹു

മുഹമ്മദുറസൂലുല്ലാഹ്

പരിശുദ്ധമായ തൗഹീദ്.

അത് ഉച്ചരിച്ചവർക്കെല്ലാം കൊടും മർദ്ദനം. അതിരില്ലാത്ത യാതനകൾ. കണ്ണിൽ ചോരയില്ലാത്ത ക്രൂരൻമാരുടെ കൂടെ എങ്ങനെ ജീവിക്കും!

ജീവിക്കാനാവില്ല. ഒരു വഴി കാണണം. ഒരു വിമോചന മാർഗ്ഗം.

ഹിജ്റ: അതാണ് വിമോചനത്തിന്റെ മാർഗ്ഗം.

ആ മാർഗ്ഗം സ്വീകരിക്കുക. അല്ലാഹുവിന്റെ അനുമതി കിട്ടി.

അനുയായികളോട് മക്ക വിടാൻ നബി (സ) ഉപദേശിച്ചു.

ഒറ്റക്കു പോവാം. ചെറു സംഘങ്ങളായിട്ടു പോവാം. ആരും അറിയരുത് ഇരുട്ടിന്റെ മറവിൽ നാട് വിടാം.

മണലാരണ്യത്തിലൂടെ ദീർഘ യാത്ര.

അതവസാനിക്കുന്നത് യസ്രിബ് എന്ന നാട്ടിൽ.

സമ്പത്ത് കൊണ്ടു പോവാൻ പറ്റില്ല.

ശത്രുക്കളുടെ കണ്ണിൽപ്പെടാതെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യാം. ഒട്ടകക്കൂട്ടം പറ്റില്ല. വിലപിടിച്ച സമ്പത്താണ്. മക്കയിൽ ഒഴിവാക്കേണ്ടി വരും.

ആട്ടിൻ പറ്റമാണ് മറ്റൊരു സമ്പത്ത്. ആരെയെങ്കിലും ഏൽപ്പിച്ചു പോകാം.

വീടും സ്ഥലവും എന്ത് ചെയ്യും?

ബന്ധുക്കളുണ്ടെങ്കിൽ ഏൽപ്പിക്കാം. എന്നെങ്കിലും തിരിച്ചു വന്നാൽ............. തിരിച്ചു കിട്ടിയാലായി.

ചിലർ വാതിലും പൂട്ടിയിറങ്ങി. സൂക്ഷിപ്പുകാരൻ അല്ലാഹുവാണ്.

ചിലർ ഒറ്റക്ക് പോയി. ചിലർ ചെറു സംഘങ്ങളായിട്ടു പോയി.

സൈനബ് (റ) വേദനയോടെ ചിന്തിച്ചു.

തന്റെ അവസ്ഥയെന്താണ്? തനിക്ക് ഹിജ്റയുണ്ടോ? താൻ ഈ മുശ്രിക്കുകളുടെ കൂടെത്തന്നെ കഴിയേണ്ടി വരുമോ?

തന്റെ കാര്യത്തിലും ഒരു തീരുമാനം വരും. അത് വരെ ക്ഷമിച്ചിരിക്കുക തന്നെ.

ഭർത്താവിന്റെ ഉമ്മ ഹാല (റ). അവരുടെ ശബ്ദം തന്റെ ഉമ്മായുടെ ശബ്ദം പോലെയാണ്.അവരുടെ ശബ്ദം കേൾക്കുമ്പോൾ ഉമ്മായെ ഓർമ്മ വരും. പരലോകത്ത് ഉമ്മാക്ക് ഉന്നത സ്ഥാനമുണ്ടെന്ന് ഉപ്പ പറയുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്.

ഇംറാന്റെ പുത്രി മർയം (റ) ഫിർഔനിന്റെ ഭാര്യ ആസ്യ (റ) എന്നിവർക്കൊപ്പമാണ് ഖദീജ (റ)യുടെ സ്ഥാനം.

ഉമ്മായുടെ ഓർമ്മകൾ താലോലിച്ചു കൊണ്ട് രാപ്പകലുകൾ നീക്കുകയാണ് സൈനബ് (റ)

മിക്കവാറും ആളുകൾ മക്കവിട്ടുക്കഴിഞ്ഞു.

അനുജത്തിമാർ പോവുകയാണ്. യസ്രിബിലേക്ക്. റുഖിയ്യ (റ) പോയപ്പോൾ സൈനബ് (റ) വേർപാടിന്റെ ദു:ഖം നന്നായി അനുഭവിച്ചു.

ഉമ്മ വഫാത്തായപ്പോൾ അതിലേറെ ദു:ഖം

ഇപ്പോഴിതാ അനുജത്തിമാർ പോവുന്നു.

അവർ ബന്ധുക്കളോടൊപ്പം പോവുന്നു. ഉപ്പ ഇവിടെയുണ്ടാ

വും.

ഏത് വരെ എന്നറിയില്ല.

കുറെ സാധനങ്ങൾ പെറുക്കിക്കെട്ടി. കൊണ്ട് പോവാൻ ചുമതലപ്പെട്ടവർ വന്നു.

ഉമ്മുകുൽസൂവും ഫാത്വിമയും വേർപിരിയുന്നു.

കരൾ പറിച്ചെടുക്കും പോലെ അവർ അകലുന്നു.

ഒട്ടകക്കട്ടിലിൽ അനുജത്തിമാർ കയറിയിരുന്നു. ഒട്ടകം നീങ്ങിപ്പോയി. ആരുമറിയാതെ ഒറ്റപ്പെട്ടൊരു യാത്ര. മരുഭൂമിയിലെ ഒറ്റയടിപ്പാതയിലൂടെ അനുജത്തിമാർ അകന്നകന്നു പോവുകയാണ്.

വീട്ടിൽ ഉപ്പ ബാക്കിയുണ്ട്. പരിചരിക്കാൻ മൂത്തമകൾ.

ഖുറൈശികൾ പ്രതികാര ദാഹവുമായി നടക്കുകയാണ്.

മക്കായിൽ പല ഗൂഢാലോചനകൾ നടക്കുകയാണ്.

മുഹമ്മദിനെ വധിക്കണം. അതിനുള്ള പദ്ധതി തയ്യാറാക്കുകയാണ്. ആ കൂട്ടരുടെ കൂടെയാണല്ലോ തന്റെ ഭർത്താവുള്ളത്.

കാത്തിരുന്ന നിമിഷങ്ങളെത്തി. ഒരിക്കൽ കൂടി വേർപാടിന്റെ വേദനഅനുഭവിക്കേണ്ടി വന്നിരിക്കുന്നു.

ഉപ്പ പോവുകയാണ്. കല്പന കിട്ടിക്കഴിഞ്ഞു. ഉപ്പായും മകളും. അവർ തൽക്കാലം പിരിയുകയാണ്.

ഓരോരുത്തരായി തന്നെ വിട്ടു പിരിയുകയാണ്. ജീവനെക്കാളേറെ സ്നേഹമാണ് ഉപ്പായോട്. ഉപ്പായുണ്ടെങ്കിൽ എല്ലാം സഹിക്കാം.

ഉപ്പ പോയാൽ? അതോർക്കാൻ വയ്യ.

അന്ന് രാത്രിയിൽ ഉപ്പായുടെ കട്ടിലിൽ കിടന്നത് അലി (റ) ആയിരുന്നു. ഉപ്പായുടെ പച്ചപ്പുതപ്പ് പുതച്ച് നന്നായി ഉറങ്ങി.

രാത്രിയിൽ ശത്രുക്കൾ വീട് വളഞ്ഞു. അവരുടെ കൈകളിൽ തിളങ്ങുന്ന വാളുകൾ.

അതി രാവിലെ ഉപ്പ വാതിൽ തുറന്നു പുറത്ത് വരും. അപ്പോൾ വെട്ടിക്കൊല്ലാം.അതാണ് പദ്ധതി.

രാത്രിയിൽ ഉപ്പ വീട് വിട്ട് പോയി. അതാരും കണ്ടില്ല. അബൂബക്കർ സിദ്ദീഖ് (റ)വിനോടൊപ്പം മക്ക വിട്ടു.

നേരം പുലർന്നു. പുതപ്പ് നീക്കി പുറത്ത് വന്നത് അലി (റ). ഖുറൈശികൾ ഇളിഭ്യരായിപ്പോയി.

എന്തൊരു നാണക്കേടായിപ്പോയി.

അലി(റ)വിന്ന് ചില ചുമതലകൾ നിർവ്വഹിക്കാനുണ്ടായിരുന്നു. രണ്ട് ദിവസങ്ങൾ കൊണ്ട് അതെല്ലാം നിർവ്വഹിച്ചു.

അലി(റ) പോവുകയാണ്.

ഖദീജ(റ) യുടെ വീട്. എത്രയോ വർഷങ്ങളായി അലി(റ) അവിടെയാണ് താമസം.

ഒടുവിൽ അലി(റ)വും അവിടെ നിന്നിറങ്ങിപ്പോയി ആളൊഴിഞ്ഞ വീട്.

മക്കായിലെ ഏറ്റവും വലിയ പണക്കാരിയുടെ വീടാണിത്. എന്തൊരുജനത്തിരക്കായിരുന്നു അവിടെ.

ഉമ്മ വെട്ടിത്തിളങ്ങി നിന്ന കാലം.

അതെല്ലാം ഓർമ്മകളായി.

സൈനബ് (റ) ഭർത്താവിന്റെ വീട്ടിൽ താമസിക്കുന്നു. ഇടക്കിടെ ഉമ്മായുടെ വീട്ടിൽ വരും.

അറിയാതെ കരഞ്ഞു പോവും.

എന്തെല്ലാം ഓർമ്മകളാണ് മനസ്സിൽ തെളിഞ്ഞു വരിക. ഓരോ മുറിയിൽ ചെല്ലുമ്പോഴും ഓർമ്മകളുടെ വേലിയേറ്റമാണ്.

ഉമ്മ കിടന്ന കട്ടിൽ. ഉമ്മ ഉപയോഗിച്ച പാത്രങ്ങൾ. ഉപ്പ ഉപയോഗിച്ച സാധനങ്ങൾ.

എല്ലാവരും പോയി. കിളികൾ പറന്നകന്ന കൂട് പോലെയായി വീട്.

വീടെല്ലാം തൂത്തു വാരി വൃത്തിയാക്കും. സഹായത്തിന്ന് ആരെയെങ്കിലും കൂട്ടും.

എല്ലാം കഴിഞ്ഞു മടങ്ങിപ്പോവും.

ഉമ്മായും ഉപ്പായും മക്കളും സേവകരും ചേർന്നു ജീവിച്ച ആ സുവർണ്ണ കാലം ഇനി തിരിച്ചു വരുമോ?

എങ്ങനെ വരാൻ? എല്ലാവരും അല്ലാഹുവിന്റെ വഴിയിൽ ഇറങ്ങിപ്പോയി. താനിവിടെ ഒറ്റക്കായി.

പ്രിയ ഭർത്താവ് ഇപ്പോഴും ശത്രു പാളയത്തിൽ തന്നെ. അവ

രുടെ പദ്ധതികളൊന്നും വിജയിച്ചില്ല. ഉപ്പായെ പിടികൂടാൻ എന്തെല്ലാം പരാക്രമങ്ങളാണവർ കാണിച്ചത്.

മുഹമ്മദിനെ പിടികൂടുന്നവർക്ക് വമ്പിച്ച ഇനാം പ്രഖ്യാപിച്ചു. സമ്മാനം നേടാൻ പലരും ശ്രമിച്ചു. ഉപ്പാക്ക് അല്ലാഹുവിന്റെ കാവലുണ്ട്.

അല്ലാഹുവിന്റെ കാവലുള്ളവർക്ക് ഒരു ശത്രുവിനേയും പേടിക്കാനില്ല.

ഉപ്പായും അനുജത്തിമാരെല്ലാം യസ്രീബിൽ എത്തിക്കഴിഞ്ഞു. ഉപ്പാക്ക് വൻ സ്വീകരണമാണ് ലഭിച്ചത്. യസ്രീബിന്റെ പേര് തന്നെ മാറിപ്പോയി.

പുതിയ പേര്: മദീനത്തുന്നബി.

നബിയുടെ പട്ടണം.

താനിപ്പോഴും മക്കയിലാണ്. ശത്രുക്കളുടെ മധ്യത്തിൽ. ഭർത്താവിന്റെ സംരക്ഷണമുണ്ട്. വീട്ടിനകത്ത് മതപരമായ കർമ്മങ്ങൾ നിർവ്വഹിക്കാൻ സ്വാതന്ത്ര്യമുണ്ട്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം.

ഖുറൈശികൾ ഗൗരവമായ കൂടിയാലോചനകൾ നടത്തുന്നുണ്ട്. മദീനയിൽ ഇസ്ലാം വളരുകയാണ്. ശക്തി പ്രാപിക്കുകയാണ്. അവിടെ അതിന്ന് തടസ്സങ്ങളില്ല.

മുസ്ലിംകൾ ശക്തി സംഭരിച്ച്, ഒരിക്കൽ മക്കയിൽ തിരിച്ചുവരാം. തങ്ങളോട് പ്രതികാരം ചെയ്തേക്കാം. ആ നിലക്കാണ് ഖുറൈശികളുടെ ചിന്ത പോയത്.

ഭാവിയിൽ വരാനുള്ള വിപത്ത് തടയണം. യുദ്ധം ചെയ്തു മുസ്ലിംകളെ ഉന്മൂലനം ചെയ്യണം.

യുദ്ധം!

ഉപ്പാക്കെതിരെ യുദ്ധം!

സൈനബ് (റ) വിവരമറിഞ്ഞു. അമ്പരന്നു പോയി. ഉപ്പാക്കെതിരെ നടക്കുന്ന യുദ്ധത്തിൽ തന്റെ ഭർത്താവ് പങ്കെടുക്കുമോ?

വല്ലാത്തൊരു ഭീതിയോടെ സ്വയം ചോദിച്ചു പോയി. ഭയന്നത് തന്നെ പിന്നീട് സംഭവിച്ചു.

# 10

# സ്വർണ്ണമാല

ഹിജ്റ: നടന്നിട്ട് ഒരു വർഷമായി.

ഉപ്പയില്ലാത്ത ഒരു വർഷം.

ഉപ്പയെക്കാണാതെ ഒരു വർഷം. തള്ളിനീക്കിയതെങ്ങനെ?

ഉമ്മയില്ല. ഉറ്റവരില്ല. ശത്രുക്കൾ മാത്രം..

ഇത് ഹിജ്റ:യുടെ രണ്ടാം വർഷം.

വിശുദ്ധ റമളാൻ നോമ്പ് നിർബന്ധമാക്കപ്പെട്ട വർഷം.

മദീനയിലെ വിവരങ്ങൾ വല്ലപ്പോഴെങ്കിലുമാണ് സൈനബ് (റ)ക്ക് ലഭിച്ചരുന്നത്.

മക്കയിൽ യുദ്ധസന്നാഹങ്ങൾ നടക്കുകയാണ്. അബൂജഹൽ തന്നെയാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. പ്രമുഖരായ ഖുറൈശി നേതാക്കളെല്ലാം രംഗത്തുണ്ട്.

ഉത്ബത്ത്.

ശൈബത്ത്.

വലീദ്.

അങ്ങനെഎത്രയെത്ര നേതാക്കൾ.

യുദ്ധസന്നാഹങ്ങളുടെ തിരിക്കിലാണ് ഭർത്താവ്.

ഖുറൈശികൾക്കൊപ്പം തന്നെയാണ്.

സൈനബ് (റ)യുടെ മാനസികാവസ്ഥ ആലോചിച്ചു നോക്കൂ......... ഉപ്പായെയും അനുയായികളെയും നശിപ്പിക്കാനുള്ള പുറപ്പാടാണിത്. അതിൽ പങ്കാളിയാണ് ഭർത്താവ്.

ആ ഭർത്താവിനെസ്നേഹിക്കണം. പരിചരിക്കണം.

യുദ്ധം നടക്കും. അത്ര ആവേശമാണ് മക്കയിൽ. വമ്പിച്ച യുദ്ധ ഫണ്ട് ശേഖരിച്ചിട്ടുണ്ട്. ആയുധങ്ങൾ ആവശ്യം പോലെ.

ആയിരം യോദ്ധാക്കൾ.

സഞ്ചരിക്കാൻ കുതിരകളും ഒട്ടകങ്ങളും.

എല്ലാ സാമഗ്രികളും തയ്യാറായി.

മക്ക ആവേശം കൊള്ളുകയാണ്.

എല്ലാം സൈനബ് (റ) അറിയുന്നുണ്ട്.

ഭർത്താവ് യാത്രക്കൊരുങ്ങുന്നു. ആയുധമണിയുന്നു. യാത്ര പറയുന്നു. വീട്ടിൽ നിന്നിറങ്ങുന്നു.

ഭർത്താവിന്റെ പോക്ക് ഭാര്യ നോക്കി നിൽക്കുന്നു.

ഇതെന്തിനുള്ള പുറപ്പാടാണ്?

താനെന്തൊക്കെപ്പറഞ്ഞിട്ടും ഭർത്താവിന്റെ മനസ്സ്മാറിയില്ല. ഖുറൈശികളുടെ വാക്കുകൾക്കാണ് പ്രാധാന്യം .

'ഭാര്യക്കു വേണ്ടി മതം മാറി' എന്ന് പറഞ്ഞ് ഖുറൈശികൾ കളിയാക്കും. അതിന്നവസരം നൽകരുത്.

അങ്ങനെയൊക്കെയാണ് ഭർത്താവിന്റെ ചിന്ത പോകുന്നത്.

മുസ്ലിംകൾ.

അതൊരു ചെറിയ സമൂഹമാണ്.

എണ്ണത്തിൽ കുറവ്. വിഭവങ്ങൾ കുറവ്.

ആയുധങ്ങൾ തീരെ കുറവ്.

കുതിരകളും ഒട്ടകങ്ങളും വളരെക്കുറവ്.

അല്ലാഹവേ........... നിന്റെ സഹായത്തിലാണവരുടെ പ്രതീ

ക്ഷ. നീയവരെ സഹായിക്കേണമേ!

സൈനബ് (റ) കരളുരുകി പ്രാർത്ഥിക്കുകയാണ്.

കൊടും യുദ്ധമായിരിക്കും നടക്കുക. യുദ്ധത്തിൽ തന്റെ ഭർത്താവിനെന്തെങ്കിലും സംഭവിക്കുമോ?

ഓർക്കാൻ കൂടി വയ്യ. സ്നേഹസമ്പന്നനായ മനുഷ്യനാണ്. ഒന്നും സംഭവിക്കരുതേ!

കുറച്ചകലെ ഒരു വീട്ടിൽ ഇത് പോലെ പ്രാർത്ഥിച്ചു കഴിയുന്ന ഒരു ബഹുമാന്യ വനിതയുണ്ട്.

ഉമ്മുൽ ഫള്ൽ (റ).

നബി (സ) തങ്ങളുടെ പിതാവിന്റെ സഹോദരനാണ് അബ്ബാസ്. ഖുറൈശികളുടെ നേതാക്കളിലൊരാളാണ്. യുദ്ധത്തിന്ന് പുറപ്പെട്ടുക്കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യയാണ് ഉമ്മുൽ ഫള്ൽ (റ).

ഭാര്യ മുസ്ലിമാണ്. ഭർത്താവ് ശത്രു പക്ഷത്ത്.

ഖദീജ (റ)യുടെ അടുത്ത കൂട്ടുകാരിയാണ്. ഉമ്മുൽ ഫള്ൽ. ഖദീജ (റ)യിലൂടെയാണ് ഇസ്ലാം മതത്തിലെത്തുന്നത്.

ഒരേ കുടുംബത്തിലെ അംഗങ്ങളായി ജീവിച്ചു.

ഖദീജ (റ) മൂത്തമകളെ പ്രസവിച്ചു കിടക്കുമ്പോൾ ഉമ്മുൽ ഫള്ൽ എത്ര തവണയാണ് ആ വീട്ടിൽ വന്നത്!

സൈനബിനെ കൈകളിലെടുത്ത് ഓമനിച്ചിട്ടുണ്ട്.

അബ്ദുൽ മുത്തലിബിന്റെ കുടുംബത്തിൽ മണവാട്ടിമാരായി വന്നവരാണ് ഖദീജ (റ)യും ഉമ്മുൽ ഫള്ൽ (റ)യും.

ഉമ്മുഫള്ൽ(റ)യും സൈനബ്(റ)യും ഇന്ന് ഒരേ മാനസികാവസ്ഥയിലായി.

ഭർത്താക്കൻമാരുടെ കക്ഷി തോൽക്കണം.

നബി (സ) തങ്ങൾ വിജയിക്കണം.

അതാണവരുടെ ആഗ്രഹം. അതിന്ന് വേണ്ടിയാണവർ പ്രാർത്ഥിക്കുന്നത്. മുസ്ലിംകൾക്ക് അല്ലാഹുവിന്റെ സഹായം ലഭി

ക്കുമന്നവർ ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നുണ്ട്.

അബൂജഹ്‌ലും കൂട്ടരും വമ്പിച്ച ശബ്ദഘോഷത്തോടെ മക്ക വിട്ടു പോയി. അഹങ്കാരത്തിന്റെ വമ്പിച്ച പ്രകടനം.

നേതാക്കളെല്ലാം പോയിക്കഴിഞ്ഞു.

മക്കയിലാകെ ഒരു ശൂന്യത അനുഭവപ്പെട്ടു.

ഉച്ചത്തിൽ സംസാരിക്കുന്ന നേതാക്കളില്ല. ചുറുചുറുക്കുള്ള ചെറുപ്പക്കാരില്ല. എല്ലാവരും പോയിക്കഴിഞ്ഞു.

കനത്തു കെട്ടിയ നിശ്ശബ്ദത.

ഇനി യുദ്ധവാർത്തകൾ വരണം. അപ്പോൾ അന്തരീക്ഷം ചൂടു പിടിക്കും.

വിജയ വാർത്ത അറിയാൻ കാത്തിരിക്കുകയാണ് മക്കയിൽ അവശേഷിക്കുന്നവർ.

സൈനബ് (റ) മദീനയിലെ അവസ്ഥകളെക്കുറിച്ചാണ് ചിന്തിക്കുന്നത്.

മക്കയിൽ നിന്ന് സുശക്തമായ സൈന്യം പുറപ്പെട്ട വിവരം മദീനയിൽ അറിഞ്ഞു കാണുമോ?

പ്രതിരോധ നടപടികൾ തുടങ്ങിക്കാണുമോ?

അനുജത്തിമാരെക്കുറിച്ചോർക്കാത്ത ദിവസങ്ങളില്ല. അവരുടെ സുഖ വിവരങ്ങളറിയില്ല. അബ്സീനിയയിൽ ആയിരുന്ന മുസ്ലിംകൾ മദീനയിൽ എത്തിയതായി കേട്ടു.

മദീനയിൽ യുദ്ധ സജ്ജീകരണങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു. സ്വഹാബികൾ പുറപ്പെടുകയാണ്. റമളാൻ പന്ത്രണ്ടിന്ന്.

ആ സംഘത്തിൽ മുന്നൂറ്റിപ്പതിമൂന്നു പേരുണ്ടായിരുന്നു. റമളാൻ പതിനാറിന്ന് അവർ ബദറിലെത്തി.

ചരിത്ര പ്രസിദ്ധമായ ബദർ യുദ്ധം.

മക്കാപട്ടണം ആകാംക്ഷയോടെ കാത്തിരിക്കുന്നു.

ബദറിൽ നിന്ന് വിജയ വാർത്ത അറിയാൻ

അബൂലഹബ് ഇസ്ലാമിന്റെ കൊടിയ ശത്രുവാണ്. എന്നിട്ടും ബദറിൽ പോയില്ല. ഭീരു.

യുദ്ധ വാർത്ത അറിയാൻ വലിയ ആകാംക്ഷ.

ഉൽകണ്ഠ നിറഞ്ഞ പകലുകൾ

ഉറക്കം വരാത്ത രാവുകൾ.

ബദറിൽ നിന്നാരെങ്കിലും വരണം.

അപ്പോൾ വിവരമറിയാം.

അബൂലഹബിന്റെ വീട്ടിൽ ഒരാളെത്തി.

പ്രഥമ വിവരം റിപ്പോർട്ടു ചെയ്തു.

ബദറിൽ ഖുറൈശികൾ തോറ്റു.

മുഹമ്മദിന്ന് വിജയം.

അബൂലഹബിന്ന് സഹിച്ചില്ല. അവൻ കോപം കൊണ്ട് കലി തുള്ളി.

അബൂജഹലെവിടെ?

യുദ്ധത്തിൽ വധിക്കപ്പട്ടു.

അബൂലഹബ് ഞെട്ടി. മക്കാ പട്ടണം ഞെട്ടി.

പെണ്ണുങ്ങൾ വിലപിക്കാൻ തുടങ്ങി.

ഉത്ബത്ത് എവിടെ?

വധിക്കപ്പെട്ടു.

പിന്നെയും ഞെട്ടൽ. വിലാപം ഉച്ചത്തിലായി.

ശൈബത്തെവിടെ?

വധിക്കപ്പെട്ടു.

വലീദെവിടെ?

വധിക്കപ്പെട്ടു.

ഉമയ്യത്തുബ്നു ഖലഫ് എവിടെ?

വധിക്കപ്പെട്ടു.

മക്കയുടെ ഏറ്റവും മികച്ച എഴുപത് നേതാക്കൾ.

അവരെല്ലാം വധിക്കപ്പെട്ടു.

ഉമ്മുൽ ഫള്ൽ (റ) കാതോർത്തു കാത്തിരുന്നു.

വധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ തന്റെ ഭർത്താവ് അബ്ബാസിന്റെ പേര് പറയുന്നുണ്ടോ?

വധിക്കപ്പെട്ടതിൽ എഴുപത് പേരിൽ തന്റെ ഭർത്താവില്ല. ബദറിൽ നിന്ന് ജീവനും കൊണ്ടോടിയവർ മക്കയിൽ എത്തിക്കൊണ്ടിരിക്കുന്നു.

വിശദമായ വിവരങ്ങൾ വരാൻ തുടങ്ങി.

ഖുറൈശികൾക്ക് അപമാനകരമായ പരാജയം.

നേതാക്കളില്ലാത്ത നാട്.

പൊട്ടിക്കരയുന്ന പട്ടണം.

വധിക്കപ്പെടാത്ത നേതാക്കളെ ബന്ദികളാക്കി.

സൈനബ് (റ) ഉപ്പായുടെ അത്ഭുത വിജയത്തിന്റെ വാർത്തയറിഞ്ഞു. അല്ലാഹു അക്ബർ.

മുസ്ലിംകൾക്ക് അഭിമാനകരമായ വിജയം.

തന്റെ ഭർത്താവിന്റെ സ്ഥിതിയെന്ത്?

വധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആ പേര് പറഞ്ഞു കേട്ടില്ല.

ജീവനോടെ വന്നവർ യുദ്ധ വിശേഷങ്ങൾ പറയുന്നു.

അബ്ബാസ് തിരിച്ചെത്തിയില്ല.

അബുൽ ആസ് തിരിച്ചെത്തിയില്ല.

അവർ ബന്ദികളാക്കപ്പെട്ടുവെന്ന് പിന്നീടറിഞ്ഞു.

ബദറിൽ നിന്ന് ബന്ദികളെ പിടിച്ചു കെട്ടി.

കയറ് കൊണ്ട് കെട്ടി. മദീനയിലേക്ക് കൊണ്ടു പോയി. ബന്ദികളുടെ വിധിയെന്ത്? വധിക്കപ്പെട്ടേക്കാം.

മക്കായിലെ വീടുകളിൽ നിരാശയും ദു:ഖവും നിറഞ്ഞു.

കൂട്ടത്തിൽ അതിശയവും.

ഇത്രയും ധീരൻമാരായ പടനായകൻമാർ എങ്ങനെ വധിക്ക

പ്പെട്ടു.

ദുർബ്ബലരായ മുസ്ലിംകൾ എങ്ങനെ അവരെ വധിച്ചു?

എവിടെയും അതാണ് ചർച്ച.

ബന്ദികളാക്കപ്പെട്ടവരെയോർത്ത് അവരുടെ വീട്ടുകാർ കരയുന്നു. അവരുടെ ജീവൻ രക്ഷിക്കാൻ എന്ത് വഴി.

സൈനബ് (റ)യുടെ ചിന്തകൾക്ക് ചൂടു പിടിച്ചു.

തന്റെ ഭർത്താവ് യുദ്ധത്തടവുകാരനാണ്. തടവു പുള്ളിയെ പീഡിപ്പിക്കുമോ? അടിമയുടെ അവസ്ഥയാണ്.

യുദ്ധത്തടവുകാരെ വധിക്കുകയാണ് പതിവ്.

തന്റെ ഭർത്താവ് വധിക്കപ്പെടുമോ?

തന്റെ ഉപ്പ വധിക്കാൻ കല്പിക്കുമോ?

ഒരെത്തും പിടിയും കിട്ടാത്ത ചിന്തകൾ.

ഉൽക്കണ്ഠ നിറഞ്ഞ രാവുകളും പകലുകളും കടന്നു പോയി.

ഒടുവിൽ മക്കയിൽ വാർത്തയെത്തി.

യുദ്ധത്തടവുകാരുടെ കാര്യത്തിൽ മുസ്ലിംകൾ മാന്യമായ നിലപാട് സ്വീകരിച്ചു.

തടവുകാരെ വധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

മക്കയിലെ ബന്ധുക്കളുടെ ഉൽക്കണ്ഠ നീങ്ങി.

മോചനദ്രവ്യം നൽകി മോചിപ്പിക്കാം.

ഓരോരുത്തരുടേയും സാമ്പത്തിക സ്ഥിതി നോക്കിയാണ് മോചനദ്രവ്യം നിശ്ചയിക്കുക.

സാമ്പത്തികമായി യാതൊന്നുമില്ലാത്ത ചിലരുണ്ട്.

അവർക്ക് എഴുത്തും വായനയും അറിയാം.

മദീനയിലെ കുട്ടികൾക്ക് എഴുത്തും വായനയും പഠിപ്പിച്ചു കൊടുക്കണം. അതാണവരുടെ മോചനദ്രവ്യം. ഒരാൾ പത്ത് കുട്ടികളെ പഠിപ്പിക്കണം.

ഇതൊക്കെക്കഴിഞ്ഞപ്പോൾ കുറേപ്പേർ ബാക്കിയായി.

സാമ്പത്തിക ശേഷിയില്ല. എഴുത്തും വായനയും അറിയില്ല. അവരെ വെറുതെ വിട്ടു.

അബ്ബാസ് നല്ല സാമ്പത്തിക ശേഷിയുള്ള ആളാണ്.

അതിന്നനുസരിച്ച് മോചനദ്രവ്യം നിശ്ചയിച്ചു.

കനത്ത തുകയുമായി മക്കായിൽ നിന്ന് ആൾ വന്നു. മോചിപ്പിച്ചു. പിന്നീട് അബ്ബാ്സ (റ). ഇസ്ലാം മതം സ്വീകരിച്ചു.

അബ്ബാസ് (റ) നേരത്തെ തന്നെ മുസ്ലിമായിട്ടുണ്ടെന്നും ആ സത്യം. രഹസ്യമാക്കി വെക്കുകയായിരുന്നുവെന്നും ഒരഭിപ്രായമുണ്ട്.

മോചനദ്രവ്യം കൊടുത്തയച്ചാൽ തന്റെ ഭർത്താവിനെ വിട്ടയക്കും.

ഓർത്തപ്പോൾ സൈനബ് (റ)ക്ക് ആശ്വാസം.

മോചനദ്രവ്യമായി എന്ത് കൊടുത്തയക്കും?

തന്റെ കൈവശം എന്താണുള്ളത്?

ആര് കൊണ്ട് പോവും?

ഭർത്താവിന്റെ സഹോദരനാണ്. അംറുബ്നു റബീഅ്.

അംറ് മദീനയിലേക്ക് പോവാൻ സന്നദ്ധനായി.

സൈനബ് (റ)യുടെ മാറിൽ അണിഞ്ഞ സ്വർണ്ണമാല.

തന്റെ വിവാഹ സമയത്ത് ഉമ്മ സമ്മാനിച്ച മാല.

വില മതിക്കാനാവാത്ത സമ്മാനം.

എത്രയോ വർഷക്കാലം അത് ഉമ്മ അണിഞ്ഞിരുന്നതാണ്.

ഉപ്പാക്കും ആ മാല ഇഷ്ടമായിരുന്നു.

ആ സ്വർണ്ണമാലയെപ്പറ്റി ആരെല്ലാം സംസാരിച്ചിട്ടുണ്ട്.

അതൊന്നും ഓർത്തിട്ട് കാര്യമില്ല.

ഭർത്താവിനെ മോചിപ്പിക്കണം. അതാണ് ഇപ്പോഴത്തെ അടിയന്തിരാവശ്യം.

ഈ മാലയല്ലാതെ വിലപിടിപ്പുള്ളതൊന്നും തന്റെ കൈവശമില്ല.

മാല ഊരി. പൊതിഞ്ഞു. പൊതി അംറിനെ ഏൽപ്പിച്ചു. അംറ് പോയപ്പോൾ മനസ്സിൽ ആശ്വാസം തോന്നി.

ഉമ്മായുടെ മാല കൊണ്ട് ഇങ്ങനെയൊരാവശ്യം നടക്കട്ടെ.

ദിവസങ്ങൾ കഴിയുമ്പോൾ ഭർത്താവ് ഇങ്ങെത്തും.

ആ ചിന്ത സന്തോഷം നൽകി.

മോചന ദ്രവ്യം നൽകി മോചിതരായ പലരും മക്കയിൽ എത്തിയിട്ടുണ്ട്. അവർ മദീനയിലെ വിശേഷങ്ങൾ പറയുന്നു.

മുസ്ലിംകളുടെ നല്ല പെരുമാറ്റം.

സ്വഭാവ മഹിമ. ബന്ദികളായിരുന്നെങ്കിലും സ്വതന്ത്രരോടെന്ന പോലെ മാന്യമായിട്ടാണ് പെരുമാറിയത്.

നബി (സ) തങ്ങളോട് അനുയായികൾ കാണിക്കുന്ന ബഹുമാനം, സ്നേഹം, മുസ്ലിംകളുടെ സത്യ സന്ധത, നീതിബോധം. സൂക്ഷമത. എല്ലാം പുകഴ്ത്തപ്പെട്ടു.

അംറ്ബ്നു റബീഅ് മദീനയിലെത്തി. നബി (സ) തങ്ങളെ സമീപിച്ചു.

അബുൽ ആസിനെ മോചിപ്പിക്കാൻ വന്നതാണ്. മോചനദ്രവ്യം കൊണ്ട് വന്നിട്ടുണ്ട്.

അംറ് വിനയത്തോടെ അറിയിച്ചു.

നബി (സ) തങ്ങൾ പൊതി തുറന്നു. എന്ത്?

സ്വർണ്ണമാല.

പൊന്നു മോൾ കൊടുത്തയച്ച മോചനദ്രവ്യം.

മാലയിലേക്ക് ഉറ്റു നോക്കി.

പെട്ടന്ന് ഖദീജ (റ) യെ ഓർമ്മ വന്നു.

സുന്ദരിയായ ഖദീജ (റ).

എത്രയോകാലം അവർ കഴുത്തിലണിഞ്ഞ മാലയാണിത്. ഇതവരുടെ സൗന്ദര്യത്തിന്ന് മാറ്റ് കൂട്ടിയിരുന്നു.

ഖദീജ (റ) ഇതണിഞ്ഞ് വരുന്നത് കാണാൻ തനിക്കെന്തൊരു

സന്തോഷമായിരുന്നു!

മൂത്തമോളുടെ വിവാഹ ദിവസം.

അന്ന് ഉമ്മ മോൾക്കൊരു സമ്മാനം നൽകി.

അതാണ് ഇപ്പോൾ മോചനദ്രവ്യമായി വന്ന ഈ മാല. മോൾ ഈ മാലയെ വല്ലാതെ സ്നേഹിക്കുന്നുണ്ട്. ഇതല്ലാതെ മോചനദ്രവ്യമായി കൊടുത്തയക്കാൻ മോളുടെ കൈവശം ഒന്നും കാണില്ല.

ഇതെങ്ങനെ സ്വീകരിക്കും?

എങ്ങനെ മടക്കി കൊടുക്കും?

നബി (സ) തങ്ങളുടെ വിഷമാവസ്ഥ സ്വഹാബികൾ അറിയുന്നു.

നബി (സ) തങ്ങൾ സ്വഹാബികളോട് ചോദിച്ചു.

ഈ മാല സൈനബിന് തന്നെ തിരിച്ചു കൊടുക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?

തീർച്ചയായും ഞങ്ങൾക്കതാണ് ഇഷ്ടം.

മാല തിരിച്ചു കൊടുക്കാം. തടവുകാരനെ വിടുകയും ചെയ്യാം. നബി (സ) മറ്റൊരു കാര്യം ആവശ്യപ്പെട്ടു.

'താങ്കൾ മക്കയിലെത്തിയാലുടനെസൈനബിനെമദീനയിലേക്കയക്കണം.

മനോവേദനയോടെയാണെങ്കിലും അബുൽ ആസ് അത് സമ്മതിച്ചു.

മദീനയിലെ നാളുകൾ. ഒരു പാട് കാര്യങ്ങൾ പഠിക്കാൻ സഹായകമായി.

ഇസ്ലാമിക സംസ്കാരം. അതിന്റെ സവിശേഷതകൾ. അവയെല്ലാം മനസ്സിലാക്കാൻ അബുൽ ആസിന് അവസരം കിട്ടി.

തൗഹീദിൽ അടിയുറച്ച് വിശ്വസിക്കുന്നവരാണ് മുസ്ലിംകൾ.

തൗഹീദ് മനുഷ്യ മനസ്സുകളിൽ നിന്ന് ശിർക്കിന്റെ എല്ലാ അംശങ്ങളും നീക്കിക്കളയുന്നു. മനുഷ്യ മനസ്സുകൾ ശുദ്ധീകരിക്ക

പ്പെടുന്നു.

എന്തൊക്കെ സംഭവിച്ചാലും സത്യം മാത്രമേ പറയൂ.

മക്കയിലേക്ക് മടങ്ങുമ്പോൾ ഒരു ദു:ഖ വാർത്തയുമായിട്ടാണ് പോവുന്നത്.

സൈനബിന്റെ നേരെ ഇളയ സഹോദരി റുഖിയ്യായുടെ മരണം.

ബദ്റിലേക്ക് സൈന്യം നീങ്ങുമ്പോൾ റുഖിയ്യ (റ) രോഗം പിടിപെട്ട് കിടക്കുകയായിരുന്നു.

അത് കാരണം ഭർത്താവ് ഉസ്മാനുബ്നു അഫാൻ (റ) ബദറിലേക്ക് വന്നില്ല. ഭാര്യയെ പരിചരിച്ച് കൂടെ നിൽക്കുകയായിരുന്നു.

മദീനയിൽ വളരെക്കുറച്ച് മുസ്ലിംകൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു.

ബദറിൽ യുദ്ധം നടക്കുന്നു.

മദീനയിൽ റുഖിയ്യ (റ)യുടെ രോഗം വർദ്ധിക്കുന്നു. ബദ്ർ യുദ്ധവിജയം മദീനയിൽ പ്രഖ്യാപിക്കപ്പെടുമ്പോൾ റുഖിയ്യ(റ) വഫാത്തായിക്കഴിഞ്ഞിരുന്നു.

സൈദ് ബ്നു ഹാരിസ് (റ) ആണ് മദീനയിൽ ബദ്ർ വിജയം വിളംബരം ചെയ്തത്.

അപ്പോഴാണ് റുഖിയ്യ (റ) വഫാത്തായതെന്ന് ചില രേഖകളിൽ കാണാം.

അബുൽ ആസ് മക്കയിലേക്ക് മടങ്ങുകയാണ്. മോചനദ്രവ്യം തിരികെ തന്നിട്ടുണ്ട്.

വീട്ടിലെത്തിയ ഉടനെഅത് സൈനബിനെ ഏൽപിക്കാം. തിരിച്ചു കിട്ടുമ്പോൾ സന്തോഷമാകും. കഴുത്തിലണിയും.

നബി (സ) രണ്ടാളുകളെ അബുൽ ആസിന്റെ കൂടെ വിട്ടു. ഒരാൾ സൈദ്ബ്നു ഹാരിസ് (റ). മറ്റൊരാൾ അൻസാരി സഹോദരൻ.

സൈനബിനെ മക്കായുടെ അതിർത്തി കടത്തി വിടണം.

പിന്നെ ഇവർ മദീനയിലേക്ക് കൊണ്ടു പോരും.

രാപ്പകലുകൾ നീണ്ട യാത്ര. മക്കയുടെ അതിർത്തിക്ക് പുറത്തുള്ള ബത്വൻ യഅ്ജജ് എന്ന സ്ഥലത്തെത്തി. സൈദുബ്നു ഹാരിസ് (റ)വും അൻസാരി സഹോദരനും അവിടെ തങ്ങി. അബുൽ ആസ് മക്കയിൽ പ്രവേശിച്ചു.

മൂകമായ മക്കാ പട്ടണം. എല്ലാ മുഖങ്ങളും മ്ലാനമാണ്. തേങ്ങലടങ്ങിയിട്ടില്ല.

പലരേയും കണ്ടു. സംസാരിച്ചു. യാത്ര തുടർന്നു. വീട്ടിലെത്തി. ഭാര്യ കാത്തിരിക്കുന്നു. വിശേഷങ്ങളറിയാൻ തിടുക്കമായി. ദീർഘ യാത്ര കഴിഞ്ഞ് വന്നതാണ്. നല്ല ക്ഷീണം. ആഹാരം കൊടുക്കണം. അതിന്നുള്ള തയ്യാറെടുപ്പായി.

# 11

# മദീന

സൈനബ്(റ) ഗർഭിണിയാണ്. അതിന്റെ ക്ഷീണമുണ്ട്. ഭർത്താവിനെ തിരിച്ചു കിട്ടിയ സന്തോഷം.

അവർണ്ണനീയമായിരുന്നു അത്.

ബദ്റിൽ എഴുപത് ഖുറൈശി പ്രമുഖന്മാരാണ് വധിക്കപ്പെട്ടത്. അവരുടെ ഭാര്യമാർ വിധവകളായിപ്പോയി.

അവർ അലമുറയിട്ട് കരയുകയാണ്.

തന്റെ ഭർത്താവിനെ അല്ലാഹു തിരിച്ചു തന്നു.

ഒരു കുഴപ്പവുമില്ലാതെ മടങ്ങി വന്നിരിക്കുന്നു.

മോചനദ്രവ്യമായി കൊടുത്തയച്ച മാല തിരിച്ചു തന്നിരിക്കുന്നു.

ഉപ്പാക്ക് ഉമ്മായോടുണ്ടായിരുന്ന സ്നേഹം. അത് വിശേഷിപ്പിക്കാൻ വാക്കുകളില്ല.

ആ സ്നേഹം കാരണമാണ് മാല തിരിച്ചു കിട്ടിയത്.

അത് കഴുത്തിലണിയാൻ ഭാഗ്യം കിട്ടി.

അനുജത്തിയുടെ വഫാത്ത്. മനസ്സ് പിടഞ്ഞു പോയി.

അന്ത്യ നിമിഷത്തിൽ ഒരു നോക്ക് കാണാനായില്ല.

എന്ന് തീരും ഈ ദു:ഖം. ഉമ്മുകുൽസുമിനേയും ഫാതിമയേയും എന്നാണൊ ന്ന് കാണാനാവുക?

റുഖിയ മരണപ്പെട്ട് കിടക്കുമ്പോൾ ഫാതിമ കെട്ടിപ്പിടിച്ചു കരയുകയായിരുന്നു. പിടിച്ചുമാറ്റി എടുക്കുകയാണ് ചെയ്തത്. എന്റെ റബ്ബേ...!

സൈനബ്! ഭർത്താവ് വല്ലാത്തൊരു സ്വരത്തിൽ വിളിച്ചു. ഓ....! സ്നേഹ പൂർവ്വം വിളികേട്ടു.

'ഞാൻ ഉപ്പാക്ക് ഒരു വാക്ക് കൊടുത്തിട്ടുണ്ട്'

എന്താണത്?

മക്കയിലെത്തിയ ഉടനെ നിങ്ങളെ മദീനയിലേക്കയക്കാമെന്ന് ഞാൻ വാക്ക് കൊടുത്തു.

സൈനബ്(റ)യുടെ മുഖം വാടി. മനസ്സിൽ ദു:ഖം നിറഞ്ഞു. ഭർത്താവിനെ പിരിയുകയോ? അതല്ലേ ഇപ്പറഞ്ഞതിനർത്ഥം.

അബുൽ ആസ് ദു:ഖത്തോടെ സംസാരിച്ചു.

നിങ്ങളോടൊത്തുള്ള ജീവിതം അതെനിക്ക് മറക്കാനാവില്ല. നിങ്ങളിൽ നിന്ന് ലഭിച്ച നിഷ്കളങ്കമായ സ്നേഹം, അതിന്റെ ഓർമ്മ ഒരിക്കലും മറക്കാനാവില്ല.

നിങ്ങളെക്കുറിച്ചുള്ള ഓർമ്മ ഈ വീട്ടിൽ നിറഞ്ഞു നിൽക്കും.

എന്റെ ജീവിതാവസാനം വരെ ഞാൻ നിങ്ങളെ സ്നേഹിക്കും.

ഉപ്പാക്ക് നൽകിയ വാക്ക് പാലിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. സൈനബ്(റ) കരഞ്ഞു പോയി.

ഇത്രയും കാലം ഒന്നിച്ചു ജീവിച്ചു. ഇനി വേർപിരിയുക. അല്ലാഹുവിന്റെ വിധി സ്വീകരിക്കുക തന്നെ.

ഉപ്പായെയും അനുജത്തിയെയും കണ്ടിട്ട് കാലമെത്രയായി. അവരെ കാണാൻ അവസരം കിട്ടുന്നത് സന്തോഷകരമാണ്.

സന്തോഷത്തിന്നും ദു:ഖത്തിന്നും ഇടയിൽ പെട്ടിരിക്കുകയാണ് സൈനബ്(റ).

ചഞ്ചലപ്പെട്ട മനസ്സ് ശാന്തമായി വരുന്നു.

ഇപ്പോൾ യാത്രയെക്കുറിച്ചാണ് ചിന്ത.

മക്ക വിടുന്നത് എളുപ്പമുള്ള കാര്യമല്ല. മക്ക നിറയെ ശത്രുക്കളാണ്. പ്രതികാര ചിന്തയുമായി നടക്കുകയാണവർ.

അവരറിഞ്ഞാൽ ആപത്താണ്. എങ്ങനെപോവും?

മക്കയുടെ അതിർത്തിക്കപ്പുറം രണ്ട് പേർ തന്നെ കാത്ത് നിൽപ്പുണ്ട്. അവരിലൊരാൾ സൈദുബ്നു ഹാരിസ്(റ) ആകുന്നു.

തങ്ങളുടെ വീട്ടിൽ വളർന്ന കുട്ടി.

ഓർമ്മ വെച്ച നാൾ തൊട്ട് കാണുന്ന ആളാണ്.

ഭർത്താവിന്റെ അനുജനാണ് കിനാന. നല്ല വില്ലാളി വീരനാണ്. ശത്രുവിനെ അമ്പെയ്തു വീഴ് ത്തും. കിനാനയാണ് സൈനബ്(റ)യെ മക്കയുടെ അതിർത്തി കടത്തി വിടുക.

സൈനബില്ലാത്ത ജീവിതം. അതിനെക്കുറിച്ചോർക്കാൻ അബുൽ ആസിന്ന് കഴിയുന്നില്ല.

യാത്ര പുറപ്പെടുകയാണ്. ഒരുക്കങ്ങൾ കഴിഞ്ഞു.

ഇനി യാത്ര പറച്ചിൽ. അതൊരു വല്ലാത്ത പരീക്ഷണം തന്നെ. ഭർത്താവിനോട് യാത്ര പറയാൻ വാക്കുകൾ കിട്ടുന്നില്ല. വളരെ പ്രയാസത്തോടെ യാത്ര ചോദിച്ചു.

അബുൽ ആസ് ദു:ഖത്തോടെ പറഞ്ഞു: ‘ഞാൻ എന്റെ മരണം വരെ നിങ്ങളെ സ്നേഹിക്കും. നിങ്ങളെക്കുറിച്ചുള്ള

ഓർമ്മകൾ ഈ വീട്ടിൽ നിറഞ്ഞു നിൽ ക്കും'

ഭാര്യയും ഭർത്താവും കരഞ്ഞു പോയി. കൂടുതലൊന്നും പറയാൻ കഴിയിഞ്ഞില്ല.

സൈനബ്(റ) ഒട്ടകക്കട്ടിലിൽ കയറി ഇരുന്നു. അകത്തുള്ള ആളെ കാണാൻ കഴിയാത്ത വിധം വിരി തൂക്കി. ഒട്ടകം നിങ്ങി. താൻ താമസിച്ച വീടും പരിസരങ്ങളും അകന്നകന്നു പോവുന്നു.

നടന്നു പോകുന്ന ഒട്ടകത്തെ നോക്കി നിൽക്കുകയാണ് അബുൽ ആസ്. കരൾ പറിച്ചെടുക്കുന്ന ദു:ഖം.

വളരെ രഹസ്യമായിരുന്നു യാത്ര. എന്നിട്ടും ശത്രുക്കൾ വിവരമറിഞ്ഞു. അവർ പ്രതികാര ദാഹത്തോടെ പാഞ്ഞടുത്തു. ദീത്തുവായിൽ വെച്ച് ആക്രമിക്കപ്പെട്ടു. ഹുവാറ്ബ്നു അസ്വദ് എന്ന ഭീകരൻ കുന്തം കൊണ്ട് ഒട്ടകക്കട്ടിൽ കുത്തി വീഴ്ത്തി. നാഫിഉബ്നു അംറ് എന്ന ഭീകരനും ആക്രമിച്ചു.

സൈനബ്(റ) താഴെ വീണു. ഗർഭം അലസിപ്പോയി. ചികിത്സിച്ചു. രകത്മൊഴുകി. കിനാന  അമ്പ് കുലച്ചു. ആക്രമികൾ പിൻവാങ്ങി.

സൈനബ്(റ)വിനെ നാട്ടിലേക്ക് തന്നെ കൊണ്ട് വന്ന് ചികിത്സിച്ചു. കുറെ നാളുകൾക്ക് ശേഷം വീണ്ടും യാത്രയായി. രഹസ്യ യാത്ര. മക്കയുടെ അതിർത്തി കടന്നു.

സൈദ്(റ)വിനെ ഏൽപ്പിച്ച് കിനാന മടങ്ങി.

വളരെ പ്രയാസപ്പെട്ട യാത്ര. ആക്രമത്തിലേറ്റ പരിക്ക് പൂർണ്ണമായി സുഖപ്പെട്ടിട്ടില്ല. ശരീര വേദന ഇടക്കിടെ വരും. ആ വേദനയോടെയായിരുന്നു വഫാത്ത്.

ഹുവാറ്, നാഫിഅ് എന്നീ ആക്രമികളെ നബി(സ) ശപിച്ചു. നിങ്ങളവരെ കണ്ടാൽ വധിച്ചു കളയുക എന്നാണ് കല്പിച്ചത്.

# 12

# ഉപ്പയും മകളും

ആ നിമിഷങ്ങളുടെ തീവ്രത വർണ്ണിക്കാൻ വാക്കുകളില്ല. ഉപ്പായും മകളും കണ്ടുമുട്ടിയ ചരിത്ര നിമിഷങ്ങൾ.

പൊന്നുമോൾ ഉപ്പായെ കെട്ടിപ്പിടിച്ചു.

എങ്ങനെയോ സലാം ചൊല്ലി. പിന്നെ വാക്കുകൾ കിട്ടുന്നില്ല. മനസ്സിൽ കെട്ടിവെച്ചിരുന്ന ദുഃഖം കരച്ചിലായി പുറത്തേകൊഴുകി വന്നു.

ഉപ്പ മകളെ ആശ്വസിപ്പിച്ചു. മനസ്സ് മെല്ലെ മെല്ലെ ശാന്തമായി വന്നു.

അപ്പോൾ പൊന്നുമോൾ മക്കയിലെ അനുഭവങ്ങൾ വിവരിച്ചു. എന്തെല്ലാം അനുഭവങ്ങൾ. കണ്ണീരിന്റെ കഥകൾ.

ഉപ്പ ഭർത്താവിനെ പ്രശംസിച്ചു പറഞ്ഞു.

അവൻ എന്നോട് പറഞ്ഞ വാക്ക് പാലിച്ചു. അവൻ സത്യസന്ധത പുലർത്തി !

സൈനബ്(റ)ക്ക് ആശ്വാസം നൽകിയ വാക്കുകൾ.

സഹോദരിമാരുടെ സംഗമം.

നീണ്ട കാലത്തിന്ന് ശേഷമുള്ള കൂടിക്കാഴ്ച്ച.

ഇത്താത്താ.............

ഉമ്മു കുൽസുവും ഫാത്വിമയും ഇത്താത്തെയെ കെട്ടിപ്പി ടിച്ചു സ്വീകരിച്ചു.

എന്റെ മക്കളേ........

പ്രവാചക പുത്രിമാരുടെ നിറഞ്ഞൊഴുകുന്ന കണ്ണുകൾ.

കുറെ കഴിഞ്ഞപ്പോൾ മനസ്സുകൾ ശാന്തമായി.

എന്ത് മാത്രം വിശേഷങ്ങൾ പറയാനുണ്ട്.

പ്രിയപ്പെട്ട അനുജത്തി റുഖിയ്യ(റ).

അവരെ പറ്റിയാണ് ഇത്താത്താക്ക് അറിയേണ്ടത്.

ഒരുപാട് വേദനകൾ സഹിച്ചാണ് വഫത്തായത്.

റുഖിയ്യാ(റ)ക്ക് ഒരു മകനുണ്ടായിരുന്നു. ഒരേയൊരു പുത്രൻ. എല്ലാവർക്കും പ്രിയങ്കരനായ ഓമന മകൻ അബ്ദുല്ല.

ഒരിക്കൽ ഒരുകോഴി മകനെഅക്രമിച്ചു.

പൂവൻകോഴിയുടെ ശക്തമായ കൊത്ത് കിട്ടി.

ശരീരത്തിൽ മുറിവുണ്ടായി. പഴുത്ത് അബ്ദുല്ല മരണപ്പെ ട്ടു. അന്ന് ആറ് വയസ്സ് പ്രായമാണ്. ഓമന മകന്റെ മരണം റുഖി യ്യ(റ)യെ തളർത്തിക്കളഞ്ഞു. ആറ് വയസ്സുള്ള ചുറുചുറുക്കുള്ള കുട്ടിയായിരുന്നു.

ഉമ്മാ ബാപ്പാമാരുടെ കൺമണി.

വഫാത്തായി, ചലനമറ്റ് കിടക്കുന്ന രംഗം. ആ കാഴ്ച മാതാവിന് ആഘാതമായിമാറി.

അനുജത്തിമാർ കൂടെ തന്നെയിരുന്നു.

ദിവസങ്ങൾ കഴിയും തോറും ഇത്തായുടെ നില മോശമാ യിവന്നു.

ഉപ്പായും കൂട്ടരും മദീന വിട്ടുപോയി.

അവർ ബദ്റിലേക്ക് നീങ്ങി.

കുട്ടികളെല്ലാം നോമ്പെടുക്കുന്നു.

നൊമ്പരപ്പെടുത്തുന്ന ചിന്തകൾ.

ഉപ്പയില്ലാത്ത മദീന.

മസ്ജിദുന്നബവിയിൽ ആൾക്കൂട്ടമില്ല.

വളരെ കുറഞ്ഞ ആളുകൾ മാത്രം. ഉസ്മാൻ(റ) ബദറിൽ പോയില്ല. ഭാര്യ ഈ കിടപ്പ് കിടക്കുമ്പോൾ എങ്ങനെ പോവും.

മക്കളുടെ മനസ്സിൽ ഉൽക്കണ്ഠയായിരുന്നു.

ബദറിൽ എന്ത് സംഭവിക്കും ?

ജൂതന്മാരുടെ അർത്ഥം വെച്ചുള്ള നോട്ടം.

നിഗൂഢമായ പുഞ്ചിരി.

പ്രവാചകരുടെയും കൂട്ടരുടെയും കഥ ബദറിൽ തീരും. അങ്ങനെയാണവർ കരുതിയത്.

അതിന്റെ സന്തോഷമായിരുന്നു മുഖത്ത്.

സൈദ്ബ്നു ഹാരിസിന്റെ ശബ്ദം മുഴങ്ങിക്കേട്ടു. സഹോദരിമാർക്ക് സുപരിചിതമായ ശബ്ദം.

ബദറിലെ വിജയം മദീനക്കാരെ വിളിച്ചറിയിക്കുകയാണ്.

അപ്പോൾ ഇത്താത്തയുടെ റൂഹ് ശരീരം വിട്ട് പോയിക്കഴിഞ്ഞിരുന്നു.

അനുജത്തിമാർ ആ ദിവസത്തെക്കുറിച്ച് അതിശയത്തോടെ സംസാരിച്ചു. ഞങ്ങൾ കടുത്ത ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും മധ്യത്തിലായിരുന്നു.

ഇത്താത്ത മരണപ്പെട്ടതിലുള്ള കടുത്ത ദുഃഖം.

ബദറിൽ വിജയം നേടിയ സന്തോഷം.

ഇത്താത്തയുടെ കഥ കേൾക്കുവാൻ അനുജത്തിമാർ കാത്തിരിക്കുകയായിരുന്നു.

ബന്ധുക്കളുടെ വരവായി. സൈനബ്(റ) കാണാൻ. മുഹാജിറുകളും അൻസാറുകളുമായ വനിതകൾ.

പല പ്രായക്കാർ. പ്രവാചക പുത്രിയുടെ മുഖം കണ്ടതോടെ അവർ ആവേശഭരിതരായി മാറുന്നു.

മുഹാജിർ വനിതകൾക്ക് സൈനബ്(റ) സുപരിചിതയാണ്.

അൻസാരി വനിതകൾ ആദ്യമായി കാണുകയാണ്.

ഒരുപാട് പറഞ്ഞുകേട്ടിട്ടുണ്ട്. ഒരുനോക്ക് കാണാൻ കൊതിയോടെ കാത്തിരിക്കുകയായിരുന്നു.

പ്രവാചക പുത്രിയുടെ മുഖം കണ്ടു. സന്തോഷമായി.

അൽഹംദുലില്ലാഹ്.

റുഖിയ്യ(റ)യുടെ അന്ത്യരംഗം അനുജത്തിമാർ വിവരിച്ചു തന്നു. സൈനബ്(റ)യുടെ മനസ്സിൽ ആ രംഗം തെളിഞ്ഞു നിന്നു. കാണാത്ത രംഗം.

ഇപ്പോൾ കണ്ടത് പോലെയായി.

മനസ്സിന്റെ കോണിൽ ഭർത്താവിന്റെ മുഖം.

വേർപ്പാടിന്റെ വേദനനിറഞ്ഞ മുഖം.

ഇനിയെന്നാണ് കാണുക? അതിന്ന് വിധിയുണ്ടാകുമോ?

മദീനയിലെ ആദ്യ ദിവസം.

കാര്യങ്ങൾ കണ്ട് മനസ്സിലാക്കി വരികയാണ്.

ഉപ്പായുടെ അവസ്ഥയിൽ വന്ന മാറ്റം.

അതാണ് നന്നായി ശ്രദ്ധിച്ചത്.

മക്കായിലായിരുന്നപ്പോൾ ഉപ്പായോട് വളരെ നേരം സംസാരിച്ചിരിക്കാമായിരുന്നു.

ഇവിടെ ഉപ്പാക്ക് സമയമില്ല. എപ്പോഴും തിരക്കാണ്.

ജനമധ്യത്തിലാണ്.

രാജ്യം ഭരിക്കുന്ന ഭരണാധികാരിയാണ്.

മസ്ജിദുന്നബവി. അതിനോട് ചേർന്നുള്ള മുറികൾ. ആ മുറികളിൽ താമസിക്കുന്ന ഭാര്യമാർ.

അവരുടെ ജീവിത ചിട്ടകൾ.

മക്കായിൽ ഇങ്ങനെയൊന്നുമായിരുന്നില്ല.

ഉപ്പായും ഉമ്മായും ഒന്നിച്ചുള്ള താമസം.

സുഖവും ദുഃഖവും അവർ പങ്കുവെച്ചു.

ഉമ്മാക്ക് എപ്പോൾ വേണമെങ്കിലും ഉപ്പായെ കാണാം.

എത്ര വേണമെങ്കിലും സംസാരിക്കാം. മകൾക്കും അങ്ങനെ തന്നെ.

ഇവിടെ നിശ്ചിത സമയത്ത് മാത്രമേ ഓരോ ഭാര്യമാർക്കും നബി(സ) കാണാൻ കഴിയുകയുള്ളു.

ഭാര്യമാരെല്ലാം തന്നോട് വല്ലാത്തസ്നേഹം പ്രകടിപ്പിച്ചു.

ഉമ്മഹാത്തുൽ മുഅ്മിനീൻ. മുഅ്മിനീങ്ങളുടെ ഉമ്മമാർ.

എത്ര ഉന്നതമായ പദവിയാണ്.

ഉമ്മായെ ഓർത്തുപോയി. ഈ പദവിയിലെത്തിയ ആദ്യത്തെ ആൾ തന്റെ ഉമ്മയാണല്ലോ.

ഉമ്മായെപ്പോലെ പ്രവാചകനും ദീനിനും വേണ്ടി കഷ്ടപ്പെടാൻ മറ്റൊരു സ്ത്രീക്കും കഴിഞ്ഞിട്ടില്ലല്ലോ.

ആ ഉമ്മായുടെ മൂത്ത മകളാണല്ലോ ഞാൻ.

ഇത് വരെ ഭർത്താവിന്റെ വീട്ടിലായിരുന്നു ജീവിതം.

ദീനിന് സേവനം ചെയ്യാനുള്ളതാണ് ഇനിയുള്ള ജീവിതം.

തനിക്കെന്താണ് ചെയ്യാൻ കഴിയുക?

നാളുകൾ കഴിയുമ്പോൾ അതെല്ലാം മനസ്സിലാവും.

തന്നെക്കാൾ പ്രായം കുറഞ്ഞ ആഇശ(റ).

അതി ബുദ്ധിമതിയാണ്. അതി സുന്ദരിയും.

ഒരിക്കൽ കേട്ട കാര്യം പിന്നെ മറക്കില്ല.

അത്രയാണ് ഓർമ്മ ശക്തി.

ഓരോ ദിവസവും പഠിക്കുകയാണ്. നബി(സ)ടെ ജീവിതം തന്നെയാണ് പഠനവിഷയം.

മസ്ജിദിൽ നടക്കുന്ന ക്ലാസുകൾ കേൾക്കും.

വിജ്ഞാനത്തിന്റെ അമൂല്യ രത്നങ്ങൾ ശേഖരിക്കും.

ആഇശ(റ) പണ്ഡിത വനിതയായിത്തീർന്നു.

പാണ്ഡിത്യത്തിന്റെ ബഹർ.

സൈനബ്(റ) പഠനം തുടങ്ങി.

തന്റെ ചുറ്റും നടക്കുന്ന കാര്യങ്ങൾ.

അതിൽ നിന്നു തന്നെ പഠിക്കാം. വിലപ്പെട്ട വിവരങ്ങൾ.

ശരീരം വേദന.

അതുകാരണമുള്ള അസ്വസ്ഥതകൾ.

ഭർത്താവിനെക്കുറിച്ചുള്ള ചിന്ത.

അദ്ദേഹം സത്യപാതയിലേക്ക് വരണമെന്ന വലിയ ആഗ്രഹം. ഭര്ത്താവിന് വേണ്ടി എന്ത് മാത്രം പ്രാർത്ഥിച്ചു.

പാതിരാത്രികളിൽ കണ്ണീരിൽ കുതിർന്ന എത്രയെത്ര പ്രാർത്ഥനകൾ നടത്തി.

അല്ലാഹുവേ...! ഈ പാവപ്പെട്ടവളുടെ ആവശ്യം നീ പരിഗ ണിക്കേണമേ !

സർവ്വ ശക്തനായ റബ്ബ്.

ദയാലുവായ റബ്ബ്.

അവൻ തന്റെ വിളികേൾക്കും.നിറഞ്ഞ പ്രതീക്ഷയുള്ള മനസ്സ്. വല്ലപ്പോഴെങ്കിലും വീണുകിട്ടുന്ന സുവർണ്ണാവസരങ്ങൾ.

ഉപ്പായുമായി സംസാരിക്കാൻ കിട്ടുന്ന സന്ദർഭങ്ങൾ.

ഉപ്പയൊന്ന് തലോടിയാൽ, ഒന്നാലിംഗനം ചെയ്താൽ, ഒന്നു പുഞ്ചിരി തൂകിയാൽ, എന്തെങ്കിലുമൊന്ന് സംസാരിച്ചാൽ... തനിക്ക് നിർവൃതിയുടെ വേളയായി.

എല്ലാ ദുഃഖങ്ങളും മാഞ്ഞുപോകും.

വർണ്ണിക്കാനാവാത്ത സന്തോഷവും സമാധാനവും കിട്ടും.

ഹാല(റ)- ഭർത്താവിന്റെ ഉമ്മ. അവർ മദീനയിലുണ്ട്. ഇട ക്കിടെ നബി(സ)യെ കാണാൻവരും.

അവരുടെ ശബ്ദം കേട്ടാൽമതി, നബി(സ) തങ്ങൾ സന്തോഷം കൊള്ളും.

ആരാണ് വന്നത് ഹാലയാണോ?

ഓടിവരും ഹാല(റ)യെ കാണാൻ. ഖദീജ(റ)യുടെ ഓർമ്മ കളാണ് നബി(സ)യുടെ മനസ്സിൽ അപ്പോൾ ഉണർന്നുവരിക. സൈനബ്(റ)യെ സന്തോഷിപ്പിച്ച സന്ദർഭങ്ങളാണവ.

# 13

# അഭയം

എല്ലാവരുടെയും സ്നേഹ ഭാജനമായി സൈനബ്(റ) ജീവിച്ചു വരികയാണ്. ശരീര വേദന വളരെ അസ്വസ്ഥയാക്കിയിരിക്കുന്നു. മരുന്നും വിശ്രമവും വേണ്ടി വന്നു.

ഭർത്താവിനെക്കുറിച്ചു ള്ള ഓർമ്മകൾ മനസ്സിൽ നിന്ന് പോയിട്ടില്ല.

ഭർത്താവിനെ കാണാൻ വല്ലാത്ത മോഹം.

ആ സംസാരം കേൾക്കാൻ മോഹം.

ഉപ്പ ഒരിക്കലും ഭർത്താവിനെ തള്ളിപ്പറഞ്ഞില്ല.

സൈനബ്(റ) ഭർത്താവിന് വേണ്ടി നിരന്തരം പ്രാർത്ഥിച്ചു.

മരുഭൂമിയിൽ തണുത്തു വിറങ്ങലിച്ച പാതിരാത്രികളിൽ അവർ കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു.

എന്റെ റബ്ബേ...എന്നോട് കരുണ കാണിക്കേണമേ... എന്റെ ഭർത്താവിന് ഹിദായത്ത് നൽകേണമേ..

മനസ്സിൽ നിറഞ്ഞ പ്രതീക്ഷയുണ്ട്.

അല്ലാഹു തന്റെ തേട്ടം കേൾക്കും.

മക്കയിൽ അന്തരീക്ഷം മാറി വരികയാണ്.മുസ്‌ലിംകൾ ശക്ത

മായൊരു സമൂഹമാണെന്ന് അവർക്ക് ബോധ്യമായിരിക്കുന്നു. അബുൽ ആസ് അപ്പോഴും അവരുടെ നേതൃ നിരയിൽ തന്നെയുണ്ട്. അവരുടെ വിശ്വസ്തനാണ്.

പലരും വിലപിടിപ്പു ള്ള സാധനങ്ങൾ സൂക്ഷിക്കാൻ അബുൽ ആസിനെ ഏൽപ്പിക്കാറുണ്ട്.

ഭാര്യ പോയ ശേഷം അബുൽ ആസ് ദുഖിതനാണ്. മനസ്സ് കീറി മുറിക്കുന്ന ദുഃഖം.

വീട്ടിലേക്ക് കയറി ചെല്ലുമ്പോൾ ഭാര്യ ഓടി വന്ന് സ്വീകരിക്കുമെന്ന തോന്നൽ വരും.

പെട്ടെന്ന് നിരാശയും ദുഃഖവും തന്നെ കീഴടക്കും.

ഇത് ഭാര്യയില്ലാത്ത വീടാണ്.

കിളി പോയ കൂടാണിത്.

ആഹാരം കഴിക്കുമ്പോൾ സൈനബ് കൂടെയുണ്ടായിരുന്നെങ്കിൽ എന്നാശി ച്ച് പോകും.

അതോടെ ആഹാരം മതിയെന്ന് തോന്നും.

രാത്രി കിടന്നാൽ ഉറക്കം വരില്ല. ഓർത്തോർത്ത് കിടക്കും.

സൈനബിന്റെ മനസ്സ് നിറയെ നിഷ്കളങ്കമായ സ്നേഹമാണ്. അത് തനിക്കറിയാം.

കാലമങ്ങനെ നീങ്ങിപ്പോയി. കച്ചവട യാത്രയുടെ സമയമായി. കച്ചവടച്ചരക്കുകൾ ശേഖരിച്ചു.

അബുൽ ആസ് കച്ചവട സംഘത്തെ നയിക്കുന്നു. ഒരു കൂട്ടം ഖുറൈശി കച്ചവടക്കാർ കൂടെയുണ്ട്.

കൈവശമുള്ള ചരക്കുകൾ ഖുറൈശികളുടെ വകയാണ്.

മരുഭൂമിയിലൂടെ യാത്രാ സംഘം നീങ്ങിപ്പോകുന്നു. അബുൽ ആസ് അധിക നേരവും അഗാധ ചിന്തയിലാണ്. സൈനബില്ലാത്ത ജീവിതം.

അതിനിയും തുടരാൻ വയ്യ.

ഖുറൈശികളുമായുള്ള ബന്ധം

ആ ബന്ധംമൂലം തനിക്ക് സൈനബിനെ പിരിയേണ്ടി വന്നു. തനിക്ക് സൈനബിനെ വേണം.

എങ്കിൽ ഈ ബന്ധം വേണ്ടെന്ന് വെക്കണം.

ഖുറൈശികളുമായുള്ള ബന്ധം ഉപേക്ഷിക്കുകയോ?

അത് തന്നെക്കൊണ്ടാവുമോ?

കച്ചവട സംഘം നീങ്ങുകയാണ്. ശാമിലേക്ക്.

സുദീർഘമായ യാത്രക്ക് ശേഷം അവർ ശാമിലെത്തി. ലോക പ്രസിദ്ധമായ മാർക്കറ്റിൽ കടന്നു ചെന്നു.

ചരക്കുകൾ ഇറക്കി വെച്ചു. പലരാജ്യക്കാരായ കച്ചവടക്കാർ വന്നു. വില പറഞ്ഞു. വില പേശൽ നടന്നു.. കച്ചവടം ഉറപ്പിച്ചു.

ചരക്കുകൾ വിറ്റു തീർന്നു. മക്കയിലേക്ക് വേണ്ട സാധനങ്ങൾ വാങ്ങി. ബാക്കി പണം അബുൽ ആസ് സൂക്ഷിച്ചു വെച്ചു. മടക്ക യാത്ര തുടങ്ങി.

അപ്പോഴും അബുൽ ആസ് അഗാഥമായ ചിന്തയിലാണ്. യാത്രാ സംഘം നീങ്ങിക്കൊണ്ടിരുന്നു.

സൈനബിന്റെ മുഖം മനസ്സിൽ തെളിയുന്നു.

ഓർക്കാപ്പുറത്താണത് സംഭവിച്ചത്. ആക്രമണം. ഒരു സംഘം യോദ്ധാക്കൾ കച്ചവട സംഘത്തെ പൊടുന്നനെആക്രമി ച്ചു.

സാധനങ്ങളെല്ലാം അധീനപ്പെടുത്തി.

കച്ചവടക്കാരെ പിടിച്ചു കെട്ടി. ബന്ദികളാക്കി.

അബുൽ ആസ് സൂ ക്ഷിച്ചു നോക്കി. പരിചയമുള്ള മുഖം.

സൈദ്ബ്നു ഹാരിസ്.

ഇനി രക്ഷയില്ല. പിടിക്കപ്പെട്ടാൽ എന്തും സംഭവിക്കാം.

ഖുറൈശികളുടെ ചരക്കും പണവുമാണ് കൈവശമുള്ളത്. അത് തിരിച്ചു കൊടുക്കണം.

അതിന് ശേഷം തന്നെ വധിച്ചുകൊള്ളട്ടെ. വിരോധമില്ല.

ഖുറൈശികൾക്ക് ചരക്കും പണവും തിരിച്ചു കിട്ടണം. അതെങ്ങിനെ സാധിക്കും?

പിടിക്കപ്പെട്ടാൽ കൊല്ലപ്പെട്ടേക്കാം..

പിടികൊടുക്കരുത്. ഓടി രക്ഷപ്പെടണം.

അബുൽ ആസ് ഓടി. സർവ്വ ശക്തിയും കൊണ്ടോടി.

പിന്നാലെ ചിലർ ഓടി വരുന്നുണ്ട്. പിടികൂടാൻ. പിടി കൊടുക്കാതെ ഓടി.

വഴിയിൽ നല്ല ഇരുട്ടാണ്. പാറക്കൂട്ടങ്ങളുടെ ചെരുവിൽ കൂടി ഓടി. എത്രയോ മണൽ കുന്നുകൾ പിന്നിട്ടു.

കാലുകൾ തളർന്നു. വിയർത്തു കുളിച്ചു. എന്തൊരു ക്ഷീണം. വഴികൾ പരിചയവുമില്ല.

വിശ്രമിക്കാൻ നേരമില്ല. മദീനയുടെ ഏതോ ഭാഗത്ത് എത്തിയിരിക്കുന്നു.

ഒരു മുഖം മനസ്സിൽ തെളിഞ്ഞു നിൽപ്പുണ്ട്.

സൈനബിന്റെ സുന്ദരമായ മുഖം.

മദീനയിൽ തനിക്കുള്ള ഏക പ്രതീക്ഷയാണത്.

സൈനബിന് തന്നെ കൈവെടിയാനാവില്ല.

അഭയം തരും. നല്ല പ്രതീക്ഷയുണ്ട്.

സൈനബിന്റെ വീടെവിടെ?

കണ്ട് പിടിക്കണം.. എങ്ങനെ?

മസ്ജിദുന്നബവി കൺ മുന്നിൽ തെളിയുന്നു.

ചിലരോടൊക്കെ വഴി ചോദിച്ചു. വീടു കണ്ടെത്തി. വാതിലിന് മുന്നിൽ വന്നു നിന്നു. ഹൃദയം വല്ലാതെമിടിക്കുന്നു. വിയർത്തു കുളിച്ചിട്ടുണ്ട്. ഒന്നും പറയാൻ കഴിയാത്ത അവസ്ഥ.

മസ്ജിദിൽ നിന്ന് സുബ്ഹി ബാങ്ക് ഉയർന്നു.

സത്യ വിശ്വാസികൾ വീടുകളുടെ മുൻവാതിൽ തുറന്നു.

പ്രഭാത പ്രാർത്ഥനക്കായി ആളുകൾ പള്ളിയിലേക്ക് പോവാൻ തുടങ്ങി.

വാതിലിൽ മുട്ടി. പ്രതീക്ഷയോടെ  കാത്തു നിന്നു.

വാതിൽ തുറക്കപ്പെട്ടു. ശിരസ്സ് മൂടിയ സ്ത്രീ.

സൈനബ്...ഇത് ഞാനാണ്..നിങ്ങളുടെ അബുൽ ആസ്..

സൈനബ് ഞെട്ടിപ്പോയി.

താങ്കളെങ്ങനെ ഇവിടെയെത്തി? ഈ നേരത്ത്...

അകത്തേക്ക് കയറൂ..ആരും കാണരുത്..

അബുൽ ആസ് അകത്തേക്ക് കയറി. വാതിലടഞ്ഞു.

എന്താണുണ്ടായത്?

ഞാൻ ശാമിൽ നിന്ന് കച്ചവടംകഴിഞ്ഞ് വരികയാണ്. എന്റെ കൈവശമുള്ളത് ഖുറൈശികളുടെ ചരക്കുകളും പണവുമാണ്.

വഴിക്കുവെച്ച് യോദ്ധാക്കൾ ഞങ്ങളെ ആക്രമിച്ചു. ചരക്കുകളും പണവും പിടിച്ചെടുത്തു.

നിങ്ങൾ എനിക്കത് വാങ്ങിത്തരണം. എനിക്കത് ഉടമസ്ഥർക്ക് മടക്കിക്കൊടുക്കണം. എങ്കിലേ മനസ്സിന് സമാധാനം വരൂ.. നിങ്ങളെനിക്ക് അഭയം തരണം..

സൈനബ്(റ) സമാധാനിപ്പിച്ചു. ഞാൻ ആഭയം നൽകാം. ഇതാ ഇവിടെ ഇരിക്കുക. ഭർത്താവിനെ മഹതി ആശ്വസിപ്പിച്ചു.

ഇങ്ങനെയും ഒരു കണ്ടുമുട്ടൽ. പ്രിയപ്പെട്ട ഭർത്താവ് തന്റെയടുക്കൽ അഭയംതേടി വന്നിരിക്കുന്നു.

താനെന്ത് ചെയ്യണം?

അബുൽ ആസ് സം സാരിച്ചു. പൊടുന്നനെയായിരു ന്നു ആക്രമണം. എന്റെ കൂടെയുള്ളവരെല്ലാം പിടിക്കപ്പെട്ടു.ബന്ദികളായി. കൈവശമുള്ള സ്വത്തെല്ലാം പിടികൂടി. ഞാ നെങ്ങനേയോ ഓടി രക്ഷപ്പെട്ടു. എന്നെ കണ്ടാൽ പടികൂടും. ബന്ധനസ്ഥനാക്കും.

സൈനബ്(റ)യുടെ മനസ്സലിഞ്ഞു പോയി.

സുബ്ഹി നിസ്കാരത്തിന്റെ സമയമാണ്.

സൈനബ്(റ) പുറത്തേക്ക് വന്നു. എന്നിട്ട് ഉറക്കെ വിളിച്ച് പറഞ്ഞു: ജനങ്ങളേ, ഞാൻ അബുൽ ആസ് ബ്നു റബീഇന് അഭയം നൽകിയിരിക്കുന്നു.

പള്ളിയിൽ കൂടിയവരെല്ലാം അത് കേട്ടു.

നിസ്കാരം കഴിഞ്ഞ ശേഷം നബി(സ) സ്വഹാബികളോട് ചോദിച്ചു: ഞാൻ കേട്ടത് നിങ്ങളും കേട്ടുവോ?

അല്ലാഹുവിന്റെ റസൂലെ, ഞങ്ങളും കേട്ടു

കേട്ട കാര്യത്തെക്കുറിച്ച് അന്വേഷണമായി. കാര്യം വ്യക്തമായി. അപ്പോൾ നബി(സ) തങ്ങൾ പറഞ്ഞു: നിങ്ങൾ കേട്ടത് ഞാനും കേട്ടു. സൈനബിന് അഭയം നൽകാൻ അവകാശമുണ്ട്. സൈനബ് അഭയം നൽകിയ ആളിന് നാമും അഭയം നൽകുക. ഏതൊരു മുസ്ലിമിന്നും അഭയം നൽകാൻ അവകാശമുണ്ട്. മറ്റുള്ളവർ അത് മാനിക്കണം.

നബി(സ) തങ്ങൾ മകളുടെ സമീപത്തേക്ക് ചെന്നു. കാര്യങ്ങൾ അന്വേഷിച്ചു.

അബുൽ ആസിനെ മക്കയിലേക്ക് പോകാൻ അനുവദിക്കണം. പിടിച്ചെടുത്ത സ്വത്ത് തിരിച്ചു നൽകണം.

നബി(സ) ഇക്കാര്യം സ്വഹാബികളുമായി ചർച്ച ചെയ്തു. അബുൽ ആസിനെ വിട്ടയക്കാനും സ്വത്ത് തിരിച്ചു നൽകാനും തീരുമാനമായി.

സൈനബ്(റ) ഭർത്താവിന് ആഹാരം നൽകി. വിശ്രമിക്കാൻ സൗകര്യം നൽകി.

ഭാര്യ-ഭർത്താക്കന്മാർ എന്ന രീതിയിലുള്ള സമ്പർക്കം പാടില്ലെന്ന് നബി(സ) വിലക്കി.

സ്വത്ത് തിരിച്ചു കിട്ടിയപ്പോൾ അബുൽ ആസിന് സമാധാനമായി. സൈനബ്(റ)യോടു ള്ള സ്നേഹം വർദ്ധിച്ചു.

അവർ അഭയം നൽകിയത് കൊണ്ടാണല്ലോ തനിക്ക് സ്വത്ത്

തിരിച്ചു കിട്ടിയത്.

ഇനി യാത്രയാണ്. സൈനബ്(റ)യുടെ മുഖത്തേക്ക് നോക്കി. അവിടെ ദുഃഖം തളം കെട്ടി നിൽക്കുന്നു. അബുൽ ആസ് യാത്രയായി.

അബുൽ ആസിന്റെ മനസ്സിൽ ചില തീരുമാനങ്ങൾ വന്നു കഴിഞ്ഞിരുന്നു. ഖുറൈശികളുടെ സ്വത്ത് വകകൾ തിരിച്ചേൽപ്പിക്കുക. എന്നിട്ട് കഅ്ബാ ശരീഫിന്റെ മുന്നിൽ ചെന്ന് സത്യസാക്ഷ്യ വചനം വിളിച്ച് പറയുക.

ഖുറൈശികൾ ഞെട്ടട്ടെ. അല്ലങ്കിൽ എതിർക്കട്ടെ. ആക്രമിക്കട്ടെ . വധിക്കട്ടെ. ഇനി അതൊന്നും പ്രശ്നമല്ല.

പോയ കാലം. നഷ്ട കാലമായിപ്പോയി.

സത്യമറിഞ്ഞിട്ടും അതിനൊപ്പം നിന്നില്ല.

ഉമ്മയും ഭാര്യയും സത്യത്തിന്റെ കൂടെപ്പോയി. താൻ ഗോത്ര മാഹാത്മ്യം പറഞ്ഞ് നടന്നു.

തെറ്റപ്പോയി. ദുഃഖവും നിരാശയും മാനഹാനിയും ബാക്കിയായി.

എല്ലാ ജീർണ്ണതകളിൽ നിന്നും മോചനം വേണം. മനസ്സും ശരീരവും ശുദ്ധീകരിക്കണം.

ആത്മാവ് ശുദ്ധമായിത്തീരണം.

അതിനുള്ള വഴി തനിക്കറിയാം. ആ വഴിയേയാണ് ഇനിയുള്ള യാത്ര. സത്യത്തിന്റെ കൂടെ പോവണം. സത്യവാന്മാരോടൊപ്പം ചേരണം.

സമയം വളരെ വൈകിപ്പോയി. ഇനിയും വൈകിക്കൂട.

തൗഹീദിന്റെ തെളിനീർ. അതിന് ദാഹിക്കുകയാണ്.

യാത്രയുടെ വേഗത കൂടി.

# 14

# വേർപാട്

സൈനബ്(റ)വിന്റെ മനസ്സിൽ ചിന്തകൾ ഇതൾ വിടർത്തി.

അബുൽ ആസ്.

തന്റെ പ്രിയ ഭർത്താവ്.

ഭർത്താവിൽ നിന്ന് ലഭിച്ച സ്നേഹവും പരിഗണനയും.

അതൊന്നും തനിക്ക് മറക്കാനാവില്ല.

അദ്ദേഹം ഇരുട്ടിൽ നിന്ന് തൗഹീദിലേക്ക് വരും.

മനസ്സ് നിറയെ പ്രതീക്ഷയാണ്. പ്രാർത്ഥനയാണ്.

നാളുകളങ്ങനെ കടന്ന് പോയ്കൊണ്ടിരുന്നു.

ഒരു ദിവസം അത് സംഭവിച്ചു.

പാതിരാവുകളെ കണ്ണീർ കൊണ്ട് നനച്ച പ്രാർത്ഥനക്ക് ഫലമുണ്ടായി. മൂടിക്കെട്ടിയ മനസ്സ് പെട്ടെന്ന് പ്രകാശിതമായി.

അബുൽ ആസ് വന്നു.

എത്ര പ്രസന്നമായ മുഖം.

കണ്ണുകൾക്കൊന്തൊരു തിളക്കം.

ഇത് ഈമാനിന്റെ പ്രകാശമാണ്.

ഇത് ഹിജ്റയാണ്. മക്കയിൽ നിന്ന് മദീനയിലേക്ക്.

ഖുറൈശികളുടെ സ്വത്തുക്കളെല്ലാം മടക്കിക്കൊടുത്തു. സ്വതന്ത്രനായി.

ഇസ്ലാം സ്വീകരിക്കാൻ തടസ്സങ്ങളൊന്നുമില്ല.

ഖുറൈശികളെ...ഞാൻ നിങ്ങൾക്കെന്തെങ്കിലും തരാ

നുണ്ടോ?

ഖുറൈശികളോട് അബുൽ ആസ് വിളിച്ചു ചോദിച്ചു.

ഇല്ല, ഞങ്ങളുടെ സ്വത്തുക്കളെല്ലാം തിരിച്ചു തന്നു.

ഇപ്പോൾ ഞാൻ സ്വതന്ത്രനല്ലേ?

അതെ സ്വതന്ത്രനാണ്.

എന്നാൽ അറിഞ്ഞു കൊള്ളുക. ഞാൻ സത്യ സാക്ഷ്യ വഹിച്ചു കഴിഞ്ഞു.

അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് വഅശ്ഹദു അന്ന മുഹ മ്മദസൂലുല്ലാഹ്.

ഖുറൈശികൾ ഞെട്ടി. എന്താണ് കേട്ടത്? വിശ്വസിക്കാനാ വുന്നില്ല.

അബുൽ ആസ് പ്രഖ്യാപിച്ചു.

ഞാനിതാ പോവുകയാണ്. മദീനത്തേക്ക്. ആരാണ് എന്നെ തടയുക? ഞാനൊന്ന് കാണട്ടെ.

അബുൽ ആസ് പുറപ്പെട്ടു കഴിഞ്ഞു.

പരസ്യമായ പുറപ്പാട്. ഖുറൈശികൾ അമ്പരപ്പോടെ ആ പോക്ക് നോക്കി നിന്നു.

ഇപ്പോൾ മനസ്സിലൊന്നോയുള്ളു. തൗഹീദ്.

തൗഹീദിന്റെ വെളിച്ചം. ആ വെളിച്ചം തന്നെ നയിക്കുന്നു.

ആ വരവാണിത്.

സൈനബ്(റ)വിന്റെ വീട്ടിലേക്ക് കയറി ചെന്നു.

സൈനബ്(റ)വിനോടൊപ്പം ദാമ്പത്യ ജീവിതം നയിക്കണം.

അതിന് നബി(സ) തങ്ങൾ വഴിയൊരുക്കിത്തരണം.

അതാണ് അബുൽ ആസിന്റെ ആവശ്യം.

നബി(സ) തങ്ങൾ വന്നു ചേർന്നു.

മദീനയിൽ വാർത്ത പരന്നു.

സൈനബ് ഒരു ദുഃഖ ബിന്ദുവായി മദീനയുടെ മനസ്സിൽ നിലനിൽക്കുകയാണ്.

അബുൽ ആസിന്റെ വരവോടെ അത് സന്തോഷമായി മാറി.

സൈനബ്(റ)വിന്റെ മുഖം തെളിഞ്ഞു. എല്ലാവർക്കും സന്തോഷമായി.

ഇസ്‌ലാമിക ചിട്ടയിൽ വിവാഹിതരായി.

ഭാര്യ-ഭർത്താക്കന്മാരായി.

ഇളം ദമ്പതികളുടെ മനസ്സായി.

തൗഹീന്റെ പൂന്തോട്ടത്തിൽ പാറിപ്പറന്നു കളിക്കുന്ന ഇണക്കിളികൾ.

ശാന്തിയും സമാധാനവും നിറഞ്ഞ ദാമ്പത്യ ജീവിതം.

അബുൽ ആസ് കുറ്റ ബോധത്തോടെ ചിന്തിച്ചു. ഇസ്‌ലാമിന് വേണ്ടി ഒരു സേവനവും ചെയ്യാൻ ഇതു വരെ കഴിഞ്ഞിട്ടില്ല.

ഇനിയുള്ള ജീവിതം ഇസ്‌ലാമിന് വേണ്ടിയാണ്.

രണാങ്കണത്തിൽ പടവാളെടുത്ത് പൊരുതണം.

ശിർക്കിനെതിരെ ആഞ്ഞടിക്കണം.

തന്റെ ജീവിതം അല്ലാഹുവിന്റെ വഴിയിൽ സമർപ്പിച്ചു കഴിഞ്ഞു.

തങ്ങളുടെ ഓമനകൾ.

അലിയും ഉമാമത്തും.

അവരെ വാത്സല്യത്തോടെ വളർത്തിക്കൊണ്ട് വന്നു.

ഹിജ്റ:യുടെ അഞ്ചാം വർഷം.

സൈനബ്(റ)വിന് ശരീര വേദന അനുഭവപ്പെട്ടു.

പഴയ വീഴ്ചയുടെ വേദന പൂർണ്ണമായി വിട്ട് മാറിയിട്ടില്ല. ഇടക്കിടക്ക് വേദന വന്നുകൊണ്ടിരിക്കും.

ഇപ്പോഴിതാ കടുത്ത വേദന വന്നിരിക്കുന്നു.

എല്ലാം ഇതോടെ തീരുകയാണോ?

മക്കളെ കണ്ട് കൊതി തീർന്നില്ല.

ഭർത്താവിനെ പരിചരിച്ച് മതിയായില്ല.

ഉമ്മയെ ഓർമ്മ വന്നു. തന്റെ പ്രിയപ്പെട്ട ഉമ്മ.

ഖദീജാ ബീവി(റ).

ഉമ്മയുടെ മരണം നല്ല ഓർമ്മയുണ്ട്.

ഇന്നലെ നടന്ന പോലെ. താൻ മൂത്ത മകളായിരുന്നവല്ലോ...

ഉമ്മയുടെ ലോകത്തേക്ക് പോകാൻ സമയമായിരിക്കുന്നു.

നബി(സ) തങ്ങൾ കടന്ന് വന്നു.

മകളുടെ മുഖത്തേക്ക് വാത്സല്യത്തോടെ നോക്കി.

പ്രിയ പുത്രിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

മുഖത്ത് വേദന തളം കെട്ടി നിൽക്കുന്നു.

ഉപ്പ മകളെ ആശ്വസിപ്പിച്ചു.

ആ വാക്കുകൾ കാതുകളിലൂടെ മനസ്സിലേക്ക് ഒഴുകിയെത്തി. എന്തൊരാശ്വാസം.

ഖൽബ് ശാന്തമായി. മുഖം തെളിഞ്ഞു. ഈമാനിന്റെ പ്രകാശം പടർന്നു.

റൂഹ് വിടപറയുകയായി.

ഉപ്പയാണ് തൗഹീദിലേക്ക് വിളിച്ചത്.

ഉമ്മയാണ് ആ വിളി ആദ്യമായി സ്വീകരിച്ചത്.

ഉമ്മയുടെ പിന്നാലെ മകളും വരാൻ തിടുക്കം കാണിച്ചു.

സൈനബ്(റ) ഇസ്‌ലാം മതം സ്വീകരിച്ചെങ്കിലും അബുൽ ആസ് ഖുറൈശികൾക്കൊപ്പം നിന്നു.

പിന്നെ ഖൽബ് എരിയുകയായിരുന്നു.

ജീവിത യാത്രയുടെ അവസാന ഘട്ടത്തിൽ ഭർത്താവ് കൂടെയെത്തി. സന്തോഷത്തിന്റെ തിരിനാളം തെളിഞ്ഞു.

സ്വഹാബി വനിതകൾ ചുറ്റിലും കൂടി നിൽക്കുന്നു. പ്രവാചക പുത്രിയെ യാത്ര അയക്കുകയാണ്.

പതിയെ എല്ലാം അവസാനിച്ചു.

പുണ്യ വചനം മൊഴിഞ്ഞു. റൂഹ് യാത്രയായി.

സൈനബ്(റ) വഫാത്തായി. ഹിജ്റ എട്ടാം വർഷമാണത്.

മയ്യിത്ത് കുളിപ്പിക്കുന്ന വനിതകൾക്ക് നബി(സ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകി.

ഉമ്മു അതിയ്യ(റ) കുളിപ്പിച്ച രീതി പിന്നീട് വിശദീകരിക്കുകയുണ്ടായി. അത് ചരിത്രത്തിന്റെ ഭാഗമായി മാറി.

നബി(സ) തങ്ങൾ പറഞ്ഞു: സൈനബിനെ മൂന്ന് തവണ കുളിപ്പിക്കുക. അവസാനത്തതിൽ കാഫൂർ ഉപയോഗിക്കുക.

ദുഃഖിതനായിരിക്കുന്ന അബുൽ ആസ്വിനെ പലരും ശ്രദ്ധിക്കുന്നു.

മക്കളെ കെട്ടിപ്പിടിച്ച് കരയുന്ന അബുൽ ആസ്(റ).

അലിയും ഉമാമത്തും.

ഉമ്മ നഷ്ടപ്പെട്ട മക്കൾ.

മഹത്തായ ജന്നത്തുൽ ബഖീഅ്. അവിടെ ഖബർ തയ്യാറാക്കി.

ജനാസ നിസ്കാരത്തിന്ന് നബി(സ) തങ്ങൾ നേതൃത്വം നൽകി.

ജനാസ കൊണ്ടു പോകുന്നു. ജന്നത്തുൽ ബഖീഇലേക്ക്. ഖബറടക്കൽ കർമ്മം നിർവ്വഹിക്കപ്പെട്ടു.

സൈനബ്(റ) ഓർമ്മയായി.

ഖബറടക്കൽ കർമ്മം നടക്കുമ്പോൾ നബി(സ) വളരെ ദുഃഖിതനായിരുന്നു.

പിന്നീട് നബി(സ) പറഞ്ഞു: ഞാൻ സൈനബ് സഹിച്ച വേദനകൾ ഓർത്തു പോയി. എനിക്ക് വല്ലാത്ത പ്രയാസമായി. ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചു: അല്ലാഹുവേ, ഖബ്റിന്റെ ഞെരുക്കൽ സൈനബിന് ലഘൂകരിച്ച് കൊടുക്കേണമേ....

കാലം താലോലിക്കുന്ന ഓർമ്മയാണ് സൈനബ്(റ). പരലോകത്ത്, സ്വർഗ്ഗത്തിലെ ആരാമത്തിൽ അവരെ കണ്ടെത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.